പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

നവംബർ 2024



# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**Pisharody's Veg. Restaurant**
Near Toll Plaza, Paliyekkara
Mob : 9544276600



**Pisharody's Convention Centre**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**Pisharody's Veg. Restaurant**
Mele Manjalungal, Pattambi
Mob : 9544906600




**Pisharody's Veg. Restaurant**
Near Town Police Station, Guruvayur
Mob : 9544256600




**Pisharody's Heritage**
26th Mile, Kavalappara,
Mob : 9544796600




**Pisharody's Restaurant**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**Pisharody's Restaurant**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur
97 444 777 66, 95 446 06 600 pisharodyrsunu@gmail.com

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2024 നവംബർ**

**പുഷ്പം 45 / ദളം 8**

**1200 തുലാം–വൃശ്ചികം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


> **"അകലെ വസിയ്ക്കുമ്പോഴും**
> **അകമലരിൽ കരുതേണം**
> **അമ്പലമണിതൻ നാദം**
> **'തുളസീദള' സൌരഭ്യം"**

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്....................................4

പ്രതിഫലനം – വൈരാഗ്യമേവാഭയം....................6
എ.പി. സരസ്വതി

ലേഖനം – സൈബർ ലോകത്തെ കുറുക്കുകൾ.......7
രാജഗോപാലൻ ആനായത്ത്

അഭിമുഖം – സി. രാധാകൃഷ്ണൻ.....................12
സുരേഷ്ബാബു വിളയിൽ

ബാലസമാജം – Our Onam Holidays...........18
അനയ സുധീർ പിഷാരോടി

ബാലസമാജം – ശിശുദിന ചിത്രങ്ങൾ.................20

കഥ – സ്മൃതിപഥങ്ങൾ............................23
ഇ.പി. ഉണ്ണിക്കണ്ണൻ

കവിത – എന്റെ ഗ്രാമം................................25
പ്രസന്ന ലക്ഷ്മി

ലേഖനം – മാഷേ....................................26
ചെറുകര വിജയൻ

കഥ – ദൈവത്തിന്റെ സ്വന്തം നാട്....................28
ഷീബ ദേവദാസ്

ഭക്തി – ദേവീ മാഹാത്മ്യത്തിലൂടെ...................33
എ. തുളസി, തൃപ്രയാർ

ഭക്തി – ശ്രീ കുറുമാമ്പറ്റ അഞ്ചുമൂർത്തി സ്തോത്രം..35
സമ്പാ: രാമകൃഷ്ണപിഷാരോടി

കഥ – ജീവിത സായാഹ്നത്തിലെ പുതിയ ഒരേട്.....36
ഐശ്വര്യ യു., നെല്ലുവായ്

വൈവാഹികം.......................................37

യാത്ര – രജ്പുത്താന..............................38
മുരളി ആനായത്ത്

ചരിത്രത്തിലൂടെ –
അഖില കേരള പിഷാരോടി സമാജം റിപ്പോർട്ട്.......40
സമ്പാ: അരവിന്ദാക്ഷൻ സേലം

PP & TDT വാർഷിക പൊതുയോഗ റിപ്പോർട്ട്......42

ശാഖാവാർത്തകൾ..................................43

ആദരാഞ്ജലികൾ.................................50

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# അരുത് മക്കളേ... ഭക്ഷണം കഴിക്കരുത്

**അ**ടുത്ത കാലത്ത് പുറത്തു വന്ന ഒരു പഠന ഫല വാർത്ത നമ്മൾ ഏവരെയും ഞെട്ടിക്കുന്നതാണ്. കുട്ടികളിലും യുവജനങ്ങളിലും ക്യാൻസർ പടരുന്നു എന്ന വാർത്ത. അതിന്റെ പ്രധാന കാരണമായി കണ്ടെത്തിയിരിക്കുന്നത് നമ്മളിൽ വളരുന്ന പുതിയ ഭക്ഷണ സംസ്കാരമാണത്രേ. ഭക്ഷണം ഒരു സംസ്കാരമാണോ? ആണെന്ന് തന്നെ പറയേണ്ടിവരും. ഓരോ ദേശത്തിനും അതിന്റേതായ ഭക്ഷണ രീതിയുണ്ട്. നമ്മുടെ കൊച്ചു കേരളത്തിൽ തന്നെ ദക്ഷിണ, മദ്ധ്യ, ഉത്തര ദേശങ്ങളിൽ പൊതുവായ ഭക്ഷണം ദോശ, ചോറ്, കറികൾ എന്നിവയിലൊക്കെ രുചി വ്യത്യാസങ്ങൾ കാണാം. അതായത് രുചി അറിഞ്ഞാൽ ദേശം തിരിച്ചറിയാം എന്നർത്ഥം. എന്നാൽ രുചി ഭേദങ്ങൾക്കപ്പുറം പഴയകാല ഭക്ഷണവും ഭക്ഷണ രീതികളും ആരോഗ്യദായകമായിരുന്നു എന്നത് സത്യം. പഴയ തലമുറയോട് ഉദാഹരണമേതെന്ന് ചോദിച്ചാൽ അവർ ആദ്യം പറയുക പഴങ്കഞ്ഞിയെപ്പറ്റിയാണ്. ഇപ്പോൾ പുത്തൻ ആരോഗ്യ ശാസ്ത്രം പുകഴ്ത്തുന്നതും ഇതേ പഴങ്കഞ്ഞിയുടെ മഹത്വത്തെ പറ്റി തന്നെ. കൂട്ടത്തിൽ തമാശക്ക് വേണമെങ്കിൽ പറയാം പഴയ തലമുറയുടെ ആരോഗ്യ രഹസ്യം പട്ടിണിയാണ് എന്ന്. അതോടൊപ്പം എല്ലു മുറിയെ എന്ന വിശേഷണത്തോട് കൂടിയ കഠിനാദ്ധ്വാനവും.

പക്ഷെ കറങ്ങി വന്ന കാല ചക്രം എല്ലാം തിരുത്തുകയാണ്. പുതിയ തലമുറയിൽ ശാരീരിക അദ്ധ്വാനം എന്നത് എന്തെന്നറിയാത്തവരാണ് ഭൂരിഭാഗവും. പഴയ തലമുറ ഹൃദയത്തോട് ചേർത്ത് പണിയെടുത്ത വയലേലകൾ ഇന്ന് എല്ലാവർക്കും ഗൃഹാതുരത്വ പ്രഭാഷണങ്ങൾക്കും കവിതാ, ഗാനങ്ങൾക്കും മാത്രമുള്ളതായി. നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയെ എന്ന് പാടിപ്പുകഴ്ത്തിയിരുന്ന ആ പൈങ്കിളി ഇവിടെ നിന്നും പറന്നു പോയി തമിഴ് നാടടക്കമുള്ള ദേശങ്ങളിൽ കൂടുറപ്പിച്ചു. അവിടത്തെ വയലേലകളിൽ വിളയുന്ന (മിക്കതും വിഷം ചേർന്നത്) അന്നവും ഫലങ്ങളും ഇവിടത്തെ തീൻമേശകൾക്ക് പ്രിയപ്പെട്ടതായി.

ഇന്ന് കേരളത്തിലെ മാത്രം അവസ്ഥയെന്തെന്ന് കാണുക. റോഡരികിൽ ഇഷ്ടം പോലെ തട്ടുകടകൾ, വൈകുന്നേരം മാത്രം തുറക്കുന്നവ അതിലേറെ വരും. പഴയ തലമുറ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പുത്തൻ ഭക്ഷണ പദാർത്ഥങ്ങൾ അവിടെ ഇഷ്ടം പോലെ. ഉച്ചയൂണ് എന്നത് പിസയും ബർഗ്ഗറും സാന്റ്വിച്ചും കുഴിമന്തിയുമൊക്കെയായി. കുടിക്കാൻ ചുക്കുവെള്ളം എന്നത് കോളയുമായി. രാവിലെ 11 മണിക്കോ അതിനു ശേഷമോ കഴിക്കുന്ന പ്രഭാത ഭക്ഷണം എന്നത് ബ്രെഡ്ഡും ജാമും ചീസും ഒക്കെയായി തീർന്നു. അത്താഴമാകട്ടെ രാത്രി 11 ന് ശേഷം മേൽപ്പറഞ്ഞ തട്ടുകടകളിലെ മോഡേൺ ഭക്ഷണവും. പഴയ കാല രുചികൾ അപ്രത്യക്ഷമാവുകയാണ്. പകരം കൃത്രിമ രുചിക്കൂട്ടുകൾക്ക് പ്രിയമേറുകയും ചെയ്യുന്നു. മുമ്പേ സൂചിപ്പിച്ചത് പോലെ ദേശങ്ങൾക്കനുസരിച്ചുള്ള രുചി വ്യത്യാസങ്ങൾ ഇല്ലാതാവുകയും പകരം എല്ലായിടത്തും ഒരേ രുചി ആവുകയും ചെയ്തു.

ഈയിടെ ടൗണിൽ കണ്ട ഒരു കാര്യം പങ്ക് വെക്കുന്നു. റോഡരികിൽ ഒരു നാൾ ഒരു വാൻ വന്നു നിൽക്കുന്നു. അതിൽ നിന്നും രണ്ട് ടേബിളുകൾ, കുറച്ചു കസേരകൾ പുറത്തിറക്കുന്നു. ഒപ്പം ഉയർന്ന വോള്യത്തിൽ സംഗീതം, വാനിൽ തന്നെ മുമ്പേ പറഞ്ഞ മോഡേൺ ഭക്ഷണങ്ങൾ, പാനീയങ്ങൾ, ഭക്ഷണ ശേഷം വേണമെങ്കിൽ കൈ തുടക്കാൻ ടിഷ്യു പേപ്പറുകൾ. ഇന്ന് അവിടെ നല്ല തിരക്കാണ്. തുറക്കുന്നത് വൈകീട്ട് 4 കഴിഞ്ഞ്. രാത്രി രണ്ട് മണി വരെയൊക്കെ തുറന്നിരിക്കും എന്നാണറിഞ്ഞത്.

ഇനിയും പറയാനേറെയുണ്ട്. നമ്മുടെ നാടിന്റെ ആരോഗ്യദായക ഭക്ഷണങ്ങൾ എല്ലാം മറയുകയാണ്. പകരം മറ്റു രാജ്യക്കാരുടെ ഭക്ഷണ ശീലങ്ങൾ നമ്മുടേതായി മാറുകയാണ്. അല്ലെങ്കിൽ ആ ഭക്ഷണ സംസ്ക്കാരം നമ്മൾ പോലുമറിയാതെ നമ്മെ വരിഞ്ഞു മുറുക്കുകയാണ്. ആ നാടുകളുടെ പ്ര

കൃതീ സവിശേഷതകൾ നമ്മളിൽ നിന്നും വളരെ വ്യത്യസ്തമാണ് എന്നും നമ്മുടെ ആവാസ വ്യവസ്ഥക്ക് അതു യോജിക്കുന്നതാവണമെന്നില്ല എന്നതും നമ്മൾ മറക്കുന്നു. ഫലം നാവിനേറെ പ്രിയമാവുന്ന പുത്തൻ ഭക്ഷണ ക്രമങ്ങളും രീതികളും പക്ഷെ വയറിന്റെ ശത്രുവായി തീരുന്നു.

പുത്തൻ ഭക്ഷണങ്ങൾ വല്ലപ്പോഴും പരീക്ഷിക്കാനേ കൊള്ളൂ എന്നറിയുക. അതു നിത്യമാവുമ്പോൾ, അതോടൊപ്പം ശാരീരിക അദ്ധ്വാനം ഇല്ലാതെയും ആവുമ്പോൾ സ്വഭാവീകമായും ശരീരം അതിനെ പ്രതിരോധിക്കാനുള്ള വഴികൾ തേടും. ഇന്ന് തട്ടുകടകൾ പോലെ തന്നെ പുതിയ ആശുപത്രികളും ഉണ്ടാകുന്നുണ്ട് എന്നത് പകൽ പോലെ സത്യം.

നമുക്ക് വേണ്ടത് നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യമായ ഭക്ഷണ രീതി തന്നെയാണ്. അതെന്താണെന്ന് വ്യക്തമായി അറിഞ്ഞ് പാകപ്പെടുത്തിയ നമ്മുടെ മുതു മുത്തശ്ശന്മാരോട് മനസ്സ് കൊണ്ട് നന്ദി പറയണം. നൂറു വയസ്സിനും അതിനു മേലെയുമുള്ള അവരുടെ ആയുർദൈർഘ്യങ്ങൾ പുതിയ തലമുറക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ് എന്നറിയുക.

വയർ അറിയുന്ന, വയറിനെ അറിയുന്ന നാടൻ ഭക്ഷണങ്ങൾ ശീലമാക്കുക. അതു കൃത്യസമയത്ത് തന്നെ കഴിക്കുക. അത്രമാത്രം.

ഒക്ടോബറും വിട പറഞ്ഞു. ഒന്നാം തീയതിയിലെ കേരളപ്പിറവി ദിനത്തോട് കൂടി ആരംഭിക്കുന്നു കുട്ടികളുടെ പ്രിയപ്പെട്ട ഈ നവംബർ. എങ്ങും ശിശു ദിനാഘോഷങ്ങൾ. പതിവ് പോലെ തുളസീദളം കുട്ടികളുടെ പ്രത്യേക വിഭവങ്ങളുമായെത്തുന്നു. നവംബറിൽ തന്നെ വൃശ്ചിക മാസാരംഭം. കറുപ്പണിയുന്ന മലയാളത്തിന്റെ മണ്ണിൽ അയ്യപ്പ ശരണം വിളികളുയരുകയായി. എല്ലാവർക്കും ആനന്ദവും പുണ്യവും നൽകുന്ന നവംബർ ആശംസിക്കുന്നു.

**പത്രാധിപസമിതി.**

# ലോക തപാൽ ദിനത്തിൽ ദേവകിക്കുട്ടി പിഷാരസ്യാർക്ക് ആദരം



**സ്റ്റാ**മ്പ് ശേഖരണം മുതൽ പല തരം ശേഖരണങ്ങൾ നാം കേട്ടിട്ടുണ്ട്. എന്നാൽ ആറര പതിറ്റാണ്ട് മുതലുള്ള കത്തുകൾ ശേഖരിച്ച് വെച്ച് ലോക തപാൽ ദിനത്തിൽ ആദരം നേടിയിരിക്കുകയാണ് ഒരു പിഷാരസ്യാർ. തിരുനാവായ കിഴക്കേപാട്ട് പിഷാരത്ത് ദേവകിക്കുട്ടിയാണ് ആദരം ഏറ്റുവാങ്ങിയത്. ഇവരുടെ വസതിയിൽ സൂക്ഷിച്ചു വരുന്നതും, ഭർത്താവ് പരേതനായ പെരുമ്പിലാവിൽ പിഷാരത്ത് സേതുമാധവ പിഷാരടി (പി.എസ്. പിഷാരടി) യുടെ കൈവശത്തിൽ ഉണ്ടായിരുന്നതുമായ 1961 മുതലുള്ള കത്തുകളും മറ്റു രേഖ ഇടപാടുകളും ഉൾപ്പെടുന്ന വലിയൊരു ശേഖരമാണ് ഇവർ സൂക്ഷിച്ചു വരുന്നത്. അന്യം നിന്ന് പോവുന്ന പോസ്റ്റ് കാർഡുകൾ ഉൾപ്പെടെ അമൂല്യമായ ധാരാളം തപാൽ ഉരുപ്പടികളുടെ ശേഖരങ്ങളാണ് ഇവരുടെ കൈവശമുള്ളത്.

അന്താരാഷ്ട്ര തപാൽ ദിനത്തിന്റെ ഭാഗമായി പുരാവസ്തു ശേഖരിക്കുന്നവരുടെ കൂട്ടായ്മയായ നാപ്പ്സ് തിരൂരിന്റെ നേതൃത്വത്തിൽ തിരുന്നാവായ “മാധവ”ത്തിൽ എത്തിയാണ് കിഴക്കേപ്പാട്ട് പിഷാരത്ത് ദേവകിക്കുട്ടിയെ ആദരിച്ചത്. നാപ്സ് ഭാരവാഹികൾ സംഘടിപ്പിച്ച ചടങ്ങിലാണ് ഈ ആദരം നൽകിയത്.

ശ്രീമതി ദേവകിക്കുട്ടിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അനുമോദനങ്ങൾ!

പ്രതിഫലനം

# വൈരാഗ്യമേവാഭയം



എ.പി. സരസ്വതി

**പു**ണ്യശ്ലോകനായ ഭർത്തൃഹരിയുടെ ഒരു സുഭാഷിത പദ്യമാണോർമ്മയിൽ തെളിയുന്നത്.

ഭോഗേ രോഗഭയം കുലേ ച്യുതിഭയം
വിത്തേ നൃപാലാദ്ഭയം
മാനേ ദൈന്യഭയം ഗുണേ ഖലഭയം
രൂപേ ജരായാ ഭയം
ശാസ്ത്രേ വാദിഭയം ബലേ രിപുഭയം
കായേ കൃതാന്താദ്ഭയം
സർവ്വം വസ്തു ഭയാന്വിതം ഭൂവി നൃണാം
വൈരാഗ്യമേവാഭയം

ഒന്നാലോചിച്ചുനോക്കൂ. ലോകത്തിൽ ഭയമില്ലാതെ ജീവിക്കുക എന്നുള്ളത് സാധിക്കാതായിരിക്കുന്നു. എന്തിനും ഏതിനും ഭയം! സുഖങ്ങളനുഭവിക്കുമ്പോൾ ഇതുകൊണ്ടുണ്ടാവുന്ന രോഗാദിദുഃഖങ്ങളെക്കുറിച്ചു ഭയപ്പെടും. അല്ലെങ്കിൽ ഭയപ്പെടുത്തും. സ്വാദൂറുന്നൊരു ഭക്ഷണം പോലും ഇതു കഴിച്ചാൽ എന്താവുമോ എന്ന ചിന്തയോടെയാണ് നാം കഴിക്കുന്നത്. സ്വന്തം തറവാടിനെക്കുറിച്ചാലോചിച്ചാൽ അതിനൊത്ത് ജീവിക്കാൻ പറ്റാതായാലോ എന്ന ഭയം, ധനം വർദ്ധിക്കുമ്പോൾ ഭരണാധികാരികൾ പിടിച്ചെടുക്കുമോ എന്ന ഭയം, മാന്യമായി ജീവിക്കുമ്പോഴും തന്റെ ബഹുമാന്യതക്കനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുമോ എന്ന ദാരിദ്ര്യഭയം. ഗുണങ്ങളുണ്ടാവുമ്പോൾ ദുഷ്ടന്മാരിൽ നിന്നുള്ള ഭയം. സൗന്ദര്യവിഷയത്തിൽ വാർദ്ധക്യം ബാധിച്ചേക്കുമോ എന്ന ഭയം. ജ്ഞാനത്തിൽ എതിരാളികളുടെ മുന്നിൽ ചെറുതായാലോ എന്ന ഭയം. ശരീരശക്തിയുടെ കാര്യത്തിലാണെങ്കിൽ ശത്രുക്കളുടെ ആക്രമണത്തിൽ നിന്നുള്ള ഭയം. ശരീരത്തിന്റെ കാര്യമെടുത്താൽ എന്നുമെപ്പോഴുമുള്ള മരണഭയം – ഇങ്ങനെ ഏതു കാര്യത്തിലും ഇവിടെ ജീവിച്ചിരിക്കുന്നേടത്തോളം മനുഷ്യന് ഭയമൊഴിഞ്ഞൊരവസ്ഥയില്ല. ഇങ്ങിനെയിരിക്കെ വൈരാഗ്യം മാത്രമാണ് നമുക്ക് അഭയം എന്നാണ് കവി പറയുന്നത്. അമിതമായ മമതാബോധമാണ് നമ്മെ ഭയത്തിലേക്ക് നയിക്കുന്നത്. അതൊഴിവാക്കിയാൽ ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമൊക്കെ ഭയം കൂടാതെ കഴിക്കാം. അതത്ര എളുപ്പമാണെന്നു കരുതേണ്ട. അഭ്യാസം കൊണ്ടു നേടേണ്ടതാണെന്നു ഭഗവദ്ഗീത അനുശാസിക്കുന്നു.

ദീപാവലിയുടെയും കേരളപ്പിറവിയുടെയും ആശംസകളോടെ,,,, ഇത്രമാത്രം.

## ഡോ. ശ്രുതി അനിലിന് അഭിനന്ദനങ്ങൾ



**കേ**രള ആരോഗ്യ സർവ്വകലാശാലയിൽ നിന്നും (പെരിന്തൽമണ്ണ M.E.S മെഡിക്കൽ കോളേജ്) ശ്രുതി അനിൽ ഡെന്റൽ സർജറിയിൽ ബിരുദം കരസ്ഥമാക്കി.

ഡോ. ശ്രുതി അനിൽ തെക്കൻ ചിറ്റൂർ പടിഞ്ഞാറേ പിഷാരത്ത് ശ്രീകൃഷ്ണമന്ദിരത്തിൽ ശ്രീ. അനിൽകുമാറിന്റെയും (എറണാകുളം ശാഖാ മുൻ സെക്രട്ടറി), തിരൂർ തൃക്കണ്ടിയൂർ കൃഷ്ണപ്രഭയിൽ ശ്രീമതി ശ്രീരേഖ അനിൽകുമാറിന്റെയും മകളും മഞ്ചേരി ശാഖാ മുൻ പ്രസിഡണ്ട് ശ്രീ. എ.പി. ദാമോദര പിഷാരോടിയുടെയും, മഞ്ചേരി ശാഖാ മഹിളാവിങ് മുൻ സെക്രട്ടറി ശ്രീമതി ഇന്ദിരാ ദാമോദരപിഷാരോടിയുടെയും പേരക്കുട്ടിയുമാണ്.

ഡോ. ശ്രുതിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ലേഖനം

# സൈബർലോകത്തെ കുരുക്കുകൾ



**രാജഗോപാലൻ ആനായത്ത്**
**ഫോൺ: 9387523428**

**സ്വാ**തന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടിനുശേഷവും നമ്മൾ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ആവിഷ്ക്കാര സ്വാതന്ത്ര്യം (freedom of expression). ഭരണഘടന ഓരോ പൗരനും ഉറപ്പുതരുന്ന ഇത്തരം അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ അവക്കെതിരായി ഒരു ജനാധിപത്യ സമൂഹത്തിൽ പ്രതികരണങ്ങൾ രൂപപ്പെടുന്നത് തികച്ചും സ്വാഭാവികമാണ്. ഇന്ത്യയിലെ എണ്ണപ്പെട്ട സർവ്വകലാശാലകളായ ജവഹർലാൽ നെഹറു സർവകലാശാല, ഹൈദരാബാദ് സർവകലാശാല തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം വിഷയത്തെ മുൻനിർത്തി നടന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നമ്മൾ ഇനിയും മറന്നിട്ടില്ല. അതുപോലെ അടുത്തകാലത്തായി രാജ്യത്തെ പല പ്രദേശങ്ങളിലും ചില സാഹിത്യ രചനകളുടെ പ്രസിദ്ധീകരണങ്ങൾക്ക് ഏർപ്പെടുത്തിയ തടസ്സങ്ങളും, ചില സിനിമകളുടെ പ്രദർശനങ്ങൾക്ക് വന്ന വിലക്കുകളും നമ്മൾ കണ്ടതാണ്. ഇത്തരം വിലക്കുകളും അതിനെതിരെയുള്ള സമര മുഖങ്ങളും ഭരണ ഘടന വിഭാവനം ചെയ്യുന്ന 'സ്വാതന്ത്ര്യം' എന്ന ഏറ്റവും വിലമതിക്കുന്ന ഈ അവകാശത്തെ മുൻനിർത്തിയായിരുന്നു. എന്നാൽ സ്വാതന്ത്ര്യം എത്രത്തോളമാവാം? എത്രത്തോളമാവരുത് എന്നീ ചർച്ചകളും ഇതോടനുബന്ധിച്ച്, തകൃതിയായി നടക്കുന്നുണ്ട്. നവ മാധ്യമരംഗത്ത്, ജനങ്ങൾ ഏറ്റവും ഉപയോഗിക്കുന്ന Facebook, Twitter(X), Whatsapp തുടങ്ങിയവയിലെ മാധ്യമവിചാരങ്ങൾ പലപ്പോഴും സാമൂഹിക ബോധത്തിന്റെ എല്ലാ അതിർ വരമ്പുകളും ലംഘിക്കുന്നില്ലേ എന്ന സംശയവും നിലനിൽക്കുന്നു. ഇന്റർനെറ്റ് ഉപയോഗിച്ച് മാധ്യമ വിചാരണ നടത്തുന്ന ഇക്കൂട്ടർ പലപ്പോഴും അറിയാതെ പോവുന്ന ചില കുരുക്കുകൾ സൈബർ ലോകത്ത് നിലനിൽക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നവർ സൈബർ ലോകത്ത് അവർ അനുഭവിക്കുന്ന സ്വാതന്ത്ര്യ ധ്വംസനത്തെ കുറിച്ച് അറിയാതെ പോവുകയോ, സ്വയം അറിഞ്ഞില്ലെന്ന് നടിക്കുകയോ ചെയ്യുന്നുണ്ട്. ഇത്തരം ചില പ്രശ്നങ്ങളാണ് ഇവിടെ ചർച്ചാ വിഷയം.

ഇന്റർനെറ്റിലെ നിക്ഷ്പക്ഷതയെക്കുറിച്ച് ധാരാളം ചർച്ചകൾ അടുത്തകാലത്ത് നവമാധ്യമങ്ങളിൽ നടന്നിരുന്നു. ഇന്റർനെറ്റിലെ നിക്ഷ്പക്ഷത (net neutrality) നിലനിർത്തിക്കോണ്ട് കുറച്ചുകാലം മുൻപ് TRAI ഉത്തരവ് ഇറക്കുകയും ചെയ്തു. ഇന്റർനെറ്റ് ഉപയോക്താക്കളെ സംബന്ധിച്ച് വളരെ ആശ്വാസം നൽകുന്നതായിരുന്നു ആ ഉത്തരവ്. സ്വതന്ത്ര സോഫ്ട്‌വെയർ പ്രവർത്തകരുടെ ശക്തമായ ഇടപെടൽ കാരണമാണ് ഈ ഉത്തരവ് ഇറങ്ങിയത് എന്ന വസ്തുത ഇവിടെ കാണാതെ പോകരുത്. ഒരു സാധാരണ ഇന്റർനെറ്റ് ഉപഭോക്താവ്, ഇതിന്റെ പിന്നിലെ സാങ്കേതിക പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ ബോധവാനാവണമെന്നില്ല. ഒരു ഇന്റർനെറ്റ് ഉപയോക്താവിനെ സംബന്ധിച്ചിടത്തോളം തനിക്കാവശ്യമുള്ള കാര്യങ്ങൾ എളുപ്പമായും, കുറഞ്ഞ ചിലവിലും നടക്കണം എന്നതാണ് ഏറ്റവും പ്രധാനം. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ, ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് നടക്കുന്ന പല ഗൂഢതന്ത്രങ്ങളും നമ്മൾ കാണതെ പോകുന്നു അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുന്നു എന്നതാണ് ഏറെ നിരാശാജനകം. ഇത് വിശദീകരിക്കുന്നതിനായി, നമ്മൾ സാധാരണ ഉപയോഗിക്കുന്ന ഇ-മെയിൽ എന്ന സന്ദേശ കൈമാറ്റ വിദ്യയെക്കുറിച്ച് പരിശോധിക്കാം.

ഇന്റർനെറ്റിന്റെ തുടക്കം മുതൽ സന്ദേശ കൈമാറ്റങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ഇലക്ട്രോണിക് മെയിൽ അഥവാ ഇ-മെയിൽ. ഇതിനായി ഓരോ ഉപഭോക്താവിനും ഒരു വിലാസം (address) ഉണ്ടാവും. ഈ വിലാസങ്ങൾ, കൈകാര്യം ചെയ്യുന്ന ഒരു സ്ഥാപനമോ, പ്രസ്ഥാനമോ ഉണ്ടാവും. മിക്കവാറും എല്ലാ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾക്കും അവരവരുടേതായ സ്വകാര്യ email വിലാസങ്ങൾ ഉണ്ടാവും. അതിനുവേണ്ട സെർവറുകളും മറ്റും ഈ സ്ഥാപനങ്ങൾ സ്വന്തം ചിലവിൽ വാങ്ങി പരിപാ

ലിക്കുന്നുണ്ടാവും. അതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് സ്വന്തമായി ഒരു email വിലാസം സ്ഥാപനത്തിന്റെ പേരിൽ ലഭിയ്ക്കും. ഉദാഹരണമായി, എനിയ്ക്ക്, ഞാൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ പേരിലുള്ള raja@reccal.ernet.in എന്ന ഒരു email വിലാസം ഉണ്ടായിരുന്നു. ഇതിനായി ഞങ്ങളുടെ സ്ഥാപനം സ്വന്തമായി ഒരു email server സ്ഥാപിച്ചിട്ടുണ്ട്. ഈ സെർവറിലൂടെയുള്ള സേവനം ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ ലഭ്യമാകൂ. ഇതിൽ reccal.ernet.in എന്ന ഭാഗത്തെ domain name എന്ന് പറയും. ഇതിൽ reccal എന്നത് Regional Engineering College, Calicut എന്നതിനെ സൂചിപ്പിക്കുന്നു. അടുത്ത ഭാഗമായ ernet എന്നത് education and research network എന്നതിനെ സൂചിപ്പിക്കുന്നു. അവസാന ഭാഗം in എന്നത് India എന്ന രാജ്യത്തെയും സൂചിപ്പിക്കുന്നു. എന്നാൽ, ഒരു സാധാരണ പൗരനോ, വളരെ ചെറിയ സ്ഥാപനങ്ങൾ നടത്തുന്നവർക്കോ ഇങ്ങനെ ഒരു ഇ-മെയിൽ വിലാസം ലഭിക്കുന്നതിനായി സ്വന്തമായി ഒരു സെർവർ സ്ഥാപിച്ച് ഇത്തരം ഒരു domain name നിർമ്മിക്കാൻ സാങ്കേതികമായും സാമ്പത്തികമായും പ്രയാസമാണ്. അതിനാൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ഇത്തരം ജനങ്ങളെ സൈബർ ലോകത്തേയ്ക്ക് കൊണ്ടുവരുന്നതിന്നും, അവരെ email തുടങ്ങിയ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നതിന്നും വേണ്ടി ചില കമ്പനികൾ സൗജന്യമായി email വിലാസങ്ങൾ നൽകുന്നുണ്ട്. ഇത്തരത്തിൽ gmail, yahoo, hotmail തുടങ്ങിയ ഡൊമൈനിലുള്ള ഇ-മെയിൽ വിലാസങ്ങൾ സൗജന്യമായി ലഭിക്കുന്നവയാണ്. ഉദാഹരണമായി, ഇന്റർനെറ്റ് ലഭ്യമായ ആർക്കും gmail ൽ ഒരു account തുറക്കാം. ഒരാൾക്ക് എത്ര account വേണമങ്കിലും തുറക്കാം എന്നതും ഇവിടെ കൂടുതൽ ആകർഷകമായി തോന്നാം. ഒരു email address ന് 15 GB (ഗിഗാ ബൈറ്റ്) സംഭരണ ശേഷിയും ലഭിക്കും. അപ്പോൾ ലോകത്തിലെ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് email വിലാസങ്ങൾ നൽകാനും അവരുടെ data സൂക്ഷിച്ചു വെയ്ക്കുന്നതിനുമുള്ള സർവറുകളും അതിനുള്ള സംഭരണശേഷിയും മറ്റും എങ്ങിനെയാണ് google സൗജന്യമായി ഒരുക്കുന്നത്? ഗൂഗിളിന് ലോകത്തിന്റെ പലഭാഗങ്ങളിലായി ഏതാണ്ട് പത്ത് ലക്ഷത്തിലധികം സെർവ്വറുകളും, ഇരുപത് പെറ്റാ ബൈറ്റിലധികം (ഒരു പെറ്റാ ബൈറ്റ് = 1024^5 ബൈറ്റ്) ഡാറ്റ സൂക്ഷിക്കുവാനുള്ള സംഭരണശേഷിയും നിലവിലുണ്ട്. ഇത്തരം കാര്യങ്ങൾ ഇഴകീറി പരിശോധിക്കുമ്പോളാണ് ഈ സൗജന്യത്തിന്റെ അകം പൊരുൾ വ്യക്തമാകുന്നത്.

അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന Google എന്ന ഒരു കമ്പനിയാണ് gmail എന്ന email വിലാസങ്ങൾ വേണ്ടവർക്കെല്ലാം സൗജന്യമായി നൽകുന്നത്. Google ന്റെ പ്രധാന കച്ചവടം എന്താണെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവർ ഒരു കമ്പ്യൂട്ടർ കച്ചവടക്കാരോ, സോഫ്ട്‌വെയർ കച്ചവടക്കാരോ മറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത സാധനങ്ങൾ കച്ചവടം ചെയ്യുന്നവരോ അല്ല! അവരുടെ ഒരു പ്രതിനിധിയും കച്ചവടം പിടിക്കാനായി എവിടേയും ഓടി നടക്കുന്നുമില്ല! എങ്കിലും ലോകത്ത് ഇന്ന്, ഏറ്റവും ശമ്പളം നൽകുന്ന കമ്പനിയാണ് google. ഒരു കച്ചവടവും നടത്താതെ അവർക്ക് ഇതിനുള്ള വരുമാനം എവിടെ നിന്നാണ് ലഭിക്കുന്നത്? ഇത്തരത്തിൽ ചിന്തിക്കുമ്പോളാണ്, ഇവരുടെ കച്ചവടത്തിന്റെ കൗശലം മനസ്സിലാവുന്നത്. ഈ കൗശലമാണ് നേരെ ചിന്തിക്കുന്ന നമ്മൾക്ക് മനസ്സിലാവാത്തത് അല്ലെങ്കിൽ മനസ്സിലായില്ലെന്ന് നടിക്കുന്നത്. നമ്മൾ അയക്കുന്ന ഓരോ email ഉം ഗൂഗിളിന് വായിക്കാൻ കഴിയും. ഗൂഗിൾ എന്ന കമ്പനിയിൽ ഒരാൾ ഇരുന്ന് ഇതെല്ലാം വായിക്കുകയല്ല, മറിച്ച് അതിന് വേണ്ടിയുള്ള ബുദ്ധിപരമായ പ്രോഗ്രാമുകൾ അവർ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം പ്രോഗ്രാമുകൾ തയ്യാറാക്കുന്നതിനു വേണ്ടിയാണ് അവർ നമ്മുടെ മിടുക്കരായ മക്കളെ വലിയ ശമ്പളം നൽകി നിയമിക്കുന്നത്. ഇത്തരം പ്രോഗ്രാമുകളിലൂടെ നമ്മുടെ ഒരോരുത്തരുടേയും ആവശ്യങ്ങളും മനസ്സിലിരുപ്പും അവർ വിശദമായി വിശകലനം ചെയ്യും. അങ്ങിനെ gmail ഉപയോഗിക്കുന്ന ഓരോ വ്യക്തിയേയും കുറിച്ച് വ്യക്തമായ ഒരു വിവരം google കൈവശം വയ്ക്കുന്നു. നമ്മളുടെ വീട്ടിൽ ആരൊക്കെയുണ്ട്, നമ്മളുടെ ജോലി, വരുമാനം, ഇഷ്ടങ്ങൾ തുടങ്ങി എല്ലാം വളരെ കൗശലത്തോടെ ഗൂഗിൾ മനസ്സിലാക്കുന്നു. നമ്മളെക്കുറിച്ച് നമ്മുടെ വിട്ടുകാർക്ക് അറിയാവുന്നതിലധികം കാര്യം ഗൂഗിളിന് അറിയാം. നമ്മളുടെ ചലനങ്ങൾ വരെ ഗൂഗിളിന് അറിയാൻ കഴിയും. ഈ അറിവാണ് അവർ പണമായി മാറ്റുന്നത്.

എങ്ങിനെയാണ് ഗൂഗിൾ ഈ അറിവ് പണമായി മാറ്റുന്നത് എന്ന് നോക്കാം. ഗൂഗിളിന്റെ പ്രധാന സോഫ്ട്‌വെയർ ഉല്പന്നം, തിരയുന്ന യന്ത്രം (search engine) ആണല്ലോ. ഇന്റർനെറ്റിൽ നിന്നും ഏതെങ്കിലും കാര്യങ്ങൾ അറിയുന്നതിനായി നാമെല്ലവരും ആദ്യം ഉപയോഗിക്കുന്നത് google

search ആണല്ലോ. ലോകം മുഴുവൻ ഏറ്റവും ആശ്രയിക്കുന്നതും ഈ തിരയൽ യന്ത്രത്തെത്തന്നെയാണ്. അത്രത്തോളം വിശ്വാസ്യത ഈ തിരയൽ യന്ത്രത്തിനുണ്ട്. അതുകൊണ്ടുതന്നെ ഇന്റർനെറ്റിലെ ഈ തിരയലിനുതന്നെ ഇന്ന് 'ഗൂഗിൾ സെർച്ച്' എന്ന് പറയാറുണ്ട്. അതിനാൽ ലോകത്തെ മിക്കവാറും ഇന്റർനെറ്റ് ഉപയോക്താക്കൾ, എന്തെല്ലാം തിരയുന്നു, എന്തെല്ലാം ആവശ്യങ്ങൾ ഓരോരുത്തർക്കും ഉണ്ട് എന്നീ കാര്യങ്ങൾ ഗൂഗിളിന് അറിയാം. ഒരോ വ്യക്തിയുടേയും ആവശ്യങ്ങൾ എന്താണ് എന്ന് ജി-മെയിലിലെ വിവരങ്ങൾ വഴിയോ ഗൂഗിൾ തിരയലിലെ രീതിയനുസരിച്ചോ google എന്ന കമ്പനി മനസ്സിലാക്കുന്നു. ഇതിനനുസരിച്ച് നമ്മൾക്കാവശ്യമുള്ള വസ്തുക്കൾ എവിടെയുണ്ടെന്നും അവയുടെ വില എന്താണെന്നും തുടങ്ങി പലതരം സൗജന്യങ്ങൾ വരെ കമ്പ്യൂട്ടറിലെ സ്ക്രീനിലൂടെ നമ്മുടെ മുന്നിലെത്തുന്നു. നമ്മൾ ഇന്നോ, ഇന്നലെയോ, ഒരാഴ്ച്ച മുമ്പോ തിരഞ്ഞ ഒരു ഉത്പന്നത്തെക്കുറിച്ച് അല്ലെങ്കിൽ ഒരു കാര്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങളും, വിവിധ സൗജന്യങ്ങളുമായി വീണ്ടും നമ്മുടെ മുന്നിലേയ്ക്ക് എടുത്തിടുന്നു. എങ്ങിനെയാണ് ഗൂഗിൾ സെർച്ചിൽ ഈ കാര്യങ്ങളെല്ലാം വരുന്നത്. ഉദാഹരണമായി, നമ്മുടെ വീട്ടിൽ ഒരു അലക്കു യന്ത്രം വാങ്ങണമെന്ന് കരുതുക. വിവിധ കമ്പനികളുടെ വിവിധ തരം അലക്കുയന്ത്രങ്ങൾ വിപണിയിൽ ലഭ്യമാണ്. ഇവയിൽ ഓരോന്നിന്റേയും ഗുണനിലവാരം, സേവന പാരമ്പര്യം, വില തുടങ്ങിയവ എങ്ങിനെയാണ് മനസ്സിലാക്കുക. ഒരോ ഉത്പന്നത്തിന്റേയും കടകളിൽ കയറിയിറങ്ങി കാര്യങ്ങൾ മനസ്സിലാക്കുക പ്രാവർത്തികമല്ല. അത്രയധികം സമയം നമുക്ക് ഇതിനായി ചിലവഴിക്കാനുമില്ല. അതിനാൽ നമ്മൾ ആദ്യം ചെയ്യുന്നത് ഒരു google search നടത്തുകയായിരിക്കും. ഇങ്ങിനെ തിരയുമ്പോൾ നമുക്ക് ആവശ്യമുള്ള ഒട്ടനവധി വിവരങ്ങൾ ലഭിക്കും. അതിനാൽ ഒരുപാട് സമയം ലാഭിക്കാൻ കഴിയും. ഇതിൽ നിന്ന് നമുക്കാവശ്യമുള്ള ഉത്പന്നം തിരഞ്ഞെടുക്കാനും കഴിയും. ഇത്തരം തിരച്ചിലുകൾ നടത്തുമ്പോൾ നമ്മൾ ഇപ്പോൾ നിൽക്കുന്ന സ്ഥലം google ഓർമ്മിച്ചെടുക്കും. പല തിരയലുകളിലും ലൊക്കേഷൻ ഓൺ ചെയ്യണമെന്നൊരു നിർദ്ദേശവും തരും. ഇതിനായി ഗൂഗിൾ മാപ്പ് എന്ന മറ്റൊരു സൗജന്യ സേവനം കൂടി അവർ നമുക്ക് തരുന്നുണ്ട്. സൗജന്യങ്ങളിൽ കൂടുതൽ ആകൃഷ്ടരാകുന്ന നാം ഇതൊരുക്കുന്ന കെണിയെക്കുറിച്ച് ഒരിക്കലും ചിന്തിക്കാറില്ല.

ഇവിടയാണ് ഗൂഗിളിന്റെ ഇടപെടൽ നടക്കുന്നത്. നമ്മൾ തിരയുമ്പോൾ ഒരു ഉത്പന്നത്തിന്റെ വിവരങ്ങൾ നമ്മുടെ മുന്നിൽ തെളിയണമെങ്കിൽ ഈ ഉത്പന്നത്തിന്റെ ഉടമസ്ഥർ അഥവാ നിർമ്മാതാക്കൾ googleന് ഒരു വിഹിതം നൽകണം. ഗൂഗിളിന് അവരുടെ വിഹിതം നൽകിയില്ലെങ്കിൽ അത്തരം നിർമ്മാതാക്കളുടെ ഉത്പന്നങ്ങൾ google search ൽ വരില്ല. അപ്പോൾ നിർമ്മാതാവിന് തങ്ങളുടെ ഉത്പന്നങ്ങൾ ചിലവാകാതെവരും. അതിനാൽ ലോകത്തിലെ എല്ലാ ഉപഭോക്തൃ ഉത്പന്ന കമ്പനികളും മത്സരിച്ച് ഗൂഗിളിന്റെ വിഹിതം നൽകും. അതിനായി ഗൂഗിൾ ഒരു പ്രതിനിധിയെ അയക്കുകയോ, ഓർമ്മപ്പെടുത്തൽ നോട്ടീസ് അയക്കുകയൊ ചെയ്യേണ്ട ആവശ്യം തന്നെ വരുന്നില്ല. കാരണം, പണം ഗൂഗിളിന്റെ പോക്കറ്റിൽ എത്തിയില്ലെങ്കിൽ google search ൽ ആ കമ്പനിയുടെ പേരുണ്ടാവില്ല, അത്രതന്നെ! ഏത് കമ്പനിയാണ് ഇതിന് തുനിയുക. അതിനാൽ എല്ലാവരും ഗൂഗിൾ ആവശ്യപ്പെട്ട പണം ഇടതടവില്ലതെ കൃത്യമായി ഗൂഗിളിന്റെ പോക്കറ്റിൽ എത്തിക്കുന്നു. അതായത് നമ്മളറിയാതെ നമ്മളുടെ മനസ്സിനെ പണമാക്കുന്ന പണിയാണ് ഇത്തരം തിരയൽ യന്ത്രങ്ങൾ നടത്തുന്നത്. ഇതിൽ ഗൂഗിൾ ഒന്നാമനാണെന്ന് മാത്രം. എല്ലാ തിരയൽ യന്ത്രങ്ങളും ഇതു തന്നെയാണ് ചെയ്യുന്നത്. തിരയൽ യന്ത്രങ്ങൾ മാത്രമല്ല, facebook, twitter, whatsapp തുടങ്ങിയ നൂതന സാമൂഹ്യ മാധ്യമങ്ങളും ചെയ്യുന്നത് ഇത്തരം പ്രവർത്തികൾ തന്നെയാണ്. അടുത്തകാലത്തായി facebook അവതരിപ്പിച്ച freebasics എന്ന സൗജന്യ ഇന്റർനെറ്റ് ആശയം, ഈ ഒരു കാരണം കൊണ്ടാണ് പൊതുജനം അംഗീകരിക്കാതിരുന്നത്. പൊതുജനത്തിന്റെ സമ്മർദ്ദം കാരണം കേന്ദ്ര സർക്കാർ ഇതിന് അനുമതി നിഷേധിച്ചു. അതിനാൽ ഇത്തരം മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ, കൂടുതൽ മുൻകരുതൽ എടുക്കുക എന്നു മാത്രമേ ഈ അവസരത്തിൽ പറയാൻ കഴിയൂ. എന്നാൽ ഇന്ന് എല്ലാ മേഖലകളിലും ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുകൊണ്ട് ഇത്തരത്തിൽ ഒരു വിവരവും കൈമാറാതെ നമുക്ക് ജീവിക്കാൻ വിഷമമാണ്. അതിനാൽ വിവരങ്ങൾ കൈമാറേണ്ടതിന്റെ ആവശ്യകതയും വിവരങ്ങൾ കൈമാറേണ്ട വ്യക്തിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ആധികാരികതയും ഉറപ്പ് വരുത്തിയ ശേഷം മാത്രം വിവരങ്ങൾ കൈമാറുക. അതായിരിക്കും നമ്മുടെ സുരക്ഷക്ക് കൂടുതൽ അഭികാമ്യം.

കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി മൊബൈൽ ഫോണുകൾ സ്മാർട്ട് ഫോണുകളായി മാറുകയും

അവ കൂടുതൽ ജനകീയമാവുകയും ചെയ്യുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. എന്നാൽ മൊബൈൽ ഫോണുകളുടെ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ പൊതുവെ കമ്പ്യൂട്ടറുകളുടെ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തേക്കാൾ സുരക്ഷ കുറവാണ് എന്ന വസ്തുത പലരും അറിയുന്നില്ല. അതിന് സാങ്കേതികമായ പല കാരണങ്ങൾ ഉണ്ട്. അത്തരം സാങ്കേതിക വശങ്ങൾ ഇവിടെ പ്രദിപാദിക്കുന്നില്ല. എന്നാൽ സാധാരണ ഉപയോക്താക്കളെ സംബന്ധിച്ച് വില കുറവും മെച്ചപ്പെട്ട സാങ്കേതിക സൗകര്യങ്ങളുമുള്ള സ്മാർട്ട് ഫോണുകൾ കമ്പ്യൂട്ടറുകൾക്ക് പകരമായി ഉപയോഗിക്കാൻ തുടങ്ങി. പക്ഷേ ഇത്തരം ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ചെലുത്തേണ്ട ശ്രദ്ധ മിക്കവാറും ആരും പാലിക്കുന്നില്ല എന്നതാണ് വാസ്തവം. അതിനാൽ മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ അതിൽനിന്ന് നമ്മളറിയാതെ ചോരുന്ന വിവരങ്ങൾ ആരുടെയെല്ലാം കൈകളിൽ എത്തുന്നു എന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. വ്യക്തമായ കാരണങ്ങളില്ലാതെ നമ്മുടെ മൊബൈൽ നമ്പറോ, പാസ്സ്‌വേർഡുകളോ, പിൻ നമ്പറുകളോ മറ്റുള്ളവരുമായി പങ്കുവെക്കരുത്. കഴിയുന്നതും മൊബൈൽ ഫോണിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ നമ്മുടെ വ്യക്തിഗതമായ ഒരു വിവരവും മറ്റുള്ളവർക്ക് കൈമാറരുത്. ആവശ്യമില്ലാതെ മൊബൈലിലെ ഡാറ്റ, ലൊക്കേഷൻ എന്നിവ ഓൺ ചെയ്ത് വെക്കരുത്. ഡാറ്റ ഓണാക്കുമ്പോൾ ഡാറ്റ സഞ്ചരിക്കാനുള്ള മാർഗ്ഗം തുറന്നിടുകയാണ് യഥാർത്ഥത്തിൽ നമ്മൾ ചെയ്യുന്നത്. ഒരു പക്ഷേ നിങ്ങൾക്ക് ഡാറ്റ സൗജന്യമായിരിക്കാം, എങ്കിലും ആവശ്യമില്ലെങ്കിൽ അത് ഓഫ് ആക്കി വെക്കുക. കാരണം നിങ്ങൾ ഓണാക്കിവെക്കുന്ന ഡാറ്റ കാരണം അത്യാവശ്യമുള്ള മറ്റൊരാൾക്ക് ഡാറ്റയുടെ വേഗത കുറയാൻ സാധ്യതയുണ്ട്. ഉദാഹരണമായി നിങ്ങളുടെ വീട്ടിൽ വൈദ്യുതി സൗജന്യമാണെന്ന് കരുതുക. എങ്കിൽ നിങ്ങൾ എല്ലാ ലൈറ്റുകളും ഫാനുകളും എപ്പോഴും ഓൺ ചെയ്തു വെക്കാറുണ്ടോ? നമ്മൾ സാധാരണയായി അങ്ങിനെ ചെയ്യാറില്ല. അങ്ങിനെ ചെയ്താൽ അത് മറ്റുള്ള ഉപയോക്താക്കളുടെ വോൾട്ടേജിനെ ബാധിക്കും. കാരണം നമ്മുടെ വൈദ്യുതകമ്പിയിലൂടെ ഒഴുകുന്ന വൈദ്യുതിക്ക് പരിമിതിയുണ്. അതുപോലെ നമുക്ക് ഡാറ്റ നൽകുന്ന സ്ഥാപനങ്ങളുടെ ചാനലിന്റെ പ്രസരണ ശേഷിക്ക് (band width) പരിമിതിയുണ്ട്. എന്നാൽ ഇന്ന് എല്ലാവരും എല്ലായ്പ്പോഴും നമ്മുടെ മൊബൈലിന്റെ ഡാറ്റ ഓൺ ആക്കിയാണ് വെക്കുന്നത്. എന്നിട്ട് ആവശ്യമുള്ളപ്പോൾ വേഗത പോരാ എന്ന് പറയുകയും ചെയ്യും. അതുകൊണ്ട് ഡാറ്റ ആവശ്യമുള്ളപ്പോൾ മാത്രം ഓൺ ആക്കുകയും ആവശ്യം കഴിഞ്ഞാൽ ഓഫ് ആക്കുകയും ചെയ്യുക. അങ്ങിനെയാവുമ്പോൾ എല്ലാവർക്കും ആവശ്യത്തിന് വേഗത ലഭിക്കും. ഇതെല്ലാം നമ്മൾ സൈബർ ലോകത്ത് പാലിക്കേണ്ട സാമാന്യ മര്യാദകളാണ്. ഡാറ്റയുടെ പ്രസരണ ശേഷിയും വൈദ്യുതിയെപ്പോലെ, ജലത്തെപ്പോലെ എല്ലാവർക്കും അവകാശപ്പെട്ടതും ആവശ്യമുള്ളതുമായ ഒരു പൊതു വിഭവമാണ്. അതിന്റെ ലഭ്യതക്ക് പരിമിതിയുണ്ട്. എല്ലാവർക്കും ആവശ്യം പോലെ സുലഭമായി ലഭിക്കുന്ന ഒന്നല്ല ഈ വിഭവങ്ങൾ. അതുകൊണ്ട്, നമുക്ക് ലഭിക്കുന്ന പരിമിതമായ ഇത്തരം വിഭവങ്ങൾ പാഴാക്കാതെ ഉപയോഗിക്കാൻ നാമേവരും ശീലിക്കേണ്ടതുണ്ട്. ഇത്തരം ശീലങ്ങൾ നാമേവരും ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോളാണ് നാം സാംസ്ക്കാരികമായി കൂടുതൽ ഉയരുന്നതും നമ്മുടെ സമൂഹം പുരോഗമിക്കുന്നതും.

നമ്മുടെ രാജ്യത്ത് ഏറെ കൊട്ടിഘോഷിച്ച് നടപ്പാക്കുന്ന 'ഡിജിറ്റൽ ഇന്ത്യ' എന്ന സ്വപ്ന പദ്ധതി നടപ്പാക്കിവരുമ്പോൾ സമൂഹത്തിലെ താഴെ തട്ടിലുള്ള ഭൂരിഭാഗം പേർക്കും ഇന്റർനെറ്റ് സേവനം ലഭിക്കാതെ വരികയും തദ്വാരാ സമൂഹത്തിൽ ഒരു ഡിജിറ്റൽ വേർതിരിവ് (digital divide) സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യയെപ്പോലെ ജനസംഖ്യ വളരെ കൂടുതലുള്ളതും, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ഒരു രാജ്യത്ത് ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ഏറെ വിഷമമാണ്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെന്നപോലെ ഡിജിറ്റൽ കാര്യങ്ങളിലും ഏറെ മുൻപന്തിയിൽ നിൽക്കുന്ന കേരളം പോലുള്ള സംസ്ഥാനത്ത് ഇത്തരം ഡിജിറ്റൽ വേർതിരിവ് കൂടുതൽ പ്രത്യക്ഷമല്ല. പക്ഷേ ഒരുകാര്യം തീർച്ചയാണ്, സൈബർ ലോകത്ത് ഇത്തരം തിരയൽ യന്ത്രങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വിവിധ കമ്പനികൾ നൽകുന്ന സൗജന്യ ഇ-മെയിലിലൂടെയും നൽകുന്ന വിവരങ്ങൾ ക്രോഡീകരിച്ച്, ഒരു രാജ്യത്തിന്റെ ഇഷ്ടങ്ങൾ, അനിഷ്ടങ്ങൾ, സാമ്പത്തിക നില, മുന്നോട്ടുള്ള കാഴ്ചപ്പാട്, ആഭ്യന്തര സുരക്ഷ പ്രശ്നങ്ങൾ എന്നിവ അറിയാനും ഭാവിയിൽ അവ എങ്ങിനെയാവും എന്ന് പ്രവചിക്കാനും മറുനാട്ടിൽ പ്രവർത്തിക്കുന്ന സേവന ദാദാക്കളായ ഗൂഗിൾ പോലുള്ള ഇത്തരം കമ്പനികൾക്ക് നിഷ്പ്രയാസം കഴിയും. ഇതുതന്നെയാണ് നമുക്ക് ഭീഷണിയാവുന്നതും, അതുകൊണ്ടുതന്നെ സ്വീകാര്യമല്ലാത്തതും. നമ്മൾ കൊടുക്കുന്ന ഇത്തരം വിവരങ്ങൾ ആർക്കൊക്കെ കൊ

ടുക്കാം, ആർക്കൊക്കെ കൊടുക്കരുത് എന്ന തീരുമാനം നമ്മളുടേതല്ല. കാരണം, ഇത്തരം വിവരങ്ങൾ പങ്കുവെയ്ക്കുന്നതിൽ എതിർപ്പില്ല എന്ന സത്യവാങ്ങ്മൂലം നല്കിയ ശേഷമാണ് നമ്മൾ ഈ സൗജന്യ സേവനം അനുഭവിക്കുന്നത്. ഈ സേവനങ്ങളെല്ലാം സൗജന്യമാണെന്നതിനാൽ അവ നടപ്പിലാക്കുന്ന ഗൂഢലക്ഷ്യങ്ങൾ നമ്മൾ സൗകര്യപൂർവ്വം വിസ്മരിക്കുന്നു. വിദേശ രാജ്യങ്ങളിൽ പഠിക്കാനും ജോലി ചെയ്യാനും വേണ്ടി വിസ ലഭിക്കുവാൻ നമ്മൾ ബയോമെട്രിക് വിവരങ്ങളടക്കം എല്ലാ വിവരങ്ങളും സംശയലേശമന്യേ അന്യരാജ്യങ്ങൾക്ക് നൽകുകയും, അതേസമയം നമ്മുടെ രാജ്യത്തിന്റെ 'ആധാർ' എന്ന പദ്ധതിയിൽ ചേരാൻ ഒട്ടൊന്ന് സംശയിച്ചു നിൽക്കുകയും ചെയ്യുന്നു. ഇന്റർനെറ്റിന്റെയും സൈബർ ലോകത്തിന്റേയും മാസ്മരിക ലോകത്ത് ഏറെ ആവേശത്തോടെ സഞ്ചരിക്കുന്ന നാം ഇത്തരം വൈരുധ്യങ്ങൾ തിരിച്ചറിയുകയോ വേണ്ട രീതിയിൽ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. കൂടുതൽ സ്വാതന്ത്ര്യത്തിനായി സമൂഹമാധ്യമങ്ങളിലും തെരുവിലും മുറവിളി കൂട്ടുന്ന നാം, സൈബർ ലോകത്തെ ഇത്തരം ഊരാക്കുടുക്കുകളും ഇരട്ടത്താപ്പുകളും കാണാതെ പോകുന്നു, അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുന്നു. ഇത് നമ്മുടെ സ്വകാര്യതയേയും സുരക്ഷയേയും ആണ് ബാധിക്കുന്നത്. അതിനാൽ ഇന്ന് സ്വാതന്ത്ര്യം കൂടുതൽ വേണ്ടത് സൈബർ ലോകത്താണ്. എന്നാൽ അത് നമുക്ക് ഇനിയും വിദൂരമാണ് എന്നതാണ് യാഥാർത്ഥ്യം. ●

# കെ.പി. നാരായണപിഷാരോടി ജയന്തി ആഘോഷിച്ചു

**ഗു**രുവായൂർ: പണ്ഡിതരത്നം കെ.പി. നാരായണപിഷാരോടിയുടെ 115-ാം ജയന്തി അഖില ഭാരത ശ്രീ ഗുരുവായൂരപ്പ ഭക്ത സമിതി വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഗുരുവായൂർ പിഷാരോടി സമാജം ഗസ്റ്റ്ഹൗസിൽ നടന്ന ആഘോഷം ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ കെ.പി. വിനയൻ ഉദ്ഘാടനം ചെയ്തു. പിഷരോടി സമാജം മുൻ കേന്ദ്ര പ്രസിഡണ്ട് കെ.പി. ബാലകൃഷ്ണൻ അദ്ധ്യക്ഷനായി. സമിതി ജനറൽ സെക്രട്ടറി സജീവൻ നമ്പിയത്ത്, പിഷാരോടി സമാജം കേന്ദ്ര പ്രസിഡണ്ട് ആർ. ഹരികൃഷ്ണ പിഷാരോടി, ഡോ: എ. ഹരിനാരായണൻ, ആചാര്യ സി.പി. നായർ, മുരളി പുറനാട്ടുകര, ആർ. നാരായണൻ, എ.പി. രാമകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. സമ്പൂർണ്ണ നാരായണീയ പാരായണത്തിന് എ.പി. സരസ്വതി, കെ.പി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നല്കി. കെ.പി. നാരായണ പിഷാരോടിയെ ആസ്പദമാക്കി നടത്തിയ പ്രശ്നോത്തര മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.






അഭിമുഖം

# സി. രാധാകൃഷ്ണൻ

## ജീവിതം-എഴുത്ത്-ദർശനം



സുരേഷ്ബാബു വിളയിൽ

തുളസീദളം കെ.പി. നാരായണപിഷാരോടി പ്രഥമ സാഹിത്യപുരസ്കാര ജേതാവ് ശ്രീ. സി. രാധാകൃഷ്ണനുമായുള്ള മുഖാമുഖം. കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു....

**ഒരു നിറകൺചിരി അല്ലേ അങ്ങ്?**

അതെ. ആ അറിവ് സിദ്ധിച്ചവർക്ക് എന്തു ബുദ്ധിമുട്ട് വന്നാലും അവർക്കതൊരു വിഷമമായിട്ട് തോന്നില്ല. ഗുരുവായൂരിൽ നാലമ്പലത്തിന് പുറത്ത്കൂടി പ്രദക്ഷിണംവെക്കുകയാണ് ഷാരടി മാഷ്. ഒരു ഖദർവേഷ്ടികൊണ്ട് പുതച്ചിട്ടുണ്ട്. അവിടുത്തെ കാവൽക്കാരൻതൊട്ട് അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ മേലധികാരി ആരാണോ അവർക്കുവരെ മാഷെ അറിയാം. ഒന്നുകിൽ അവർ മാഷ്ടെ ശിഷ്യന്മാരാകും. അല്ലെങ്കിൽ അറിയുന്നവരാവും. അകത്ത് എവിടെ വേണമെങ്കിലും വരി തെറ്റിച്ചും മാഷ്ക്ക് കടന്നുചെല്ലാം. പലരും മാഷോട് അങ്ങനെ ആവാം എന്ന് പറഞ്ഞ് ക്ഷണിക്കുകയും ചെയ്യും. പക്ഷേ എപ്പോഴാണോ എല്ലാവരും അകത്തേക്ക് പോകുന്നത് അപ്പോഴേ മാഷ് അകത്തേക്ക് കടക്കൂ. ആരുടേയും മുന്നിൽ കേറിപോകില്ല. തിരക്കാണെങ്കിൽ തിരിച്ചുപോകും.



**അദ്ദേഹത്തിന്റെ ആത്മകഥയുടെ പേർതന്നെ 'ആയാതമായാതം' എന്നാണ്...**

ശരിയാണ്. ആയാതമായാതമപേക്ഷണീയം, ഗതംഗതംസർവ്വമുപേക്ഷണീയം. അതുതന്നെയാണ് മാഷ്ടെ ജീവിതവും എന്ന് പലപ്പോഴും തോന്നാറുണ്ട്. നമുക്ക് എന്തെങ്കിലും കിട്ടാനുണ്ട് എന്ന് തോന്നുമ്പോഴാണ് അത് കിട്ടാതിരിക്കുമ്പോൾ സങ്കടം വരുന്നത്. കിട്ടാനുള്ളത് വളരെ വലുതും കിട്ടുന്നത് വളരെകുറച്ചും ആകുമ്പോൾ ജീവിതത്തിൽ എപ്പോഴും എന്താ ഉണ്ടാവുക? സങ്കടം മാത്രമാവും. ഞാൻ പതിനായിരം കാര്യങ്ങൾ കിട്ടണം എന്ന് വിചാരിച്ചു. എനിക്ക് നാലുകാര്യങ്ങൾ മാത്രം കിട്ടി. അപ്പോൾ ഈ പതിനായിരത്തിൽ നിന്ന് നാലുകുറച്ച അത്രയും സംഖ്യക്ക് ഞാൻ കടക്കാരനല്ലേ? ജീവിതത്തിന്റെ മൊത്തം ഡെപ്പോസിറ്റ് സങ്കടം ആണെന്നാണ് പറയുന്നത്. എന്നാൽ യഥാർത്ഥത്തിൽ എനിക്ക് കിട്ടാനുള്ളതെല്ലാം കിട്ടിയെന്നും എനിക്ക് കിട്ടിയതാണ് ഇതെല്ലാം എന്നും വിചാരിക്കുമ്പോൾ സങ്കടം എന്തിനാ? അതാണ് ഈ ഗതം ഗതം സർവ്വം ഉപേക്ഷണീയം.

**മനുഷ്യരാശിയുടെ സങ്കടമോചനത്തിന് വഴിയുണ്ട് എന്ന് ബുദ്ധൻ പറഞ്ഞു. എന്നാൽ അതാരും കേൾക്കുന്നില്ല. അത് തിരിച്ചറിയാത്തതെന്താണ് എന്ന് ചോദിച്ചാൽ അതിനു നമ്മൾ ജന്മജന്മാന്തരം ആയിട്ടുള്ള സഞ്ചാരം എന്ന ഉത്തരമാണ് പറയുക. ഇത് യഥാർത്ഥത്തിൽ ഒരുത്തരമാണോ?**

ഉത്തരം ആവണമെന്നില്ല എന്ന് പറഞ്ഞാൽ അതല്ലാതെ വേറൊരു ഉത്തരമില്ല. കുട്ടികളെനോക്കൂ. അവർക്ക് കിട്ടാത്ത സംഗതിക്കുള്ള സങ്കടം കുറച്ചുനേരം മാത്രമേ ഉള്ളൂ. എന്നാൽ ബുദ്ധിയുറച്ച നമ്മളോ? നമ്മൾക്ക് എന്തെങ്കിലും കിട്ടിയിട്ടില്ലെങ്കിൽ മരണംവരെ അതിനെക്കുറിച്ച് മാത്രം ചിന്തിച്ചു ദുഃഖിച്ചിരിക്കും. ഇല്ലേ? മനുഷ്യന് ബുദ്ധി ഉറയ്ക്കരുതെന്നാണ് ദുഃഖമോചനത്തിന് കൊടുക്കാൻ നമ്മുടെ ഒരു ധർമ്മോപദേശം! ബുദ്ധി ഉറക്കാൻ പാടില്ല. ബുദ്ധിക്ക് ഉറപ്പുണ്ടാവരുത്. ബുദ്ധി ഒരു ഉ

പകരണം മാത്രമാണ്. അതിൽ ചില ധാരണകൾ ഉറപ്പിച്ചുവെച്ചാൽ അതിൽ നിന്ന് അങ്ങോട്ടുമിങ്ങോട്ടും നമുക്ക് മാറാൻ കഴിയില്ല. ഞാനൊരുകാര്യം ഉറപ്പിച്ചു തീർച്ചപ്പെടുത്തി എങ്കിൽ അങ്ങ് വന്ന് അങ്ങനെ അല്ലാത്ത ഒരു കാര്യം കൂടി ഉണ്ട് എന്ന് പറഞ്ഞാൽ ഞാൻ വിശ്വസിക്കില്ല. നേരെമറിച്ച് എനിക്ക് ഇപ്പോഴേ ഒരു ഉറപ്പുണ്ട്. എനിക്ക് എല്ലാ കാര്യങ്ങളും ശരിക്കും മനസ്സിലായിട്ടില്ല. കുറച്ചുകൂടി കാര്യങ്ങൾ മനസിലാക്കാൻ ഉണ്ട് എന്നായാലോ? എനിക്ക് മാത്രമല്ല കിട്ടാത്തത് പലർക്കും എന്നെപ്പോലെ കിട്ടാതെ പോയിട്ടുണ്ട്. ഈ കിട്ടായ്മ ലോക സ്വഭാവമാണ് എന്ന് മനസ്സിലാക്കാനുള്ള ഒരു സംസ്കാരം ഉണ്ടായാൽപിന്നെ സങ്കടം എങ്ങനെ ഉണ്ടാവും...

**ഇക്കഴിഞ്ഞത് രാമായണമാസം ആണല്ലോ. രാമായണം എല്ലാവീടുകളിലും വായിക്കുന്നു. മര്യാദപുരുഷോത്തമൻ എന്ന് ആദികവി വിശേഷിപ്പിക്കുന്ന രാമൻ അനുഭവിച്ച ദുഃഖംതന്നെ എത്ര തീവ്രമാണ്? മനുഷ്യരാശിയുടെ സങ്കടമോചനത്തിന് രാമായണത്തിലൂടെ എഴുത്തച്ഛൻ നൽകുന്ന മറുപടിയും ഇതുതന്നെയല്ലേ? എന്നിട്ടും ഭാഷാപിതാവ് നല്കിയ ആ ഉപദേശങ്ങൾ മലയാളികൾ പോലും ഉൾക്കൊള്ളുന്നില്ലല്ലോ? അതുമാത്രമല്ല, അതിലെ ആശയങ്ങളെ വിപരീതമായി പ്രചരിപ്പിച്ച് ആനന്ദം കൊള്ളുകയും ചെയ്യുന്നു.**

നമുക്ക് കിട്ടിയ ഉപകരണങ്ങൾ ശരിയായ രൂപത്തിൽ നമ്മൾ ഉപയോഗിക്കാത്തത് കൊണ്ടുള്ള ബുദ്ധിമുട്ടാണ് അത്. നമുക്ക് ഇന്ദ്രിയങ്ങൾ ഉണ്ട്. മനസ്സുണ്ട്, ബുദ്ധിയുണ്ട്. ഈ മൂന്നേ ഉള്ളൂ എന്നാണ് പടിഞ്ഞാറൻനാട്ടിലെ മന:ശാസ്ത്രം പറയുന്നത്. സെൻസ്, ഓർഗൻസ്, മൈൻഡ് ആൻഡ് ഇൻലക്റ്റ്. അതിനപ്പുറത്ത് ഒന്നുമില്ല. എന്നാൽ അതിനപ്പുറത്ത് നാലാമത് ഒന്നുകൂടി ഉണ്ട് എന്നാണ് നമ്മുടെ മന:ശാസ്ത്രം പറയുന്നത്. അതുമാത്രമേ ഉള്ളൂ എന്നുകൂടി പറയുന്നുണ്ട്. അത് അറിയാത്തതുകൊണ്ടാണ് ഈ പ്രശ്നം വരുന്നത്. അപ്പോൾ അവിടെനിന്നുനോക്കുകയാണെങ്കിൽ പ്രശ്നമില്ല. അവിടെനിന്ന് ബുദ്ധിയുടെ അപ്പുറത്തുള്ള ബോധം എന്നോ, പുരുഷോത്തമം എന്നോ പറയുന്ന ഒരുസംഗതി ഉണ്ട്. അതിലൂടെയാണ് ട്രാൻസിഷൻ വരുന്നത്. അവിടെ എത്തി ട്രാൻസിഷൻ വരാതിരുന്നാൽ നമുക്ക് കിട്ടിയ കാര്യങ്ങളൊക്കെ വെറും ഉപകരണങ്ങൾ ആയിട്ട് നമ്മെ നയിച്ചുകൊണ്ട്പോകും. ഇപ്പോൾ തന്നെ നമ്മുടെയൊക്കെ ജീവിതം ഇന്ദ്രിയങ്ങൾ കൊണ്ടുവരുന്ന വിവരങ്ങൾ വച്ചിട്ട് മനസ്സ് തീരുമാനമെടുക്കും. അങ്ങനെ മനസ്സ് എടുക്കുന്ന തീരുമാനം വെച്ചിട്ട് ബുദ്ധി ഒരു നിശ്ചയദാർഢ്യത്തിലേക്ക് പോകും. അത് നേരെ മറിച്ചാണ് വേണ്ടത് എന്നാണ് പഴയകാലത്തെ ആളുകൾ പറയുന്നത്. അതായത്, ഈബുദ്ധിക്ക് അപ്പുറത്ത് ഇരിക്കുന്ന ഒരു അഹംബോധം ഉണ്ടല്ലോ? അതിൽനിന്നാണ് കാര്യങ്ങളുടെ നിയന്ത്രണം വരേണ്ടത്. ആ നിയന്ത്രണം ബുദ്ധിയിൽ കേന്ദ്രീകരിക്കുകയും പുതിയത് മനസ്സിലേക്ക് കൊടുക്കുകയും വേണം. ആ മനസ്സ് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുകയും വേണം എന്നാണ്. അതിനാണ് കല്പന എന്ന് പറയുന്നത്. നയിക്കുന്ന ആള് ഒന്ന്, കുതിരകൾ വേറെ! ഇരിക്കുന്ന ആള് വേറെ! ചമ്മട്ടിവേറെ! ഇത് തലതിരിഞ്ഞുപോയാൽ കുതിരയെ വണ്ടിയുടെ പിന്നാമ്പുറത്ത് കെട്ടിയപോലെ ആവും. വട്ടംകറങ്ങും എന്നർത്ഥം.

മനുഷ്യന്റെ ഈ വിപരീതഭാവനതന്നെയാവും മനസ്സിന്റെ വൈരുദ്ധ്യത്തിനും കാരണം അല്ലേ? എന്താണെന്ന് വെച്ചാൽ സ്വന്തം ജീവൻവരെ തൃണവൽഗണിച്ച് മറ്റൊരു ജീവൻ രക്ഷിക്കാൻ വേണ്ടി മനുഷ്യൻ ശ്രമിക്കും എന്നാൽ അതേമനുഷ്യൻ തന്നെ ചില ആശയങ്ങളുടെ പേരിലോ മറ്റൊരാൾക്ക് വേണ്ടിയോ സ്വർഗ്ഗം കിട്ടും എന്നധാരണയിലോ സ്വജീവൻ ഹോമിക്കാനും മറ്റൊരാളെകൊല്ലാനും മടിക്കുന്നില്ല. വല്ലാത്തൊരു വിചിത്ര ജീവിതന്നെയാണ് മനുഷ്യൻ!

മനുഷ്യന്റെ യഥാർത്ഥമായിട്ടുള്ള ജന്മവാസന തിരിച്ചറിയുകയാണെങ്കിൽ അവൻ നല്ലത് മാത്രമേചെയ്യൂ. എല്ലാമനുഷ്യരും അങ്ങനെതന്നെ! ഏതു വലിയ കുറ്റവാളിയായാലും! ഈ അടിവേരിൽ നിന്നുള്ള ആ പറച്ചിലാണ് മനിഷാദ! നമ്മൾ എന്തു ചെയ്യുന്നു എന്നുവെച്ചാൽ അതിനെ അടിച്ചമർത്തുന്നു. അങ്ങനെ അടിച്ചമർത്തി മുന്നോട്ടുപോവുമ്പോൾ പിന്നെപിന്നെ ആ instinct തീരെ വരാതെ ആവും. അതാണ് 'യദാ യദാഹി ധർമ്മസ്യ'. ആ അവതാരത്തെ അവഗണിച്ചുപോയാൽ ഞാൻ ദുര്യോധനനായിമാറും.

**ഈ സമൂഹമനസ്സാക്ഷിയിലും അതുപോലെ ഒരു അരുതേ ഉണ്ടാവണ്ടേ?**

സമൂഹമനസ്സാക്ഷി എന്നുള്ളത് ഒരു കോൺസെപ്റ്റ് ആണ്. കുറെ ആൾക്കാർ ഒരുമിച്ച് ചേർന്ന് നിൽക്കുമ്പോൾ ആ ചേരുവകൾ എല്ലാം ചേർന്ന് അവർക്ക് ഉണ്ടാകുന്ന ഒരു ശക്തിയാണ് ഈ സമൂഹമനസ്സാക്ഷി'. അല്ലാതെ അവരുടെ എല്ലാം മനസ്സിലുള്ള ബോധങ്ങളുടെ ഒരു ശരാശരിബോധം അല്ല. ആയിരക്കണക്കിന് പക്ഷികൾ ഒരുമിച്ച് ചേർന്നുപോകുമ്പോൾ ഒരേ ഫോർമേഷനിൽ പോ

കുന്നത് കണ്ടിട്ടില്ലേ? അതിനെയൊക്കെ ഓരോ സ്ഥാനം കൊടുത്ത് പഠിപ്പിച്ചിരിക്കുകയാണോ? അല്ല. പക്ഷേ പറക്കുമ്പോൾ ഒരുഫോർമേഷൻ താനെവരും. അതൊരു ജന്മവാസനയാണ്. അതനുസരിച്ച് ഒരുപക്ഷി പെരുമാറുമ്പോൾ ആ പക്ഷിക്കൂട്ടം മുഴുവൻ ഒരു ഫോർമേഷനിൽ വരുകയാണ്.

**എന്നാൽ മനുഷ്യരിൽ അങ്ങനെവരുന്നില്ലല്ലോ? ചിലമനുഷ്യർ മുമ്പേ പറക്കുന്ന പക്ഷിയാവും...**

മുമ്പെ പറക്കുന്ന പക്ഷിയും ആ ഫോർമേഷനിൽ വരുന്നതാണ്. അതിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ് നാച്ചുറൽ സെലക്ഷൻ ആണത്.

**അങ്ങനത്തെ പക്ഷികളെ പിന്തുടരാൻ കഴിയുക എന്ന് പറഞ്ഞാൽ അതൊരുഭാഗ്യം തന്നെയാണ്.**

ഉത്തരമായി ഹൃദ്യമായ ഒരു ചിരിമാത്രം.

**ലോകത്തെ ബാധിച്ച രോഗം പിടികിട്ടി. ഔഷധവും പൂർവ്വികർ നിർണ്ണയിച്ചു. ആ ഔഷധം തന്നെമതി ഈരോഗത്തിന് ഇക്കാലത്തും ചികിത്സിക്കാൻ എന്നാണ് മനസ്സിലാകുന്നത് അല്ലേ?**

പക്ഷെ ഒന്നുണ്ട്. ഈ പൂർവ്വികർക്ക് കുറച്ചുകൂടി യാഥാർത്ഥ്യബോധം ആവാമായിരുന്നു. കുറച്ചൊക്കെ ഭൗതിക കാര്യങ്ങൾകൂടി ശ്രദ്ധിക്കാമായിരുന്നു. കുറെ മുമ്പ് അവർ ശ്രദ്ധിച്ചിരുന്നു. ഇടക്കാലത്ത് അത് നഷ്ടപ്പെട്ടു. തീരെ ഇല്ല എന്നല്ല. എത്ര കുറച്ചുസംഗതികൾകൊണ്ട് ജീവിക്കാം എന്നതിന് അവർ ധാരാളം പരീക്ഷണങ്ങൾ നടത്തിയിരുന്നു. എത്രകുറച്ച് സാധനങ്ങൾകൊണ്ട് മനുഷ്യന് ജീവിക്കാൻപറ്റും? ഒരുതുള്ളി പാലുകൊണ്ട് ഒരുദിവസം മുഴുവൻ ജീവിക്കാൻ പറ്റുമോ? പശുക്കുട്ടി കുടിച്ചതിനുശേഷം അതിന്റെ കടവായിൽ കൂടി ഒഴുകിപ്പോകുന്ന ആ പാൽനുരകൊണ്ട് ജീവിക്കാൻ പറ്റുമോ എന്നൊക്കെ പരീക്ഷിച്ചിരുന്നു. അത്തരം പരീക്ഷണങ്ങൾ നടത്തിയ ആൾക്കാരായിരുന്നു ഉണ്ടായിരുന്നത്. ഭക്ഷണം കഴിക്കാതെ എത്രദിവസം ജീവിക്കാൻപറ്റും, ഉപ്പില്ലാതെ എത്രകാലം ജീവിക്കാം. എന്നാൽ മനുഷ്യസമൂഹത്തെ പറ്റി അവർ കൂടുതൽ ചിന്തിച്ചിട്ടില്ല, മനുഷ്യസമൂഹം എന്ന ചിന്ത അവരിൽ വന്നിട്ടില്ല. അവർക്ക് ആകെ ഉണ്ടായിരുന്നത് വ്യക്തി എന്നുള്ളതായിരുന്നു.

**അതായിരുന്നു നമ്മുടെ ഒരുദോഷം എന്ന് പറയാം വേറൊരുതരത്തിൽ ഗുണം എന്നുകൂടി പറയാമല്ലോ?**

ദോഷം എന്ന് പറയാൻവയ്യ.

**ഇന്ന് യുവാക്കളിൽ പലരും ഇന്ത്യയിൽ നിൽക്കാതെ വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോവുകയും അവിടെ ചേക്കേറുകയും ചെയ്യുന്നു. ഇന്ത്യൻസമൂഹം അവരുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്ക് വിലക്ക്കൽപ്പിക്കുന്നു എന്നും അവർക്ക് സ്വാതന്ത്ര്യം കിട്ടുന്നില്ല. ഇതിൽ നിന്നെല്ലാം മോചനം നേടാൻ വിദേശരാജ്യങ്ങളാണ് നല്ലത് എന്നും ഉള്ള ചിന്തയാണ് അവരെ വിദേശരാജ്യങ്ങളിലേക്ക് കുടിയേറാൻവേണ്ടി പ്രേരിപ്പിക്കുന്നത് എന്ന് പറയുന്നുണ്ട്.**

അതല്ലപ്രശ്നം നമ്മൾ ചെയ്യുന്ന ജോലിയിൽ നമ്മൾക്ക് തൃപ്തി ഉണ്ടോ, സന്തോഷം ഉണ്ടോ എന്നതാണ് പ്രശ്നം. ഇവിടെ കിട്ടുന്ന ശമ്പളത്തിൽ തൃപ്തി ഉണ്ടോ എന്നല്ല ചെയ്യുന്ന ജോലിയിൽ സംതൃപ്തി വേണം. ഞാൻ എഴുതുന്ന പുസ്തകത്തിന് എനിക്ക് ഒന്നും കിട്ടിയില്ലെങ്കിലും എനിക്ക് ഒരുകുഴപ്പവുമില്ല. കാരണം ഞാൻ അങ്ങനെ പ്രതിഫലം ആഗ്രഹിച്ചിട്ട് ചെയ്യുന്ന ജോലിയല്ല എഴുത്ത്! എന്നാൽ ഞാൻ വൈകുന്നേരംവരെ വേറെ ആരുടേയെങ്കിലും വീട്ടിൽ ജോലിചെയ്തിട്ട് എനിക്ക് കൂലികിട്ടിയില്ലെങ്കിൽ ഞാൻ വിഷമിക്കും. കാരണം അവിടെ ഞാൻ വേറെ ആർക്കോവേണ്ടി ജോലി ചെയ്യുകയാണ്. എനിക്ക് വേണ്ടി അല്ലാതെ ഞാൻ ചെയ്യുന്ന ജോലി ആവുമ്പോൾ ഞാൻ കൂലിയിലാണ് ശ്രദ്ധിക്കുക. എന്നാൽ എനിക്കുവേണ്ടി ചെയ്യുന്ന പണിയിൽ ഞാൻ പണിയിലാണ് ശ്രദ്ധിക്കുക! മനുഷ്യൻ ജീവിക്കുന്നത് എന്തിനുവേണ്ടിയിട്ടാണ്? സന്തോഷത്തിനു വേണ്ടിയിട്ടാണ്. സന്തോഷം എന്നുപറഞ്ഞാൽ എന്താണ്? എന്റെ ഉള്ളിലുള്ള ഒരു പ്രത്യേക ഗുണവിശേഷത്തിന്റെ ത്വര നിറവേറ്റുവാൻ വേണ്ടി ഞാൻ ചെയ്യുന്ന ജോലിയാണ് എനിക്ക് സന്തോഷം തരുന്നത്. എനിക്കൊരു പശുവിനെവളർത്തുമ്പോൾ സന്തോഷം തോന്നുന്നത് അതിനെ വളർത്തണമെന്ന് തോന്നുന്നതുകൊണ്ടാണ്. അല്ലാതെ പശു എത്ര പാൽതരും എന്ന് ചിന്തിച്ചിട്ടില്ല.

**പക്ഷേ ആരും ഇത് മനസ്സിലാക്കുന്നില്ലല്ലോ?**

മനസ്സിലാക്കുന്നുണ്ട്. മനസ്സിലാക്കിവരുന്നുണ്ട്. ലോകം എല്ലാമനുഷ്യർക്കും അവർക്ക് ഇഷ്ടപ്പെട്ട ജോലികൊടുക്കാൻ പറ്റുമോ എന്ന് ചോദിച്ചാൽ ഓരോ മനുഷ്യനും ഓരോ ഇഷ്ടങ്ങളാണ്. അഭിരുചികൾ ഭിന്നമായതുകൊണ്ട് വളരെ പ്രയാസമാണ്. പക്ഷേ അങ്ങനെ ഒരു വ്യവസ്ഥിതി ഉണ്ടായാൽ മാത്രമേ ഭൂരിപക്ഷം മനുഷ്യനും സന്തോഷം എന്നഭാവം ഉണ്ടാവുള്ളൂ.

**സാർ തന്നെ ഒരിക്കൽ എവിടെയോ പറഞ്ഞ**

**ത് ഞാൻ വായിച്ചു. ഇത്തരത്തിൽ ലോകം മുന്നോട്ടുപോയികഴിഞ്ഞാൽ ഇനി മുപ്പതുകൊല്ലംകൂടി മാത്ര മേലോകത്തിന് ആയുസ്സുള്ളു എന്ന്. അതിനെക്കുറിച്ച്?**

ശരിയാണ്. ഞാനങ്ങനെ പറഞ്ഞു. പക്ഷെ ലോകംതന്നെ ഇപ്പോൾ അതിന് പരിഹാരം ഉണ്ടാക്കിവരികയാണ്. എന്തായാലും ഇങ്ങനെ പോയാൽ പറ്റില്ല എന്ന് തീർച്ചയായല്ലോ? അതിന്റെ അവസാനത്തെ ബുദ്ധിമുട്ടുകൾ ആണ് നമ്മൾ ഇപ്പോൾ കാണുന്നത്. യുദ്ധങ്ങളും രോഗങ്ങളും. ഇന്നുള്ള മതങ്ങൾകൊണ്ടോ മതസംഘടനകളെകൊണ്ടോ രാഷ്ട്രീയസംഘങ്ങളെകൊണ്ടോ ലോകത്തിൽ നല്ലൊരുഭരണമോ വ്യവസ്ഥിതിയോ ഉണ്ടാക്കാൻ കഴിയില്ല എന്നകാര്യം ഏറെക്കുറെ തീർച്ചയായി. അതിനെന്താണ് വഴി എന്നുള്ളചിന്ത വന്നുതുടങ്ങിയിരിക്കുന്നു. പ്രശ്നങ്ങൾ ഉയർത്തുന്ന രീതി മാറണം. എല്ലാറ്റിനും പരിഹാരമാണ് വേണ്ടത്.

**അങ്ങനെയാണെങ്കിൽ നാളത്തെ ലോകനേതാക്കളെ സൃഷ്ടിക്കുന്ന യൂണിവേഴ്സിറ്റികളുടെ ശൈലിതന്നെ മാറ്റണം..**

അതെ ഒരേകാര്യം പഠിപ്പിക്കുന്ന യൂണിവേഴ്സിറ്റികളിൽ അത് പഠിക്കുന്ന എത്രകുട്ടികളിൽ അതുകൊണ്ട് മാറ്റമുണ്ടാക്കാൻ കഴിയും? മനുഷ്യർ അവന്റെ കഴിവുകളെ അന്വേഷിച്ചു മനസ്സിലാക്കേണ്ട കാര്യങ്ങൾ അല്ലേ യൂണിവേഴ്സിറ്റികളിൽ വേണ്ടത്? ഞാൻ നിശ്ചയിച്ചുവെച്ചത് പഠിക്ക് എന്നാണല്ലോ ഇവിടുത്തെ രീതി.

എന്റെ കൊച്ചുമകൻ എട്ടാംക്ലാസിൽ പഠിക്കുന്ന കുട്ടി ഒരുദിവസം എന്നോട് ചോദിച്ചു:

"അച്ഛച്ഛാ, ഞാൻ എന്തിനാണ് ഇന്ത്യയിലെ ഏത് ഭാഗത്തൊക്കെയാണ് നീലംകൃഷി ചെയ്യുന്നത് എന്ന് പഠിക്കുന്നത്?

'അതെന്താമോനേ'

'അല്ല. ഞാൻ വേറൊരിടത്ത് വായിച്ചു. ഇന്ത്യയിൽ എവിടേയും ഇപ്പോൾ നീലംകൃഷി ചെയ്യുന്നില്ല എന്ന്. ഇവിടെ ഉപയോഗിക്കുന്നതൊക്കെ സിന്തറ്റിക് നീലമാണ്. നീലം ഇപ്പോൾ എവിടെയും കൃഷിചെയ്യുന്നില്ല. സിന്തറ്റിക് നീലം ഉപയോഗിക്കാതിരുന്ന കാലത്ത് ഇന്ത്യയിൽ കൃഷിചെയ്തിരുന്ന ആ കാര്യത്തെകുറിച്ചാണ് ഇപ്പോഴും എട്ടാംക്ലാസിലെ കുട്ടികളെ പഠിപ്പിക്കുന്നത് എന്തിനാണ്? ആവശ്യമില്ലാത്ത ആ സംഗതി പഠിക്കുന്നകുട്ടികൾക്ക് പരീക്ഷയിൽ മാർക്ക് കിട്ടും. അത് പഠിക്കാത്ത കുട്ടികൾക്ക് പരീക്ഷയിൽ മാർക്ക് കിട്ടില്ല.

ഞാൻ പറഞ്ഞു : 'മോനെ നീ അത് പഠിക്കണ്ട. അതിന്റെ മാർക്ക് വേണ്ട.'

എന്തായാലും അതിലൊക്കെ മാറ്റം വരും എന്ന് പ്രതീക്ഷിക്കാം.

**ആ ശുഭാപ്തി വിശ്വാസം നമുക്ക് എപ്പോഴും ഉണ്ടാകട്ടെ. ഇനി അങ്ങയുടെ കുടുംബത്തെക്കുറിച്ച്. ഗീതാദർശനം എന്ന താങ്കളുടെ പുസ്തകത്തിന്റെ ആമുഖത്തിൽ അങ്ങ് പറയുന്നുണ്ട് ആ പുസ്തകത്തിൽ എത്തിച്ചേർന്ന നിഗമനത്തിനുവേണ്ടി ഗവേഷണം നടത്താൻ മകൻ ഏറെ സഹായിച്ചു എന്ന്, അതിനെകുറിച്ച്?**

മകൻ ഡോ. ഗോപാൽ മെഡിസിൻ പഠിച്ചു. പിന്നെ റേഡിയോളജി പഠിച്ചു. ചെയ്യുന്ന ജോലി അതാണ്. പക്ഷേ കൂടുതൽ ഇഷ്ടം ഇത്തിരി പാട്ടു പാടാനോ, വേദാന്തം പഠിക്കാനോ ഒക്കെ ആണ്. ഉച്ചവരെ ജോലി ചെയ്യും. അയാൾ അങ്ങനെയായത് കൊണ്ട് പത്തോ ഇരുപതോവർഷം കഴിഞ്ഞ് ഞാൻ എന്തിനാണ് ജീവിച്ചത് എന്ന് സ്വയം ചോദിക്കുമ്പോൾ അതിനൊരുഅർത്ഥമുണ്ടാകും.

ജീവിതത്തിൽ രസംവേണം. നമ്മളിപ്പോൾ ശ്രമിക്കുന്നത് അതിനെ എങ്ങനെ വിരസം ആക്കി മാറ്റാം എന്നാണ്. ജീവിതത്തെ രസപൂർണ്ണമാക്കി മാറ്റാൻ എന്താണ് നമ്മൾ ചെയ്യേണ്ടത് എന്നാണ് നോക്കേണ്ടത്. ആ തീരുമാനം ഓരോരുത്തരും ഉടനെ എടുത്തില്ലെങ്കിൽ രസവും ഉണ്ടാവില്ല. രസക്കുടുക്കയും ഉണ്ടാവില്ല.

**നമ്മുടെ രസം നമ്മൾതന്നെ കണ്ടെത്തണം. അതിന് ഗുരുനാഥന്മാരുടെ സഹായം തേടാം. അല്ലേ സർ? നല്ല ഗുരുനാഥന്മാരെ ആദരിക്കുക. അവരുടെ ജീവിതവീക്ഷണം യുവജനങ്ങളെ പഠിപ്പിക്കുക എന്നത് തുളസീദളത്തിന്റെ ലക്ഷ്യമാണ്. അങ്ങ് ആ ജീവിതദർശനം പിൻപറ്റുന്ന ആളുമാണ്. അതുകൊണ്ടാണ് കെ.പി. നാരായണപിഷാരോടിയുടെ പേരിലുള്ള ആദ്യത്തെ തുളസീദളം പുരസ്കാരം അങ്ങേയ്ക്ക് തന്നെ സമ്മാനിക്കാൻ ഞങ്ങൾ തീരുമാനിച്ചത്...**

സന്തോഷം. ഇനിയും ഷാരടിമാഷെപോലുള്ള ആൾക്കാർ ഉണ്ടാവുക എന്നതാണ് നമ്മുടെ ആവശ്യം. യൂണിവേഴ്സിറ്റികൾ ഇങ്ങനെയൊക്കെ ആയിട്ടും ഇങ്ങനെ ഒരു പ്രൊഫസർ അവശേഷിച്ചു എന്നതാണ് ഇപ്പോഴും എന്റെ അത്ഭുതം! അങ്ങനെ ഒരാൾ ഉണ്ടാവാൻ ഒരുസാധ്യതയും ഇല്ലായിരുന്നു. എന്നിട്ടും ഉണ്ടായി. അല്ലെങ്കിൽ ഇൻകംടാക്സുകാരെ തോൽപ്പിക്കാൻ എന്ത് ചെയ്യണം എന്ന് കണക്കാക്കുന്ന ഒരു അദ്ധ്യാപകൻ ആയിട്ട് ഷാരടിമാഷെ കാണേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നു എങ്കിൽ ഉള്ള ഒരു സങ്കടം ആലോചിച്ചു

നോക്കൂ! റിട്ടയർചെയ്യുന്ന ഒരു പ്രൊഫസർ ഇപ്പോൾ ശ്രദ്ധിക്കുന്നത് ഇൻകംടാക്സ്കാരെ തോൽപ്പിക്കാൻ എന്താചെയ്യേണ്ടത് എന്നുള്ളതാണ്. അതിലാണ് അയാൾ ഗവേഷണം നടത്തുന്നത്.

ഇപ്പോഴത്തെ വിദ്യാഭ്യാസത്തിൽ കിൻഡർഗാർഡൻ മുതൽ ലക്ഷങ്ങൾ കൊടുത്തിട്ടാണ് അഡ്മിഷൻ എടുക്കുന്നത്. ഇത് ആർക്കാ കൊടുക്കുന്നതെന്ന് അറിയില്ല. ഇതെന്തിനാ കൊടുക്കുന്നതെന്ന് അറിയില്ല. ഇങ്ങനെ ഒരു ലോകത്ത് എങ്ങനെയാണ് നല്ലൊരു ഗുരുനാഥൻ ഉണ്ടാവുക?

**പ്രൊഫ: ചെറുകാടിനെക്കുറിച്ചുള്ള അങ്ങയുടെ ഓർമ്മകൾ?**

ചെറുകാടുമായി അടുത്തബന്ധം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ രവീന്ദ്രൻ എന്റെ സഹപാഠിയായിരുന്നു. ആത്മസുഹൃത്തായിരുന്നു. ഞങ്ങൾ അന്ന് വാടകക്കൊരുമുറിയെടുത്ത് ഒരുമിച്ചായിരുന്നുതാമസം. ഭക്ഷണം സ്വയം പാകം ചെയ്യും. ഉള്ളതുകൊണ്ട്. വറുതിയുടെ കാലമായിരുന്നു. രണ്ടുപേരുടെ കൈയിലും കാശില്ല. ഇടക്ക് മാതൃഭൂമിയിൽ നിന്നോ ആകാശവാണിയിൽ നിന്നോ എഴുത്തിന് എന്തെങ്കിലും പ്രതിഫലം കിട്ടും. അന്ന് ശാന്തഭവനിൽപോയി രണ്ടാളും കുശാലായി ഊണ്കഴിക്കും. ചെറുകാട് ഇടയ്ക്ക് വരും. കുറേനേരംസംസാരിച്ചിരിക്കും. 'എല്ലാംമായ്ക്കുന്നകടൽ' എന്ന നോവലിൽ ആകാലമുണ്ട്.

**സാർ തന്നെ ഒരുഗുരുനാഥനെകുറിച്ച് ഒരിക്കൽ പറഞ്ഞത് ഞാൻകേട്ടിട്ടുണ്ട്. അങ്ങാടിയിൽ എന്തോ ഒരു ലഹളനടന്നപ്പോൾ ഒരു തോർത്തുമുണ്ട് മാത്രം ധരിച്ച് വടിയും കുത്തി ഒരു വൃദ്ധൻ അങ്ങോട്ട് വന്നപ്പോൾ സ്വിച്ചിട്ടപോലെ ആ ബഹളം അവസാനിച്ചു. കാരണം അദ്ദേഹം അവരെയെല്ലാം പഠിപ്പിച്ച പ്രൈമറി സ്കൂൾ അദ്ധ്യാപകനായിരുന്നു. അതെന്നെ വല്ലാതെ സ്പർശിച്ചു. ഒരുലഹളയെവരെ ഒതുക്കിതീർക്കാൻ പറ്റുന്ന ഒറ്റയാൾ പട്ടാളങ്ങൾ ഉണ്ടായിരുന്നു ഇവിടെ!**

അവിടെ എന്താ ഒരുബഹളം എന്ന് ഒരുമാഷ് ചോദിച്ചാൽ അപ്പോൾ ആ ബഹളം അവസാനിക്കും. ഇന്നൊരുമാഷ് അങ്ങനെവിളിച്ചുചോദിച്ചാൽ മാഷ് അവസാനിക്കും.

**എന്തായാലും ഈ സംഭാഷണം രസപൂർണ്ണതയിലേക്ക് തന്നെയാണ് നയിക്കുന്നത് എന്ന് പറയാം. സമയം പോയതറിഞ്ഞില്ല. രണ്ട് മണിക്കൂർ പിന്നിട്ടു. അവസാനമായി ഒരു ചോദ്യം കൂടി. പിഷാരോടി സമാജത്തിന്റെ മുഖപത്രമായ 'തുളസീദളം' വായനക്കാർക്ക് നല്കാനുള്ള അങ്ങയുടെ സന്ദേശം എന്താണ്?**

ഓരോ സമൂഹവും അതിന്റെ ഉയർച്ചയും ഉണർച്ചയും രേഖപ്പെടുത്തുകയാണെങ്കിൽ അത് നല്ലതാണ്. കാരണം ആ സമൂഹത്തിന് ഒരു സ്ഥാനം ഉണ്ടല്ലോ? അതിൽ ആരെങ്കിലും നല്ല ഒരു ആശയം പറയുകയാണെങ്കിൽ സ്വീകരിക്കാൻ പറ്റുന്നതാണെങ്കിൽ നമുക്ക് സ്വീകരിക്കാലോ? ബോധത്തിന്റെ ഉപരിതലത്തിലേക്ക് അത് വരികയാണെങ്കിൽ മറ്റുള്ളവർക്ക് അത് പ്രചോദനമായിമാറും. അങ്ങനെയാണ് പഴയകാലത്ത് ഈ സമുദായങ്ങൾ ഒക്കെ സംഘടനകൾ ഉണ്ടാക്കാൻ വേണ്ടിമുന്നോട്ടുവന്നത്. എന്റെ വീട്, എന്റെ നാട്, എന്റെ കുലം അവയൊക്കെ ഞാൻ ആദ്യം ശരിപ്പെടുത്തുക എന്നുള്ളതാണ് ആദ്യം ചെയ്യേണ്ടത്. അത് എല്ലാവരും ചെയ്താൽ മതിയല്ലോ. ലോകം മുഴുവൻ നന്നാക്കുന്നതിന് പകരം ഞാൻ എന്നെ നന്നാക്കിയാൽ പോരേ? അങ്ങനെ എല്ലാവരും ശരിയായാൽ പിന്നെ ലോകവും നന്നായി.

പക്ഷെ ഇതിലൊക്കെ അനാവശ്യമായി പൊളിറ്റിക്സ് കടന്നുവരുമ്പോൾ പ്രശ്നമുണ്ടാവുന്നു. അധികാരം ആണല്ലോ മനുഷ്യനെ ഭിന്നിപ്പിക്കുന്നത്. നമുക്കൊക്കെ അധികാരമാണ് വേണ്ടത്. അധികാരമില്ലാത്ത ആൾക്കാർക്കും കഴിവില്ലാത്ത ആൾക്കാർക്കും വരെ ആരോടെങ്കിലും കൽപ്പിക്കണം. ആരുമില്ലെങ്കിൽ കെട്ടിയപെണ്ണിനോട് എങ്കിലും കൽപ്പിക്കണം. അതിനുതെളിവായി രണ്ടെണ്ണം കൊടുത്താലും അത് കൊണ്ടുനിന്നോളണം.

ഈ അധികാരത്തിന്റെ ഭ്രാന്ത് മൂത്ത് മൂത്ത് പിന്നെമനുഷ്യൻ ചെയ്യാത്ത പണികൾ ഒന്നുമില്ല. ആർക്കും എല്ലാകാലത്തും അധികാരം സാധ്യമല്ല എന്ന് ആരും മനസ്സിലാക്കുന്നില്ല. കാശുണ്ടാക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തിന് കാരണം എന്താണ്? സമ്പത്ത് അധികാരത്തിന്റെ മറ്റൊരു രൂപമാണ്. അധികാരവും പട്ടാളവും ആയുധവും കാശും! ലോകത്തിലെ ഓരോരുത്തരും മറ്റൊരാളുടെ കഴുത്തിൽ പിടിച്ചാണ് നിൽക്കുന്നത്. ഞാൻ തന്റെ കഴുത്തിൽപിടിക്കുന്നു. താൻ അയാളുടെ, അയാൾ വേറൊരാളുടെ, ആർക്കും ശ്വാസംവിടാൻ വയ്യ. എനിക്ക് നിങ്ങളുടെ കഴുത്തിൽ പിടിക്കാനുള്ള അധികാരമുണ്ട്. എന്നാൽ മറ്റൊരാൾക്ക് എന്റെകഴുത്തിൽ പിടിക്കാം എന്നുള്ളത് സമ്മതിക്കാൻ എനിക്ക് മനസ്സില്ല. ആർക്കും അതിന് അധികാരം ഇല്ല എന്ന് നിശ്ചയിച്ചാൽ ഒരുകുഴപ്പവുമില്ല.

ഞാൻ വാച്ചിലേക്ക് നോക്കി. രണ്ടരമണിക്കൂർ പിന്നിട്ടിരിക്കുന്നു. ചോദ്യങ്ങൾ തീർന്നിട്ടില്ല. ആയിരം പൂർണ്ണചന്ദ്രന്മാരെകണ്ട ആളാണ്. ഇനിയും അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നത് ശരിയല്ല. അ



ഭിമുഖത്തിന്ശേഷം എന്റെ കൂടെ വന്ന അനുജൻ അനീഷിന്റെ ഫോട്ടോസെഷൻ. ചെയ്യുന്നതെന്തും പൂർണ്ണതയിലെത്തിക്കാൻ ശ്രമിക്കുന്ന ചിത്രകാരനും യുവകവിയുമാണ് അനീഷ്നായർ. നല്ലൊരു വീഡിയോഗ്രാഫറും ആണ്. ദാസേട്ടന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് തരംഗിണി പുറത്തിറക്കിയ ഗാനോപഹാരം അനീഷിന്റെ രചനയാണ്. ഒരുമടിയും കൂടാതെ കൊച്ചുകുട്ടികളെപോലെ കണ്ണുകളിൽ കൗതുകംനിറച്ച് അദ്ദേഹം അനീഷിനെ അനുസരിച്ചു. അപ്പോഴേക്കും അദ്ദേഹത്തിന്റെ ധർമ്മപത്നിയും മരുമകൻ മധുവും ഞങ്ങളോടൊപ്പം കൂടി. സംസാരം പിന്നെയും നീണ്ടു. അവിടെ തൊടിയിൽ ഉണ്ടായ മധുരം കിനിയുന്ന പഴം ഞങ്ങൾക്ക് സല്ക്കരിച്ചു.

നട്ടുച്ചകഴിഞ്ഞിട്ടും ആ മുഖത്ത് നിറഞ്ഞ പ്രസാദം. പ്രഭാതത്തിലെ നവോന്മേഷം ഇനിയും നഷ്ടപ്പെട്ടിട്ടില്ല. ഇഷ്ടപ്രവൃത്തി നിഷ്കാമമായി പ്രതിഫലേച്ഛകൂടാതെ ചെയ്യുന്നതിന്റെ ജീവിക്കുന്ന ഉദാഹരണം. എപ്പോഴും പ്രസാദാത്മകതയെമാത്രം തഴുകി ഒഴുകുന്ന ഒരു പുഴപോലെ! രാവിലെ മുതൽ ആ പുഴക്കരയിലിരുന്ന് ഞാനും അനീഷും മുത്തും പവിഴവും വാരിനിറക്കുകയായിരുന്നു. മതിയാവുന്നില്ല. കൊതിതീരുന്നില്ല. പുഴ അപ്പോഴും ഒഴുകുന്നു. ശാന്തമായി. പ്രശാന്തമായി.

യാത്രപറഞ്ഞ് പിരിയുമ്പോഴും മാഷ് ഹൃദ്യമായിചിരിച്ചു. ഹൃദയത്തിൽ നിന്ന് വരുന്നചിരി. കാറിൽ കയറുമ്പോൾ അനീഷ് മന്ത്രിച്ചു. 'പ്രഹസന്നിവഭാരത' അതൊരു കാപ്സ്യൂളാണ്. ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ അതുമാത്രം മതി. ഇത്രയും മൂല്യവത്തായ ഒരു ദിവസം എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.'

എനിക്കും. പ്രഹസന്നിവഭാരത. നല്ലൊരുവടിയാണ് ഇന്നത്തെ സമ്മാനം! എന്നെ തന്നെ ഇടക്കിടക്ക് പ്രഹരിക്കാൻ. പിന്നെ സ്വയം പരിഹസിച്ച് ചിരിക്കാൻ. അതുംകൊണ്ടാണ് ഇനിയെന്റെയാത്ര.

നന്ദി. സർ. ഒരുപാട് നന്ദി.

(അവസാനിച്ചു)

# ഹരികൃഷ്ണൻ ഷാരുവിനെ പട്ടാമ്പി ശാഖ ആദരിച്ചു



**പ**ട്ടാമ്പി ശാഖ യുവ സിനിമാനടൻ, സംവിധായകൻ, തിരക്കഥാകൃത്ത്, എഡിറ്റർ, ഗാനരചയിതാവ് തുടങ്ങി കൈവക്കുന്ന എല്ലാ മേഖലയിലും പ്രാവീണ്യം തെളിയിച്ചു കൊണ്ടിരിക്കുന്ന ഹരികൃഷ്ണൻ ഷാരുവിനെ വാർഷികത്തിൽ അനുമോദിച്ചു. 'മസിലൻ, രണ്ടാമോണം, കുറ്റിച്ചൂടാൻ, സോമരസം' തുടങ്ങിയ ഷോർട്ട് ഫിലിമുകളിൽ ഒരു തുടക്കക്കാരനെന്ന തോന്നൽ നൽകാത്ത പ്രകടനം കാഴ്ച്ച വച്ചിട്ടുണ്ട്. തിരക്കഥ എഴുതി സംവിധാനം ചെയ്ത ഒരു ആനപ്പാപ്പാന്റെ കഥ പറയുന്ന 'ഗജേന്ദ്രമോക്ഷം' എന്ന ചെറിയ സിനിമ ഒന്ന് മാത്രം മതി അദ്ദേഹത്തിലെ പ്രതിഭ എന്തെന്ന് തിരിച്ചറിയാൻ. തിരക്കഥ എഴുതി സംവിധാനം ചെയ്യുന്ന മറ്റൊരു ഹ്രസ്വചിത്രം 'സ്നേഹപൂർവ്വം ഗൗരി സാവിത്രി' റിലീസിന് ഒരുങ്ങി നിൽക്കുന്നു.

'ഭഗവാൻ ദാസന്റെ രാമരാജ്യം', 'കുടുക്ക് 2025', 'കൊച്ചാൾ', 'മിസ്സിംഗ് ഗേൾ' തുടങ്ങിയ സിനിമകളിലും അഭിനയിച്ചു.

തൃശൂർ, അങ്കമാലി സീമാസ് വെഡിങ് കളക്ഷന്റെ രണ്ട് പരസ്യ ചിത്രത്തിലും അഭിനയിച്ചിട്ടുള്ള ഹരികൃഷ്ണൻ ഷാരു കീഴീട്ടിൽ പിഷാരത്ത് ഉണ്ണികൃഷ്ണപിഷാരോടിയുടെയും കരിക്കാട്ട് ആനായത്ത് പിഷാരത്ത് നിർമ്മല പിഷാരസ്യാരുടെയും മകനാണ്.

ഹരികൃഷ്ണൻ ഷാരുവിന് ആശംസകൾ നേരുന്നു...

ബാലസമാജം

**Travelogue**


# Our Onam Holidays



**By Anaya Sudhir Pisharody**

This Onam, we decided to spend our vacations at Palakkad. We had booked tickets on Palaruvi express train. When I was walking on the platform of Ernakulam town station with Achan, Amma and chatting with my sister Aavya, we saw the beautiful Vande Bharat Express train come. It is really magnificent. There were lots of policemen on the platform. And then we saw the famous actor Shri Suresh Gopi coming out of the train. There were many people welcoming him with garlands. After the train left, announcement was made of our train coming on the platform shortly. My father bought biscuits, wafer and a bottle of water.

We boarded the S5 coach. I and Aavya sat at the window seat and ate biscuits. Then, I draw some pictures in my drawing book. Aavya was hearing some music on the earphone. Then she gave the earphones to me to listen and she started drawing and colouring. We slept for some time and then woke up when the train reached Thrissur. We played ludo and snake and ladder.



The train reached on time at Palakkad.

At the Palakkad station We took a rickshaw to go to hotel Ashok Bhavan. But it was closed and so we went to Sri Hariharaputhra but this too was closed on account of Onam holidays.

Valliachan called my Achan and told that there is another hotel Aadi Bhavan at Stadium bypass road which is open. Finally, we reached Aadi bhavan. It is a big hotel and a nice one too. Valliachan was waiting for us there and reserved a table for us as it was very crowded. We were very hungry. We were happy to see Valliachan and I gave him a key chain as present and Aavya gave him a painted Onam card. Then we ordered, paneer curry, green peas masala, roti and jeera rice. But before that we had tomato soup. It was delicious. After having lunch, we took an autorickshaw and reached Valliachan's new home at Kallingal. It is a nice place and has a small garden with many vegetable and fruit plants of guava, mango, jackfruit and chickoo. Bougainvillea plants in pots were also there with flowers of many colours like pink, yellow, white and purple.

**At Sreyas (my Valliachan's new house)**

We washed our hands and feet and be-

came fresh. And we ate Vanilla ice cream after that and later we slept. After waking up in the evening, we drank horlicks. Indu mema and Venu maman who stay nearby came to meet us and gave us sweets. We had planned to go to British Palam. We got dressed and went by scooter. Two scooters, one velliachan's and one Venu maman's scooter. Achan drove one scooter with Amma sitting behind and myself and Aavya sat on Valliachan's scooter. The journey was so nice. Greenery all around with paddy fields and canal flowing with water coming from Malampuzha dam.

**British Palam**

We were walking on the British Palam. Valliachan told me about this palam/bridge and how it was constructed by the Britishers years ago. We were walking and taking lot many photos on achan's mobile. The scenery was beautiful. And we saw Bharatha puzha river flowing below the bridge. The sun was setting and we saw mountains also in the background. There were many families visiting the bridge and taking photos. After enjoying the scenery, we went on scooter to Thiruvalathur temple. On the narrow road, we saw paddy fields on both sides and it was a beautiful sight. We took photographs here also. And at the temple, my valliachan and achan went inside but we did not as we had not had bath. We waited for some time outside the temple. There were stray dogs around and we were scared. But after achan and valliachan came out of the temple, we returned home on the scooter. It was an enjoyable journey.

After returning, we took a bath and afterwards watched television and played snake and ladder. My mother made yummy dinner of chapati, potato bhaji, rice, dal and pickle. We then went to sleep.

In the morning Myself and Aavya woke up late. We gave biscuits to the dogs Moti and Ramu who were waiting at the gate. Amma made dosa for breakfast and we enjoyed it. In the afternoon, my uncle and aunty came from Trichur to meet us. We showed them the house and garden and took photos and then went in their car for lunch at another hotel Ananda Bhavan on the Coimbatore highway. We had lunch and also had ice cream. We were dropped to our place by Uncle and Aunty. We wished them good bye and they left for their home. We were tired and went to sleep.

In the evening, we went to Malampuzha dam by rickshaw. The place was very crowded because it was Onam vacation. We could not take a ride on the rope way as there was a long queue for tickets. We took entry tickets and walked towards the dam. There were many families who had also come to see the dam and enjoy this place. The view from the top of the dam was awesome. Water all around and the sky was blue. We took many photographs of the dam and surroundings. We bought chips and drank juice. We also walked over the hanging bridge which swayed. Afterwards, we were tired walking and sat in the garden for some time. It was already getting dark and so we took a rickshaw back home. We reached Sreyas at 8 pm. Amma prepared dinner and after having bath we ate food and went to sleep.

In the morning, we went to the nearby Chemetikavu Bhagwathy temple and returned home for breakfast. We fed the dogs biscuits and then played in the porch. Saw the vegetable and fruit trees planted in the garden and plucked a few ladyfingers to carry home. We went to Ashok Bhavan and had lunch. Fortunately, it was open. It was tasty food and we enjoyed it. We took a rickshaw and reached Palakkad station at 1 pm. The train came at 2 pm and myself, Aavya, Achan and Amma boarded the D9 coach. We bid goodbye to Valliachan who saw us off at the railway station. Reached home at 7 pm.

Thus, we enjoyed our Onam vacation with lot many good memories about the places and temples. And we promised Valliachan that we will come again on our next vacation.

●

ബാലസമാജം

# ശിശുദിന ചിത്രങ്ങൾ



**Krishnajith A.P.,**
Kottayi,
11 Yrs, 6th STD




**Adwaith K.P.,** 3rd Std.,
S/o. Krishnakumar & Praseetha,
Thrissur



**Neeraja Raghu,**
7 Yrs, Eranakulam




**Tanishka Anoop,** Class 5,
D/o. Anoop Rishikesh & Shalini,
Ernakulam



**Vaishali Shreyas,** 1-A,
Chinmaya Vidyalaya,
Kozhikode



**Aavya Sudhir Pisharody,**
UKG, Eranakulam



**Vaishak Krishnan.S**,
12 Yrs, Kodakara





28 – 09 – 2024 ന് ശതായുസ്സിന്റെ
നിറപൗർണ്ണമി ദർശിച്ച
തിരുവുള്ളക്കാവ് പിഷാരത്ത്
(പെരുവനം തെക്കേ പിഷാരം)
ശ്രീ. ടി.പി. അച്യുത പിഷാരോടി

സ്നേഹാശംസകളോടെ....
മക്കളും മരുമക്കളും

# നൂറാം പിറന്നാൾ ആശംസകൾ



22.09.2024ന് നൂറാം പിറന്നാൾ ആഘോഷിച്ച
വെളപ്പായ ആനായത്ത് തെക്കേ പിഷാരത്ത്

## സുശീല പിഷാരസ്യാർ

അച്ഛൻ: വടക്കൂട്ട് കേരളവർമ്മ തിരുമുല്പാട്, അഞ്ചേരി
അമ്മ: ആനായത്ത് പിഷാരത്ത് കുഞ്ഞിക്കാവ് പിഷാരസ്യാർ, വെളപ്പായ

ആശംസകളോടെ,
കുടുംബാംഗങ്ങൾ



# 2nd birthday

## ശിവദ ജാൻവിക

**DOB: 26.10.2022**

അച്ഛൻ: അജിത്, ഓയ്ക്കാമഠം, ഓണംതുരുത്ത്
അമ്മ: അഞ്ജന, ചെമ്പൂക്കാവ് പിഷാരം, തൃശൂർ

**ആശംസകളോടെ....**

അച്ഛാച്ഛൻ, അച്ഛമ്മ
മുത്തശ്ശൻ, അമ്മൂമ്മ
ചെറിയച്ഛൻ, ചെറിയമ്മ

# സ്മരണാഞ്ജലികൾ

## 22–ാം ചരമവാർഷികം
04/10/2024



### കെ. ആർ. കൃഷ്ണപിഷാരടി
കുറുമുള്ളൂർ പിഷാരം, കോട്ടയം
മരണം: 04/10/2002

## 7–ാം ചരമവാർഷികം
02/11/2024



### പി. കെ. കൊച്ചുകുട്ടി പിഷാരസ്യാർ
പാറക്കടവ് പിഷാരം, എറണാകുളം
മരണം: 02/11/2017

ശ്യാമളാലയം, പിരപ്പൻകോട് പി. ഒ., തിരുവനന്തപുരം – 695607

**സ്നേഹസ്മരണകളോടെ : മക്കൾ, മരുമക്കൾ, പേരമക്കൾ & ചെറുമക്കൾ**

കഥ

# സ്മൃതിപഥങ്ങൾ



ഇ.പി. ഉണ്ണിക്കണ്ണൻ
മൊബൈൽ: 9446296290

സംസ്ഥാന സമ്മേളന ഫണ്ട് സമാഹരണത്തിന് കാലത്തുതന്നെ ഇറങ്ങി. സഖാവ് രാജേഷിന്റെ മാരുതി ആൾട്ടോയിലാണ് യാത്ര. സഖാക്കൾ ഗീതയും ഗൗരിയും സംഘത്തിലുണ്ട്. പ്രായാധിക്യത്തിന്റെ പ്രയാസങ്ങൾ എല്ലാവർക്കുമുണ്ട്. റിട്ടയർ ചെയ്ത സഖാക്കളെ അവരുടെ വസതികളിൽ ചെന്ന് കാണുമ്പോൾ ആ വൃദ്ധനയനങ്ങളിൽ നിറഞ്ഞുതുളുമ്പുന്ന സന്തോഷം ഒന്നു വേറെത്തന്നെയാണ്. ഫണ്ട് തരുന്നതിലും ആരും ഒട്ടും പിശുക്ക് കാട്ടാറില്ല. വള്ളുവനാടൻ പാടശേഖരങ്ങൾക്കിടയിലൂടെയുള്ള യാത്ര ഏറെ ഹൃദ്യമായിരുന്നു. കൈതപ്പൂമണമുള്ള വൃശ്ചികക്കാറ്റ് ഞങ്ങൾക്ക് പകർന്ന ഉന്മേഷം കുറച്ചൊന്നുമല്ല.

ഉച്ചക്കുമുൻപുതന്നെ ഞങ്ങളുടെ ഏരിയയിലെ നല്ലൊരു ഭാഗം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. ഉച്ചയൂണിന് സീനിയർ സഖാവും ജില്ലാ രക്ഷാധികാരിയുമായ സഖാവ് ഗോപിയേട്ടൻ നേരത്തെതന്നെ ക്ഷണിച്ചിരുന്നു. 1968 ലും 1974 ലും 1982 ലും നടന്ന ശക്തമായ പോരാട്ടങ്ങളിൽ സംഘടനയെ നയിച്ച മുൻനിര ജില്ലാ നേതാവായിരുന്നു സഖാവ്. പെൻഷൻകാരുടെ സംഘടന രൂപീകരിക്കുന്നതിലും കെട്ടുറപ്പോടെ നിലനിർത്തുന്നതിലും കരിമ്പനകളുടെ നാട്ടിൽ സഖാവിന്റെ നിസ്തുലമായ സേവനങ്ങൾ ആർക്കും മറക്കാൻ കഴിയില്ല. 60 വർഷം പിന്നിട്ട പ്രവർത്തനം സഖാക്കൾക്കു നൽകിയ ഊർജ്ജം ഏറെയാണ്. പ്രായം എൺപതിനോട് അടുത്തു. ശാരീരിക അസ്വാസ്ഥ്യവും നടക്കാനുള്ള പ്രയാസവും കാരണം വീട്ടിൽത്തന്നെ ഇരിക്കേണ്ട അവസ്ഥയാണ്.

പച്ചനെൽപ്പാടങ്ങളുടെ ഓരത്ത് വൃത്തിയും വെടിപ്പുമുള്ള ഒരു ഗ്രാമീണഭവനം. ഞങ്ങളെകാത്ത് ഗോപിയേട്ടൻ ഊന്നുവടിയുമായി മുറ്റത്തുതന്നെ നില്പ്പുണ്ടായിരുന്നു. അടുത്തെത്തിയപ്പോൾ ഞങ്ങളെ ആഹ്ലാദത്തോടെ കെട്ടിപ്പിടിച്ചു. ആ കണ്ണുകളിൽ അപ്പോൾ സന്തോഷാശ്രുക്കൾ നിറഞ്ഞുനിന്നിരുന്നു. നിറഞ്ഞ ചിരിയോടെ ഗോമതിച്ചേച്ചിയും കുശലാന്വേഷണങ്ങളുമായെത്തി.

സ്വാദിഷ്ടമായ ഉച്ചഭക്ഷണത്തിനു ശേഷം വിശ്രമിക്കുമ്പോൾ സഖാവ് കഴിഞ്ഞകാലങ്ങളിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോവുകയായിരുന്നു. ആ നാളുകളെ ഓർക്കുമ്പോൾ എൺപതിനോടടുക്കുന്ന സഖാവിന്റെ കൺകളിൽ യൗവനത്തിന്റെ തിളക്കം.

1968 ൽ ആവശ്യാധിഷ്ഠിത മിനിമം വേതനത്തിനുവേണ്ടി നടത്തിയ ഒരു ദിവസത്തെ സൂചനാപണിമുടക്കിന്റെ വിജയത്തിൽ വിറളിപൂണ്ട അധികാരികൾ വേട്ടനായ്ക്കളെപ്പോലെ തൊഴിലാളികളെ കടിച്ചുകീറാൻ വന്നപ്പോൾ ശക്തമായ ചെറുത്തുനിൽപ്പുകൾ സംഘടിപ്പിച്ച് സഖാക്കൾക്ക് സംരക്ഷണമൊരുക്കിയ കഥകൾ ഞങ്ങളെ കോൾമയിർകൊള്ളിച്ചു. നാടകങ്ങൾ നടത്തിയും സംഭാവന പിരിച്ചും, പിരിച്ചുവിട്ടവരേയും സസ്പെന്റ് ചെയ്യപ്പെട്ടവരേയും നിലനിർത്തിയ കാലഘട്ടത്തിലെ ശ്രമകരമായ പ്രവർത്തനങ്ങൾ. മതപരമായ കുറ്റപ്പെടുത്തലുകൾക്കുകൂടി സാക്ഷ്യം വഹിച്ച സമരാനന്തരദിനങ്ങൾ. ഫാസിസ്റ്റുകളുടെയും മതാന്ധന്മാരുടെയും തേരോട്ടങ്ങൾ. ഉദാഹരണത്തിന് സഖാവിന്റെ സഹപ്രവർത്തകനായിരുന്ന സഖാവ് മുഹമ്മദ് കുട്ടിയുടെ അനുഭവവും വിവരിച്ചു. പള്ളിയിലെ മൊല്ലാക്കയും മതപ്രമാണിമാരും ഒരു ദിവസം മുഹമ്മദ്കുട്ടിയുടെ പുരയിൽ വന്നു. പള്ളിവിലക്ക് ഏർപ്പെടുത്തുമെന്നും, പുരയിൽ ആരെങ്കിലും മയ്യത്തായാൽ ഖബർസ്ഥാനിൽ ഇടം തരില്ലെന്നും ഭീഷണിപ്പെടുത്തി. കമ്മ്യൂണിസ്റ്റുകാരുടെ യൂണിയനിൽ നിന്ന് രാജിവെച്ചില്ലെങ്കിൽ നീ അനുഭവിക്കുമെന്ന ഒരു വിരട്ടലും. ഉശിരനായ സഖാവ് അവരോട് പറഞ്ഞുവത്രേ ''നിങ്ങളൊക്കെ ഭീഷണിയുമായി വരുമെന്ന് എനിക്ക് നേരത്തെത്തന്നെ അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഞാൻ എന്റെ തൊടിയിൽ പത്തുസെന്റ് അധികം കരുതിയിട്ടുള്ളത്. അതിൽ ശവസംസ്കാരം നടത്തുന്നതിന് പള്ളിക്കാരുടെ ശീട്ട് വേണ്ടല്ലോ''. ഭീഷണിക്കാർ ഇളിഞ്ഞ മുഖവുമായി തിരിച്ചുനടന്നു. ഇതുപോ

ലെയുള്ള സഖാക്കൾതന്നെയാണ് സംഘടനക്ക് മുതൽക്കൂട്ട്. ആ സഖാവ് ഇന്നില്ലെന്നു പറയു മ്പോൾ ഗോപിയേട്ടന്റെ കണ്ഠം ഇടറിയിരുന്നു.

ജീവിതത്തിൽ വേദനിപ്പിക്കുന്ന പരീക്ഷണ ങ്ങളും പ്രതിസന്ധികളുമൊക്കെയുണ്ടാകും. അവിടെ നാം അസ്വസ്ഥരാകരുത്. അനുഭവങ്ങൾ നമ്മളെ കൂടുതൽ കരുത്തുള്ളവരാക്കും. എതിർപ്പു കൾ നമ്മളെ ശക്തരാക്കും. അപവാദങ്ങൾ നമ്മളെ ശ്രദ്ധാലുക്കളാക്കും. പൊരുതി ജയിക്കുന്നവർ നമുക്കു നൽകുന്ന ഒരു പാഠമുണ്ട്. അത് നമുക്കും സാധിക്കും എന്നതാണ് – സഖാവ് കൂട്ടിച്ചേർത്തു.

1974 മെയ് മാസത്തെ സമരകാലവും സഖാവ് ഗോപിയേട്ടൻ ഓർമ്മകളിൽ നിന്ന് എടുത്തു പറഞ്ഞു. 1974 ൽ ബോണസ്സിനുവേണ്ടി നടന്ന സമ രകാലത്ത് ഗോപിയേട്ടൻ അട്ടപ്പാടിമലയുടെ താഴ്വാരത്തിലുള്ള നഗരത്തിലാണ് ജോലി ചെയ്തിരുന്നത്. 1974 മെയ് ആദ്യവാരത്തിൽ ബോണസ് ആവശ്യപ്പെട്ടുകൊണ്ട് റെയിൽവെയിൽ ശക്തമായ സമരം ആരംഭിച്ചു. ടെലികോമിലും പോസ്റ്റാഫീസ് മേഖലയിലും മെയ് 10 മുതൽ അനി ശ്ചിതകാലത്തേക്ക് ഈ ആവശ്യം ഉന്നയിച്ച് സമ രാഹ്വാനമുണ്ടായി. ഗോപിയേട്ടൻ അന്ന് ബ്രാഞ്ച് സെക്രട്ടറിയാണ്. സമരം തുടങ്ങിയ അന്നുതന്നെ ട്രങ്ക് എക്സ്ചേഞ്ച് അടച്ചുപൂട്ടി. നഗരത്തിലെ വാർത്താവിനിമയസൗകര്യങ്ങൾ നിശ്ചലമായി. സഖാവിനും, ലൈൻ സ്റ്റാഫ് ബ്രാഞ്ച് സെക്രട്ട റിക്കും അറസ്റ്റ് വാറണ്ട് വന്നു. കേന്ദ്രാനുകൂല ഭര ണത്തിന്റെ കരാളദിനങ്ങൾകൂടിയാണന്ന്. പോലീ സുകാരുടെ തിരച്ചിൽ ശക്തമായി തുടങ്ങി. പരിച യമുള്ള പോലീസുകാർ കണ്ടില്ലെന്നുനടിച്ചു. സഖാവ് കൃഷ്ണൻ, ലൈൻ സ്റ്റാഫ് സെക്രട്ടറി അട്ടപ്പാടി ഊരുകളിൽ ഒളിവിൽ പാർത്തു. ഗോപി യേട്ടന്റെ വീട്ടിലും പോലീസെത്തി. ടൗണിലെ ഒരു തുണിക്കടയിൽ ഗോപിയേട്ടൻ നിൽക്കുമ്പോൾ അവിടെയും പോലീസെത്തി. ഒരു സഖാവായി രുന്ന കടക്കാരൻ പെട്ടെന്ന് കടക്കുള്ളിലേക്ക് മാറ്റി ഷട്ടറച്ചുപൂട്ടി സ്ഥലം വിട്ടു. നേരം പുലരുന്നതിനു മുമ്പുതന്നെ വന്ന് ഗോപിയേട്ടനെ നഗരം വിടാൻ സഹായിച്ചു. ഗ്രാമപ്രദേശങ്ങളിലേക്ക് മാറി നിൽക്കേണ്ടി വന്നു. ഭക്ഷണം കിട്ടാനില്ല, വസ്ത്ര ങ്ങൾ മുഷിഞ്ഞു. നിത്യകർമ്മങ്ങൾ മുടങ്ങി. ക്ഷീണിച്ച് അവശനായി വഴിയിൽക്കണ്ട ഒരു പടിപ്പു രയുടെ കോലായിൽ കയറിയിരുന്നു. അറിയാതെ ഉറങ്ങിപ്പോയി. സമയം പോയതറിഞ്ഞില്ല. ആരോ തട്ടിവിളിക്കുന്ന ശബ്ദം കേട്ടാണ് ഉണർന്നത്. മുന്നിൽ ക്കുന്ന ആളിനെ കണ്ട് അന്ധാളിച്ചുപോ യി. കർഷകസംഘത്തിന്റെ നേതാവ് സഖാവ് രാമേ ട്ടൻ. ഒരുപാട് സമരമുഖങ്ങളിൽ കണ്ടിട്ടുണ്ട്. NFPTE യുടെ സഖാവാണെന്നും ഒളിവിൽ കഴിയുകയാ ണെന്നുമറിഞ്ഞപ്പോൾ സ്നേഹത്തോടെ വീട്ടി ലേക്കു കൂട്ടിക്കൊണ്ടുപോയി. സഖാവിന്റെ വീട്ടു പടിക്കലാണ് ഞാൻ എത്തിയത്. കുളിയും ഭക്ഷ ണവും കഴിഞ്ഞ് രാമേട്ടനുമായി സംസാരിച്ചിരിക്കു മ്പോൾ മകൾ ഗോമതി കോളേജ് വിട്ടുവരുന്നു. നഗരത്തിലെ കോളേജ് യൂണിയൻ ചെയർമാൻ SFI യുടെ സമരമുഖങ്ങളിൽ ജ്വലിക്കുന്ന സഖാവ്. അപ്രതീക്ഷിതമായ ഒരു കണ്ടുമുട്ടൽ. ആ കണ്ണുക ളിലെ വശ്യത തന്റെ മനസ്സിലും അനുരാഗത്തിന്റെ മുളകൾ പൊട്ടാൻ കാരണമായെന്നും ഒരു ചെറു പുഞ്ചിരിയോടെ സഖാവ് പറഞ്ഞു. ഗോമതിച്ചേ ച്ചിയുടെ മിഴികളിലും നാണത്തിന്റെ ഒരു ചാഞ്ചാട്ടം ഞങ്ങൾ കണ്ടു. അനുരാഗവും, കലയും, സാഹി ത്യവും, രാഷ്ട്രീയവും, സംഘടനാപ്രവർത്തനവും ജീവിതത്തിന്റെ പരസ്പര പൂരകങ്ങളായ സർഗ്ഗാ ത്മകതകളാണെന്ന സഖാവിന്റെ അഭിപ്രായം ഞങ്ങളെ ആശ്ചര്യപ്പെടുത്തി.

ഗോമതിച്ചേച്ചി തന്ന ഉണ്ണിയപ്പവും കഴിച്ച് സഖാവിന്റെ സംഭാവനയും സ്വീകരിച്ച് അവരോട് വിടപറയുമ്പോൾ ഒരു പുതിയ ഊർജ്ജം ഞങ്ങളി ലേക്ക് ശക്തമായി പ്രവഹിക്കുകയായിരുന്നു. ●


*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

കവിത

# എന്റെ ഗ്രാമം



പ്രസന്ന ലക്ഷ്മി

**കൈ**തോലത്തോടിന്റെ അക്കരെ
കന്നിനിലാ പുടവ ചുറ്റും ഗ്രാമം
നിളാനദി അരഞ്ഞാണം തീർക്കും
നിത്യ കന്യകയാണെന്റെ ഗ്രാമം.

വള്ളിപ്പടർപ്പുകളിലും പച്ചിലച്ചാർത്തുകളിലും
തുള്ളിക്കളിക്കുന്ന കാറ്റേ
നീ കണ്ട കാലം മുതൽക്കേ
നിത്യ സുന്ദരിയായിരുന്നോ ഈ ഗ്രാമം.

കരിമുകിൽ കാട്ടിലൊളിക്കും
മാരിവിൽ മാലകൾ കോർക്കും അതിരുകളില്ലാ നഭസ്സേ
നീ കണ്ട കാലം മുതൽക്കേ നിന്റെ
നിത്യ കാമുകിയായിരുന്നോ എന്റെ ഗ്രാമം.

പുതിയ പ്രതീക്ഷകൾ നൽകി
വഴിവിളക്കായി എരിഞ്ഞു പുതു തലമുറക്കെന്നെന്നും
ഞാൻ കണ്ട കാലം മുതൽക്കേ
നിത്യ ജനനിയാണെന്റെ ഗ്രാമം.

## ചന്ദ്രലേഖ സന്തോഷിന്റെ മോഹിനിയാട്ടം അരങ്ങേറ്റം



**നൃ**ത്തത്തോടുള്ള അഭിനിവേശം കെടാതെ മനസ്സിൽ സൂക്ഷിച്ച സംഗീത വിദുഷിയായ ചന്ദ്രലേഖ സന്തോഷ് തന്റെ 58-ാം വയസ്സിൽ മോഹിനിയാട്ടത്തിലൂടെ അരങ്ങേറ്റം നടത്തി.

ഒക്ടോബർ 5 ശനിയാഴ്ച തുവ്വൂർ ചെമ്മന്തട്ട വിഷ്ണു ക്ഷേത്രത്തിലായിരുന്നു അരങ്ങേറ്റം.

പ്രശസ്ത സംഗീതജ്ഞനായിരുന്ന തുവ്വൂർ ഗോവിന്ദ പിഷാരോടി ഭാഗവതരുടെ മകളാണ് പാലക്കാട് ചെമ്പൈ സംഗീത കോളേജിൽ നിന്നും ഗാനഭൂഷണം നേടിയ ചന്ദ്രലേഖ. വിവിധ സ്ഥാപനങ്ങളിൽ സംഗീതാദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്ന ചന്ദ്രലേഖ രണ്ടു വർഷങ്ങൾക്ക് മുമ്പ് കഥകളി സംഗീതത്തിലും തന്റെ അരങ്ങേറ്റം കുറിക്കുകയുണ്ടായി.

തപസ്യ കലാ കേന്ദ്രത്തിൽ ശ്രീമതി അനുഷ പണിക്കരുടെ കീഴിലാണ് മോഹിനിയാട്ടം അഭ്യസിച്ചതും ഇപ്പോൾ അരങ്ങേറ്റം കുറിച്ചതും.

ശ്രീമതി ചന്ദ്രലേഖ സന്തോഷിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും ആശംസകളും അഭിനന്ദനങ്ങളും!

ലേഖനം



# മാഷേ...

**ചെറുകര വിജയൻ**
ഫോൺ: 94952 23793

**വെ**ണ്ട, വഴുതന, ചീര, പയർ, തക്കാളി തൈകളെ നനയ്ക്കാനായി ഞങ്ങൾ രണ്ടു പേരും മുകളിലായിരുന്നു. വലിയ കൃഷിക്കാരനായിട്ടൊന്നുമല്ല! എന്നാലോ, അവനവൻ തന്നെ നട്ടുവളർത്തുന്നവ നൽകുന്ന മണവും രുചിയും ഒന്നു വേറെത്തന്നെയാണ്. നേരമ്പോക്ക്, വ്യായാമം, സ്നേഹം, വാത്സല്ല്യം എന്നൊക്കെ പേരിട്ട് വിളിയ്ക്കാവുന്ന മുറ്റത്തെ പൂന്തോട്ടവും മുകളിലെ പച്ചക്കറിത്തോട്ടവും! പുരയിടത്തിലെ മണ്ണിന്റെ ദൗർല്ലഭ്യം വിലയ്ക്ക് വാങ്ങുന്ന പ്ലാസ്റ്റിക് ബാഗുകളിലെ മണ്ണിലൂടെ നികത്തും. എന്തായാലും മണ്ണിൽ ചിരിയ്ക്കുന്ന ചെടിനാമ്പുകൾ മനസ്സും വയറും നിറയ്ക്കുന്നു!

താഴെ നിന്നാരോക്കെയോ മാഷേ ന്ന് വിളിക്കുന്നത് കേട്ട് താഴെയെത്തി. മറ്റാരുമല്ല, ക്ഷേത്ര കമ്മറ്റിയംഗങ്ങൾ! വിശേഷിച്ച്? നവരാത്രിക്കാലമല്ലെ, കുറെ മാഷമ്മാരേയും ടീച്ചർമാരേയും ശിഷ്യരേയും സംഘടിപ്പിച്ചുകൊണ്ടു് ക്ഷേത്രത്തിലെ ഊട്ടുപുരയിൽ വിജയദശമിത്തലേന്ന് 'ഗുരുവന്ദനം' പരിപാടി നടത്തുന്നുണ്ട്. മാഷ് പങ്കെടുത്ത് കുട്ടികൾ നൽകുന്ന വന്ദനം സ്വീകരിച്ച് അവരെ ആശീർവദിച്ചനുഗ്രഹിയ്ക്കണം. മറ്റൊന്നും ആലോചിച്ചില്ല. തീർച്ചയായും എന്നുറപ്പു നൽകി. മാഷെന്ന പദത്തിന്റെ അർത്ഥവ്യാപ്തിയും മഹനീയതയും നിസ്സീമം തന്നെ! ഗുരുശിഷ്യബന്ധം എന്ന സത്യം എപ്പോഴും മാറ്റുരയ്ക്കപ്പെടുന്നതിൽ അഭിമാനവും സന്തോഷവും. ഗുരുവിന് മുന്നിൽ സദാ ശകാരിതനായിരുന്ന സുകുമാരബാലനും ശ്രീകൃഷ്ണവിലാസകാവ്യത്തിന്റെ ഗ്രന്ഥകർത്താവായി പിന്നീട് പ്രശസ്തിയാർജ്ജിച്ച സുകുമാരകവിയും ദ്രോണാചാര്യനും ഏകലവ്യനുമെല്ലാം മനസ്സിൽ ചിത്രം വര തുടങ്ങി. ജീവിതകാലം മുഴുവൻ പ്രഭാപൂരിതമാക്കുന്ന ഗുരുവെന്ന പേരും പദവിയും മഹനീയം തന്നെ.



പാലും പനിനീരും പച്ചവെള്ളവും ഗ്ലാസുകളിൽ! പൂക്കളും മഞ്ഞളും ചന്ദനവും കുങ്കുമവും നാക്കിലയിൽ! അടുത്തൊരു വലിയ തെളിഞ്ഞ തളികയും കസേരകളിലിരിക്കുന്ന ഗുരുക്കന്മാരുടെ പാദങ്ങൾക്കരികെ നിരത്തിയിരിയ്ക്കുന്നു! താമസിയാതെ അപരിചിതരെങ്കിലും പരിചിത ഭാവത്തോടെ പുഞ്ചിരി തൂകി ശിഷ്യരും ചമ്രം പടിഞ്ഞ് കാൽചുവട്ടിലിരുന്നു. യോഗ വേളയിൽ പ്രശസ്തർ തെളിയിച്ചെടുത്ത നിലവിളക്കിൻ നാളങ്ങളും ഗാംഭീര്യമാർന്ന പ്രഭാഷണങ്ങളും ഭക്തിനിർഭരമായിരുന്നു.

“അജ്ഞാനതിമിരാന്ധസ്യ
ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന
തസ്മൈ ശ്രീഗുരവേ നമ:”

ജ്ഞാനമാകുന്ന അഞ്ജനം കൊണ്ടെഴുതി അജ്ഞാനമെന്ന തിമിരത്തെ ഇല്ലായ്മ ചെയ്ത് കണ്ണുകൾ തുറപ്പിയ്ക്കുന്ന ഗുരുവിന് നമസ്കാരം.

ഗുരുവിന്റെ പാദങ്ങളെടുത്ത് തളികയിൽ വച്ച് മൂന്ന് ദ്രവ്യങ്ങളാൽ കഴുകി ശുദ്ധമാക്കുന്ന കർമ്മം ശിഷ്യർ അനുഷ്ഠിച്ചപ്പോൾ മനസ്സൊന്നു നൊന്തു! ഏവരും തുല്ല്യരല്ലേ എന്നൊരു തോന്നൽ. മഞ്ഞളും ചന്ദനവും കുങ്കുമവും ചാലിച്ച് പാദങ്ങളിലണിയിച്ച തിലകക്കുറികൾ ചാർത്തിയവരേയും ചാർത്തിക്കപ്പെട്ടവരേയും മാത്രമല്ല കൂടി നിന്നവരേയും പരിശുദ്ധരാക്കി. പശ്ചാത്തലത്തിൽ ഒഴുകി വന്ന മന്ത്രോച്ചാരണങ്ങൾക്കൊപ്പം പൂവിതളുകൾ കാൽക്കൽ വന്ന് വീണപ്പോൾ കണ്ണുകൾ ഈറനണിഞ്ഞു. മധുരമായി നൽകിയ പഴം പകുത്ത് ശിഷ്യർക്കും നൽകാതിരിയ്ക്കാൻ ഞങ്ങൾ ഗുരുക്കന്മാർക്ക് മനസ്സ് വന്നില്ല. താംബൂലാദികളോടെയുള്ള ദക്ഷിണയും കോടിമുണ്ടും ശിഷ്യർ കൈകളിൽ വച്ചു തന്നപ്പോൾ ജന്മസാഫല്ല്യത്താൽ നിറകണ്ണുകളോടെ അവരുടെ ശിരസ്സിൽ കൈ വെച്ച് നന്മവരേണമേ എന്ന് ഉള്ളു തുറന്ന് പ്രാർത്ഥിച്ചു. ജീവിതത്തിലാദ്യമായാണ് ഇതുപോലൊരു ചടങ്ങിൽ അലിഞ്ഞു ചേർന്നത്. ചുറ്റും നന്മ നിറഞ്ഞവർ. എല്ലാം ഭഗവത് സന്നിധിയിലെന്നത് ഏറെ ഹൃദയസ്പർശമായിരുന്നു. തൊട്ടരികെയുള്ള ഗുരുവിന് മുന്നിൽ തന്നോളം പ്രായമുള്ള ഒരു ശിഷ്യൻ സ്വമേധയാ ഉപവിഷ്ടനായിക്കണ്ടപ്പോൾ ആശ്ചര്യം തോന്നി. ‘ഞാനിപ്പോഴും പല കോഴ്സുകളും പഠിയ്ക്കുന്നുണ്ട്. ഗുരുക്കന്മാരെ വന്ദിയ്ക്കാൻ, പ്രണയിക്കാൻ എന്തെന്നില്ലാത്ത കൊതിയാണ് എന്നെ ഇവിടെ ഇരുത്തിയത്’ എന്ന അദ്ദേഹത്തിന്റെ വിവരണം, വിദ്യാഭ്യാസത്തിന് ലഭിയ്ക്കുന്ന അടിവരയിട്ട നിർവചനമാണ് എന്നെനിക്ക് തോന്നി.

എല്ലാം കഴിഞ്ഞപ്പോൾ എന്നെ വന്ദിച്ച ശിഷ്യയോട് പേരെന്താ?

‘ലക്ഷ്മി’ എന്ന് മറുപടി കേട്ടപ്പോൾ! ഇതിലും കവിഞ്ഞിനിയെന്ത്? സാക്ഷാൽ മഹാലക്ഷ്മി തന്നെയെന്ന് ആദ്യമറിഞ്ഞിരുന്നെങ്കിൽ കസേരയിൽ നിന്നും താഴെയിറങ്ങി ഇരുന്നേനെ!

അടുത്ത ദിനം ഇതേ ക്ഷേത്രത്തിൽ കൊല്ലം തോറും പതിവുള്ള എഴുത്തിനിരുത്തൽ ചടങ്ങിൽ ആചാര്യ പങ്കാളിത്തം! കൈകളിൽ പൊൻമോതിരവും മനസ്സിൽ വാണീദേവിതൻ മന്ത്രവുമായി കുരുന്നുകൾക്ക് മുന്നിൽ!

“സരസ്വതി നമസ്തുഭ്യം
വരദേ കാമരൂപിണി
വിദ്യാരംഭം കരിഷ്യാമി
സിദ്ധിർഭവതു മേ സദാ” ●

## സൗമ്യ ബാലഗോപാലിന് നൃത്ത്യകലാചാര്യ പുരസ്കാരം

പ്രശസ്ത നർത്തകി ശ്രീമതി സൗമ്യ ബാലഗോപാലിന് നൃത്ത്യകലാചാര്യ പുരസ്കാരം ലഭിച്ചു. All India Dancer's Association - AIDA റായ്പൂരിൽ നടത്തിയ അന്താരാഷ്ട്ര നൃത്ത സംഗീത ഫെസ്റ്റിവലിൽ 18-10-2024നു രംഗമന്ദിർ ഓഡിറ്റോറിയത്തിൽ വെച്ചാണ് പ്രസ്തുത പുരസ്കാരം സമ്മാനിച്ചത്.

ശ്രീമതി സൗമ്യ ബാലഗോപാലിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റെയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!



കഥ



# ദൈവത്തിന്റെ സ്വന്തം നാട്

ഷീബ ദേവദാസ്

ഇതാ, വീണ്ടുമൊരു ഓണക്കാലം എത്തിയിരിക്കുന്നു. പതിവുപോലെ നാട്ടിലൊക്കെ ഒന്നു കറങ്ങിവരണം. നാട്ടുകാരൊക്കെ എങ്ങിനെ ഉണ്ടെന്ന് അറിയണമല്ലോ.

ഈയിടെയായി ആരോഗ്യസ്ഥിതി ഒക്കെ വളരെ മോശമാണ്. കൂടുതൽ നേരം നടക്കാനൊന്നും വയ്യ, ആരുടെയെങ്കിലും സഹായം ഇല്ലാതെ ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ ആയിരിക്കുന്നു. ഒരുപാട് എഴുത്തുകുത്തുകളും നിവേദനങ്ങളും ഒക്കെ നടത്തിയതിന് ശേഷമാണ് മേലുള്ളവർ കനിഞ്ഞ് ഒരുസഹായിയെ കൂടെ വിടാമെന്ന് സമ്മതിച്ചത്.

അങ്ങിനെ സഹായത്തിന് കിട്ടിയതാണ് കൊച്ചുണ്ണിയെ. വളരെ ശാന്തനും എല്ലാത്തിനെക്കുറിച്ചും നല്ല അറിവും ഒക്കെ ഉള്ള ഒരു ചെറുപ്പക്കാരൻ. യാതൊരു തട്ടിപ്പും വെട്ടിപ്പും ഒന്നുമില്ലാതെ സത്യസന്ധമായി നേർവഴിക്കു ജീവിച്ചിരുന്നപ്പോൾ, തന്നെപ്പോലെ ഉള്ളവരെ ഈ നാട്ടിൽ വേണ്ടെന്ന് പറഞ്ഞ് ചിലരൊക്കെ ചേർന്ന് ഇവിടേക്ക് ഓടിച്ച് വിട്ടതാണ് അവനെ. അല്ലാതെ എന്നെപ്പോലെ ആരും ചവിട്ടി താഴ്ത്തിയതൊന്നും അല്ല.

കൊച്ചുണ്ണിയെയും കൂട്ടി അതിരാവിലെതന്നെ പാതാളത്തിൽ നിന്നു പുറപ്പെട്ടു. പണ്ടൊക്കെ വളരെ ഇടുങ്ങിയതും ഇരുണ്ടതുമായ ഒരു വഴിയിലൂടെ തപ്പിതടഞ്ഞുവേണമായിരുന്നു ഭൂമിയിൽ നടന്ന് എത്താൻ. ഇതിപ്പോ നല്ലവിശാലമായ വെളിച്ചമൊക്കെ ഉള്ള വഴിയാണല്ലോ.

'എന്താ കൊച്ചുണ്ണി, നമുക്കുവഴിതെറ്റിയോ, ഈയൊരുവഴിയിലൂടെ നോം മുമ്പെങ്ങും പോയിട്ടില്ല്യാട്ടോ.'

'ഇല്ല തിരുമേനി, വഴിയൊന്നും തെറ്റിയിട്ടില്ലാ. ഇത് മലകൾക്ക് അടിയിലൂടെ തീവണ്ടി പോകാനായി മനുഷ്യർ നിർമ്മിച്ച തുരങ്കമാണ്. ഇതിലൂടെ പോയാൽ നമുക്കെളുപ്പം ഭൂമിയിൽ എത്താം തിരുമേനീ.'

'ഓ! അങ്ങിനെയാണോ? എതായാലും ഈ സൂത്രം നമുക്ക് ശ്ശി ഇഷ്ടായിരിക്കണൂട്ടോ !'

തുരങ്കത്തിലൂടെ നടന്ന് ഒരുവിധം പുറത്തേക്ക് കടന്നതേയുള്ളൂ, ഒട്ടും പ്രതീക്ഷിക്കാതെ ഒരു ഭയങ്കരശബ്ദം കേട്ട് രണ്ടുപേരും ഒരുപോലെ നടുങ്ങി.

'എന്താകൊച്ചുണ്ണി, നോം പുറപ്പെട്ടെത്തിയത് ഇത്രവേഗം നമ്മുടെ പ്രജകൾ അറിഞ്ഞോ? അവർ പടക്കംപൊട്ടിച്ച് നമ്മെ സ്വീകരിക്കയാണോ?'

'പടക്കമൊന്നും അല്ല തിരുമേനീ, മലയുടെ അടിയിലായി വെടിമരുന്ന് വെച്ച് പാറകൾ പൊട്ടിക്കുന്ന ശബ്ദമാണ് ഇപ്പോൾ നാം കേട്ടത്.'

അവരങ്ങനെ നടന്ന് നടന്ന് ഒരുഗ്രാമത്തിലെത്തി. കുറേ നടന്നിട്ടും ആളുകളെ ഒന്നും കണ്ടില്ല. ഒടുവിൽ ദൂരെ ഒരിടത്ത് കുറേപ്പേർ വളരെ ശാന്തരായി നിരനിരയായ് നില്ക്കുന്നതു കണ്ടു.

'ഏതോ വലിയ ക്ഷേത്രമാണെന്നു തോന്നുന്നു കൊച്ചുണ്ണീ. നോക്കൂ, അവർ ഓരോരുത്തരും മുന്നിലെ ജനാലയ്ക്കപ്പുറം ഇരിക്കുന്ന ആളിൽ നിന്നും കുപ്പിയിൽ തീർത്ഥജലം വാങ്ങികൊണ്ട് വളരെ സന്തോഷത്തിൽ പോവുകയാണ്.'

'അയ്യോ തിരുമേനീ അതു തീർത്ഥജലം ഒന്നും അല്ലാ, സാക്ഷാൽ സോമരസമാണ്. ഇവിടെ സർക്കാർതന്നെ നേരിട്ട് സോമരസംവിറ്റ് ഖജനാവിലേക്ക് ധനശേഖരണം നടത്തുകയാണ്.'

'എത്ര രാജഭക്തിയും വിനയവും ഉള്ള പ്രജകളാണ്. ദേ കണ്ടില്ലേ, രണ്ടു പേർ നമ്മുടെ മുന്നിൽ കിടന്ന് സാഷ്ടാംഗം നമസ്കരിക്കുന്നത്.'

'എന്റെ തിരുമേനീ, അവർ അങ്ങയെ നമസ്കരിച്ചതൊന്നും അല്ല. സോമരസം സേവിച്ച് പാമ്പായി ബോധമില്ലാതെ വീണുകിടക്കുന്നതാണ്. ഇവരൊക്കെ ഓണാഘോഷം ഇപ്പഴേ തുടങ്ങികഴിഞ്ഞിരിക്കുന്നു.'

'ഉവ്വോ? എന്നിട്ടിവിടെ എവിടെയും പൂക്കളമൊന്നും കാണാനില്ലല്ലോ.'

'ഇക്കാലത്ത് വീട്ടിലൊക്കെ ആരാ തിരുമേനീ പൂക്കളം ഒരുക്കുന്നത്, അതൊക്കെ കാണണമെങ്കിൽ വല്ല സൂപ്പർ മാർക്കറ്റിലോ, മാളിലോ ഒക്കെ പോകേണ്ടിവരും.'

'കുഞ്ഞുണ്ണി, നോം നടന്നു വല്ലാതെ തളർന്നിരിക്കുന്നു. കൂടാതെ സാമാന്യം നന്നായി വിശക്കണുമുണ്ട്. വരൂ, ഏതെങ്കിലും പ്രജയുടെ വീട്ടിൽകയറി നല്ലൊരുസദ്യ തരപ്പെടുത്താം.'

'അതിനിവിടെ സദ്യയൊക്കെ ആരുണ്ടാക്കുന്നു, തിരുമേനി. എല്ലാം ഓർഡർ ചെയ്യുകയല്ലേ.

വീട്ടുകാരൊക്കെ ടിവിക്കു മുന്നിൽ ഇരുന്ന് കുറേ സുന്ദരീ-സുന്ദരന്മാരുടെ പേക്കൂത്തുകൾ കണ്ടുരസിക്കുക ആയിരിക്കും. ഊണിന് സമയമാവുമ്പോൾ സദ്യയൊക്കെ തയ്യാറാക്കി ഡെലിവറി ബോയ് വീട്ടിൽ കൊണ്ടുവന്ന് നിരത്തിവെക്കും. ടിവിക്കുമുന്നിൽ നിന്ന് മാറാതെതന്നെ അവയെടുത്ത് വായിലേക്ക് തള്ളിയാൽമതി.'

'എന്തായാലും നമുക്ക് വിശപ്പ് സഹിക്കണില്ല്യാ, കൊച്ചുണ്ണ്യേ. താൻ എന്തെങ്കിലും ഒരു വഴി കണ്ടേപറ്റൂ.'

'എങ്കിൽപിന്നെ നമുക്കടുത്തുള്ള ആ തട്ടുകടയിൽ നിന്ന് വല്ലതും കഴിക്കാം, തിരുമേനി, പക്ഷേ ഒരു പ്രശ്നമുണ്ടല്ലോ.'

'താൻ പറയെടോ, എന്താണ് പ്രശ്നം?'

'അവിടെ ഭക്ഷണം കഴിച്ചാൽ കാശുകൊടുക്കേണ്ടിവരും. നമ്മുടെ കയ്യിലാണേൽ പണമൊന്നും ഇല്ലല്ലോ തിരുമേനീ, എന്താപ്പൊ ചെയ്യാ?'

അപ്പോഴാണ് മുന്നിൽ ഒരു പരസ്യബോർഡ് കണ്ടത്. 'പത്തൂറ്റ് ഫിനാൻസിയേർസ് - സ്വർണ്ണപണയത്തിൽ പണം കടംകൊടുക്കപ്പെടും.'

'രക്ഷപ്പെട്ടു തിരുമേനി, ഒരുവഴിയുണ്ട്, അങ്ങയുടെ ശരീരത്തിൽ കുറേയേറെ ആഭരണങ്ങളൊക്കെ ഉണ്ടല്ലോ. അതിലേതെങ്കിലും ഒന്നിവിടെ തല്ക്കാലം പണയംവെച്ച് അവരിൽനിന്നും ഇത്തിരി പണം കടം വാങ്ങാം.'

'ഏഭ്യൻ! താനെന്താണെടോപറയുന്നത്, മഹാരാജാവായ നോം പണ്ടം പണയം വെച്ച് പണം വാങ്ങാനോ?'

'ആവശ്യക്കാരന് ഔചിത്യമില്ലല്ലോ, തിരുമേനീ. ഇപ്പോൾ ഇതേ ഒരു വഴിയുള്ളൂ. വിശന്നിട്ടാണെങ്കിൽ കണ്ണുകാണാൻ വയ്യ.'

'ശരി, ശരി, ദാ ഈ വള അവിടെ കൊടുത്ത് എന്താണെന്ന്വെച്ചാൽ വാങ്ങിക്കാ.'

രണ്ടുപേരും തട്ടുകടയിൽ കയറി വയറുനിറയേ ഭക്ഷണം കഴിച്ച് പുറത്തേക്ക് ഇറങ്ങി.

'എടോ കൊച്ചുണ്ണ്യേ, താൻ ആളുമിടുക്കനാണെടോ. വിശപ്പൊക്കെ നന്നായി മാറിയിരിക്കുന്നൂ. ആ മസാലദോശ നോമിന് നന്നായങ്ങട് ബോധിച്ചിരിക്കണൂ. പണ്ട് കൊട്ടാരത്തിൽ കഴിച്ചിരുന്നതിന്റെ അത്രയും വരില്ലെങ്കിലും, ആകെ മൊത്തം മോശമില്ലായിരുന്നു.'

'തിരുമേനീ, അത് മസാലദോശ അല്ലായിരുന്നു. അതാണ് പിസ്സ, ആള് വിദേശിയാണ്. ഇപ്പോൾ നാട്ടിലെ പിള്ളാരൊക്കെ ഇതൊക്കെയാണ് കഴിക്കുന്നത്. ഇതുപോലെ ബർഗർ, ഷവർമ, കുഴിമന്തി അങ്ങിനെ പലതുമുണ്ട് തിരുമേനീ.'

'ഹാ! എന്തുമാന്തിയാലും കുഴപ്പമില്ല, വയറു നിറഞ്ഞാൽമതി.'

'ആ കടയിലെ പിള്ളാരൊക്കെ പറയുന്നത് ഏത് ഭാഷയാണ്? നമുക്കങ്ങട് ശരിക്കും മനസ്സിലായില്ല്യ.'

'അവരൊക്കെ അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന അതിഥിതൊഴിലാളികളാണ് തിരുമേനി. ഒഡീസ്സ, ബംഗാൾ, ആസ്സാം, രാജസ്ഥാൻ, ബീഹാർ അങ്ങിനെ പലനാട്ടുകാർ. ഇപ്പോൾ നമ്മുടെ ഈ മലയാളനാട്ടിൽ ആർക്കും ജോലിചെയ്യാൻ വയ്യ, എല്ലാരംഗത്തും അതിഥിതൊഴിലാളികളാണ് ഉള്ളത്. അടുത്തതവണ വരുമ്പോൾ ചിലപ്പോൾ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നതും ബംഗാളികൾ ആയിരിക്കും തിരുമേനി.'

'ശിവ, ശിവ! നോം എന്താണീകേൾക്കുന്നത്?'

അപ്പഴാണ് കുറച്ച് കുട്ടികൾ അവിടേക്ക് കടന്നുവന്നത്.

'ദേ, ടിവിയിൽ കാണുന്ന അപ്പൂപ്പൻ, എന്തായിരുന്നുപേര്, ഹാ, ശീവേലി!'

'ശീവേലി അല്ലടാ മണ്ടാ, മാവേലി'

കൂട്ടത്തിൽ മുതിർന്നവനെന്ന് തോന്നുന്ന ഒരുകുട്ടി പറഞ്ഞു.

'അങ്കിൾ, നമ്മുടെകൂടെ ഒരു സെൽഫി എടുക്കാവോ?'

'എടാ, കൊച്ചുണ്ണീ താനിതെവിടെയാ? ഈ പിള്ളേർക്ക് എന്തോ വേണമെന്ന്. പണ്ട് കൊട്ടാരത്തിൽ അമൃതേത്ത് കഴിഞ്ഞ് ചിലപ്പോഴൊക്കെ കുൾഫി കഴിക്കാറുണ്ടായിരുന്നു. പക്ഷേ ഈ സെൽഫി എന്താണെന്ന് ശരിക്കങ്ങട് മനസ്സിലായില്ല.'

'അയ്യോ തിരുമേനീ, സെൽഫി തിന്നാനുള്ള വസ്തുവൊന്നുമല്ല. തിരുമേനിയുടെ കൂടെ ഒരു ഫോട്ടോ എടുക്കട്ടെ എന്നാണ് കുട്ടികൾ ചോദിക്കുന്നത്. '

'ഓഹോ! അങ്ങിനെയാണോ, എങ്കിൽ വരൂ മക്കളേ. നമുക്ക് ഫോട്ടോ എടുക്കാം. '

കുട്ടികൾ വളരെ ഉത്സാഹത്തോടെ മാവേലിയുടെകൂടെ നിന്ന് ഒരുപാട് ഫോട്ടോകൾ എടുത്തു.

'ദേ നോക്കൂ അങ്കിൾ, എന്തുനല്ല ഫോട്ടോസ്. അങ്കിൾ നല്ല അടിപൊളി ആയിട്ടുണ്ട്.'

കൊച്ചുണ്ണീ, ഈ ഫോട്ടോ ഒന്നുനോക്കിയേ. എന്തൊരു ചന്തമാണ് കാണാൻ. ഞാൻ ഇത്രക്കു സുന്ദരനാണോ? എന്നിട്ടാണോ നാടുമുഴുക്കെ വലിയ കുടവയറും കപ്പടാമീശയും ഒക്കെ ഉള്ള ഒരുതരം കോലം വരച്ചുവച്ചിരിക്കുന്നത്.'

'അതുപിന്നെ, തിരുമേനീ പണ്ടെന്നോ അങ്ങ് ശിവകാശിയിലെങ്ങാണ്ട് ഉള്ള ഏതോ കലണ്ടർ കമ്പനിക്കാർ അടിച്ചിറക്കിയ ചിത്രമാണ് നമ്മുടെ നാട്ടിലെ പ്രബുദ്ധരായ പ്രജകൾ ഇന്നും ചുമരിൽ തൂക്കിയിട്ടിരിക്കുന്നത്.'

'അവിടെ എന്താണ് നടക്കുന്നത് കൊച്ചുണ്ണീ, കുറേപ്പേർ കൂട്ടംകൂടി നില്ക്കുന്നുണ്ട്, ആർപ്പുവി

ളികളും കേൾക്കുന്നുണ്ടല്ലോ. നാം വരുന്നതറിഞ്ഞ് സ്വീകരിക്കാൻ വന്നതാകാം അല്ലേ. ഓണക്കളിക ളൊക്കെ ഏർപ്പാട് ചെയ്തിട്ടുണ്ടെന്നാണ് തോന്നു ന്നത്.'

'ഇത് ഓണക്കളികളൊന്നുമല്ല തിരുമേനീ. ആ കാണുന്നത് ഒരു വിദ്യാലയമാണ്. അവിടെ വിദ്യാർ ത്ഥികൾ ചേരിതിരിഞ്ഞ് പോരാടുന്നത് തടയാൻ വന്ന അദ്ധ്യാപകരെ മുറിയിൽപൂട്ടിയിട്ട് തെറിവി ളിക്കുന്നതാണ് നാം കാണുന്നത്. ഇപ്പോൾ അങ്ങോ ട്ടുപോകാതിരിക്കുന്നതാണ് ബുദ്ധി.'

'ശരി, എങ്കിൽപിന്നെ നമുക്കുമുന്നോട്ടുതന്നെ നടക്കാം അല്ലേ? എന്താണത് ചില കാക്കിയിട്ട ദ്വാ രപാലകർ ആണല്ലോ നമ്മെ കാണാൻ വരുന്നത്.'

'ആരാണ് നിങ്ങൾ? എന്താണ് ഇവിടെ കിട ന്ന് കറങ്ങുന്നത്?'

'ഞാൻ മാവേലി, ഇതെന്റെ സഹായി കൊ ച്ചുണ്ണി. ഞങ്ങൾ ഈനാടൊക്കെ ചുറ്റിക്കറങ്ങി ന മ്മുടെ പ്രജകളെയൊക്കെ ഒന്നുകാണാമെന്ന് കരു തി ഇറങ്ങിയതാണ്. '

'ങ്ഹാ, ഏതുവേലിയായാലും ശരി. തമാശ പറഞ്ഞുനില്ക്കാതെ അങ്ങോട്ടു മാറിനില്ക്കണം. ഇതുവഴി ഒരു വിഐപി കടന്നുപോകുന്നുണ്ട്, റോ ഡിൽ ആരെയും കാണാൻപാടില്ല.'

'തിരുമേനീ, ഇപ്പോൾ ഈ നാടുഭരിക്കുന്ന വർ ഇതുവഴി കടന്നുപോവുന്നുണ്ട് ആയതിനാൽ അവരെ രാജ്യഭരണം കൈപിടിച്ചേൽപ്പിച്ച ജനങ്ങ ളൊക്കെ വഴിമാറി നടന്നുകൊള്ളണം. അതാണ് ജനാധിപത്യം - ജനങ്ങളുടെമേലുള്ള ആധിപത്യം.' കൊച്ചുണ്ണി ശബ്ദമിടറിക്കൊണ്ട് പറഞ്ഞു.

ഏതാനും നിമിഷത്തിനുള്ളിൽ കുറേയേറെ വാഹനങ്ങളിലായി രാജാവും പരിവാരങ്ങളും നി രനിരയായി അതുവഴി ശരവേഗത്തിൽ ചീറിപ്പാ ഞ്ഞുപോയി.

'ഭരണകർത്താക്കൾ നാടിന്റെ വികസനപ്രവർ ത്തനങ്ങൾക്കായി ഓടിനടക്കുകയാണ് തിരുമേനീ.'

'അവിടെ എന്തോ ഉത്സവം നടക്കുകയാണ ല്ലോ കൊച്ചുണ്ണി, നമുക്കൊന്നു കയറിനോക്കിയാ ലോ?'

'അത് ഉത്സവമൊന്നുമല്ല തിരുമേനീ, ഒരു തു ണിക്കടയിൽ ഓണം പ്രമാണിച്ചുള്ള വമ്പിച്ച ആ ദായ വില്പന നടക്കുകയാണ്. എല്ലാത്തിനും 70%ത്തോളം വിലക്കുറവുണ്ടത്രേ'

'എങ്കിൽപിന്നെ അവിടെയൊന്നു കയറിനോ ക്കാം. നല്ല പട്ടുശീലകിട്ടുകയാണെങ്കിൽ അല്പം വാങ്ങിച്ചുകളയാം. നമ്മുടെ കൗപീനമൊക്കെ കീ റിപ്പറഞ്ഞിരിക്കയാണ്.'

ആദായവില്പനയെന്ന് കേട്ടതോടെ ആ നാ ട്ടിലുള്ള മുഴുവൻപേരും അവിടെ പാഞ്ഞെത്തിയി രിക്കുകയാണ്. വില്ക്കുന്നവർക്കാണ് ആദായമെ ന്ന് അവരറിയുന്നില്ലല്ലോ. ആ തിക്കിലും തിരക്കി ലുംപെട്ട് മാവേലിതമ്പുരാനും കുഞ്ഞുണ്ണിയും ക ടയുടെ ഉള്ളിൽപോലും കടക്കാനാവാതെ തിരി ഞ്ഞുനടന്നു. തമ്പുരാന്റെ പുത്തൻ പട്ടുകൗപീന മെന്നമോഹം അവിടെ പൊലിഞ്ഞു.

നടന്നു ക്ഷീണിതനായ മാവേലിതമ്പുരാൻ തന്റെ സഹായിയോട് പറഞ്ഞു...

'നേരം ഒത്തിരി ഇരുട്ടിയല്ലോ കുഞ്ഞുണ്ണീ. ഇനി നമുക്കിവിടെ എവിടെയെങ്കിലും അല്പനേ രം ഇരിക്കാം. '

രണ്ടുപേരുംതളർന്ന് വഴിയരികത്തുള്ള ഒരു ബഞ്ചിൽ ഇരിക്കുമ്പോഴുണ്ട് അല്പം ദൂരെയായി കുറേ ചെറുപ്പക്കാർ ചേർന്ന് ബഹളം വെക്കുന്നു. അതിൽ ചിലർ എന്തൊക്കെയോ വലിച്ച് ഊതു ന്നുമുണ്ട്.

'അവിടെനിന്ന് പുകയൊക്കെവരുന്നുണ്ടല്ലോ കുഞ്ഞുണ്ണി, എന്താപ്രശ്നം?'

'അയ്യോ തിരുമേനീ, അത് നാടിന്റെ നാളെ യുടെ വാഗ്ദാനങ്ങളായ ചെറുപ്പക്കാർ കഞ്ചാവും മയക്കുമരുന്നും വലിച്ച് രസിക്കുന്നതാണ്. തിരുമേ നി അതൊന്നും ശ്രദ്ധിക്കേണ്ട.'

പെട്ടന്ന് അതുവഴി വേഗത്തിൽ കടന്നുപോ യ ഒരു കാറിൽനിന്നും ഒരു സ്ത്രീ അലറിക്കരയു ന്ന ശബ്ദം കേട്ടു.


'കുഞ്ഞുണ്ണീ, കേട്ടില്ലേ ഒരു സ്ത്രീശബ്ദം. എ ന്തോ അത്യാഹിതം നടക്കുകയാണ്. നമുക്ക് എത്ര യുംപെട്ടന്ന് ആ കാണുന്ന പോലീസ് സ്റ്റേഷനിൽ ചെന്ന് കാര്യം പറയാം. അവർ വേണ്ടത് ചെയ്തു കൊള്ളും.'

'മണ്ടത്തരം പറയാതെ തിരുമേനീ, ഇതൊക്കെ ഇവിടെ പതിവുസംഭവങ്ങൾ ആണ്. നാം ഇതിലൊ ന്നും ഇടപെടാതിരിക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ ഒടുവിൽ വാദി പ്രതിയായി മാറും, അവർ മാറ്റും.'

'പണ്ട് അവിടുന്ന് ഭരിച്ചകാലത്തെ കേരളമൊ ന്നും അല്ല തിരുമേനീ ഇന്നുള്ളത്. ഇത് 100 ശതമാ നം സാക്ഷരതയുള്ള പ്രബുദ്ധ കേരളമാണ്. ഇവി ടെ ആവിഷ്കാരസ്വാതന്ത്ര്യമുണ്ട്, ആക്രമണസ്വാത ന്ത്ര്യമുണ്ട്, അനാശാസ്യസ്വാതന്ത്ര്യമുണ്ട്, അവിഹി തസ്വാതന്ത്ര്യമുണ്ട്, അടിപിടിസ്വാതന്ത്ര്യമുണ്ട്, അവ ഹേളനസ്വാതന്ത്ര്യമുണ്ട്. ഇനിയെന്താണ് വേണ്ടത്?'

'മതി, മതി കൊച്ചുണ്ണീ, നമുക്കെല്ലാം മനസ്സി ലായി. പ്രജകളുടെ ക്ഷേമാന്വേഷണം നടത്താനാ ണ് നാം വർഷത്തിൽ ഒരിക്കൽ ഇവിടെ വരുന്ന ത്. ഇവിടെ നടക്കുന്നതൊന്നും കണ്ടുനിൽക്കാൻ നമുക്കുവയ്യാ. പോകാം, എത്രയും പെട്ടന്ന് ഇവിട ന്ന് പോകാം. ഇനി ഒരിക്കലും ഒരു തിരിച്ചുവരവ് ഇല്ലാത്തവിധം പോകാം.'

മാവേലിതമ്പുരാനും കൊച്ചുണ്ണിയും ഏറെ വ്യ സനത്തോടെ പാതാളത്തിലേക്ക് തിരിച്ചുനടന്നു. ●



# സ്നേഹസ്മരണയിൽ
## 12–ാം ചരമവാർഷികം

# എ.പി. വാസുദേവപിഷാരോടി
**അലനല്ലൂർ അയ്യപ്പൻകാവിൽ പിഷാരം**
**'വിനയം', കുറുവട്ടൂർ, വല്ലപ്പുഴ**

**മരണം: 2012 നവംബർ 2**

A person who is remembered
by his loved ones never goes away,
lives forever.

- Fondly remembered by Family and Friends

# സ്നേഹസ്മരണകളോടെ
## 12–ാം ചരമവാർഷികം

# കമലാവതി ജി.പി.
(മണ്ണാർക്കാട്ട് ഗോവിന്ദപുരത്ത് പിഷാരം)

**ജനനം: 21-08-1937 - മരണം: 02-11-2012**

ഭർത്താവ് : പരേതനായ പല്ലാവൂർ പിഷാരത്ത് രാധാകൃഷ്ണൻ
മക്കൾ : ഇന്ദിര, പ്രേമ, നന്ദകുമാർ
മരുമക്കൾ : രഘുപതി, രാംമോഹൻ, ബിന്ദു
പേരക്കുട്ടികൾ : അരുൺ രഘുപതി (ഭാര്യ: അഞ്ജലി അരുൺ),
അഞ്ജലി രാജീവ് (ഭർത്താവ്: രാജീവ് ജി.പി.),
ശ്രീലക്ഷ്മി രാംമോഹൻ,
ഗൗരവ് നന്ദകുമാർ (ഭാര്യ: ശ്വേത),
ഗൗതം നന്ദകുമാർ
പേരക്കുട്ടികളുടെ മക്കൾ: അനുശ്രീ അരുൺ, മാനവ് രാജീവ്

**B/39, Deeplaxmi, Mithaghar Road,**
**Mulund East, Mumbai-400081.**



# സ്മരണാഞ്ജലികൾ

## 3–ാം ചരമവാർഷികം (15.11.2024)



# എം.പി. ശ്രീധരൻ

(മണക്കുളങ്ങര പിഷാരം, കോണിക്കഴി)

ഉഷശ്രീ, അഞ്ചാംപീടിക, കണ്ണൂർ

മരണം : 15.11.2021

സ്നേഹ സ്മരണകളോടെ

ഭാര്യ : ഉഷ ശ്രീധരൻ

മക്കൾ : ദിവ്യ, ദീപക്

മരുമക്കൾ : രവീന്ദ്രൻ, സൂര്യ

പേരകുട്ടികൾ : ദർശന, ധീരജ്, ദ്രുപദ്, ധന്വന്ത്, ധ്വനി

ഭക്തി

# ദേവീ മാഹാത്മ്യത്തിലൂടെ



എ. തുളസി
പടിഞ്ഞാറെപിഷാരം, തൃപ്രയാർ

**ദേ**വീമാഹാത്മ്യത്തിന് ദുർഗ്ഗാ സപ്തശതി എന്നും ചണ്ഡി എന്നും പേരുണ്ട്. ഉവാച മന്ത്രങ്ങൾ ഉൾപ്പെടെ 700 മന്ത്രങ്ങൾ അടങ്ങിയതിനാലാണ് സപ്തശതി എന്നു പറയുന്നത്. മാർക്കണ്ഡേയപുരാണത്തിലാണ് ദുർഗ്ഗാ സപ്തശതി. ഇതിൽ പതിമൂന്ന് അധ്യായങ്ങളുണ്ട്. ആദ്യത്തെ ഒരു അധ്യായം പ്രഥമ ചരിതവും അടുത്ത മൂന്ന് അധ്യായങ്ങൾ മധ്യമ ചരിതവും അവസാനത്തെ ഒൻപത് അധ്യായങ്ങൾ ഉത്തമ ചരിതവും ആണ്. ദേവിയുടെ മാഹാത്മ്യം വിവരിക്കുന്ന കഥകളും ദേവീസ്തുതികളും ഇതിൽ ഉൾപ്പെടുന്നു.

ദേവീമാഹാത്മ്യപാരായണത്തിലൂടെ ദേവിപ്രസാദത്താൽ സമ്പത്തും ഐശ്വര്യവും ലഭിക്കുകയും, ദുഃഖം ഇല്ലാതാവുകയും മോക്ഷം പ്രദാനം ചെയ്യുകയും ചെയ്യുന്നു. സുമേധസ്സ് മഹർഷിയുടെ അടുക്കൽ നിന്നും ദേവീമാഹാത്മ്യം ഒരേസമയത്ത് ശ്രവിച്ച 'സുരഥ' രാജാവും 'സമാധി' എന്ന വൈശ്യനും ദേവിയെ ദേവീമാഹാത്മ്യം കൊണ്ട് ഭജിച്ചു. സുരഥരാജാവ് നഷ്ടപ്പെട്ട രാജ്യമാണ് തിരികെ ചോദിച്ചത്. വൈശ്യൻ ആത്മജ്ഞാനവും. ദേവി രണ്ടുപേർക്കും ചോദിച്ചത് കൊടുത്തു. അഭീഷ്ടസിദ്ധിക്ക് ദേവീ ഉപാസന നടത്തുന്നത്, ദേവിയെ ആരാധിക്കുന്നത് വളരെ നല്ലതാണ്.

പതിനൊന്നാം അധ്യായത്തിലെ നാരായണീസ്തുതിയിലെ

"സർവ്വ മംഗള മാംഗല്യേ!
ശിവേ! സർവ്വാർത്ഥ സാധികേ!
ശരണ്യേ! ത്ര്യംബകേ! ഗൗരി!
നാരായണി! നമോസ്തുതേ"

എന്ന ദേവീസ്തുതി നിത്യവും ദേവീമാഹാത്മ്യം വായിക്കാൻ സാധിക്കാത്തവർ ചൊല്ലുന്നത് നല്ലതാണ്.

ദേവീ മാഹാത്മ്യത്തിലെ ഒന്നാം അധ്യായത്തിലെ ആദ്യ കഥ മധു - കൈടഭന്മാരുടേതാണ്. ഈ അസുരന്മാർ ഉറങ്ങുന്ന വിഷ്ണുവിന്റെ ചെവിയിൽ നിന്ന് ജന്മം എടുക്കുന്നു. ബ്രഹ്മാവിന്റെ സൃഷ്ടി ക്രിയയിൽ തടസ്സം സൃഷ്ടിക്കുന്നു. തന്റെ സൃഷ്ടി തുടരാൻ സഹായിക്കണമെന്ന് ബ്രഹ്മാവ് ദേവിയോട് പ്രാർത്ഥിക്കുന്നു. ദേവി നിദ്രാരൂപേണയാണ് ഭഗവാന്റെ കണ്ണുകളിൽ ഇരിക്കുന്നത്. താമസരൂപിയാണ് ദേവി. ബ്രഹ്മാവ് ദേവിയെ സ്തുതിക്കുന്നു. ദേവി പ്രത്യക്ഷപ്പെട്ട് മഹാവിഷ്ണുവിനെ ഉണർത്തുന്നു. മഹാവിഷ്ണു മധുകൈടഭന്മാരുമായി യുദ്ധം ചെയ്ത് അവർ രണ്ടുപേരെയും വിധിക്കുന്നു.

മഹിഷാസുരവധം മധ്യമചരിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. മഹിഷം(പോത്ത്)ത്തിന്റെ രൂപമുള്ള അസുരൻ - മഹിഷാസുരൻ ദേവന്മാരെയും ഇന്ദ്രനെയും ദേവലോകത്തു നിന്നും ഓടിച്ചു. അവർ എല്ലാവരും സങ്കടങ്ങൾ പരിഹരിക്കാനായി ബ്രഹ്മാവിനെ മുൻനിർത്തി വിഷ്ണു മഹേശ്വരന്മാരെ സമീപിച്ചു. ത്രിമൂർത്തികൾ വളരെ കോപിച്ചു. അവരുടെ മുഖത്തുനിന്നും ഓരോ തേജസ്സുകൾ പുറപ്പെട്ട് ഒന്നായിത്തീർന്ന് സ്ത്രീ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. മുഖം ശിവതേജസ്സിൽ നിന്നും, കൈകൾ വിഷ്ണു തേജസ്സിൽ നിന്നും, കാലുകൾ വരുണന്റേതിൽ നിന്നും പാദം ബ്രഹ്മാവിന്റേതിൽ നിന്നും തലമുടി യമന്റേതിൽ നിന്നും ഉണ്ടായി. സമുദ്രം താമരമാലകൾ നൽകി. ഹിമവാൻ വാഹനമായി സിംഹത്തെ നൽകി. എല്ലാ ദേവന്മാരും ആയുധങ്ങൾ സമ്മാനിച്ചു. ദേവി സർവ്വശക്തമായി അട്ടഹാസം ചെയ്തു യുദ്ധത്തിനു തയ്യാറായി. മഹിഷാസുരൻ സൈന്യത്തോടുകൂടി പുറപ്പെട്ടു. ശക്തമായ യുദ്ധം തുടങ്ങി. ചിക്ഷുരൻ, ചാമരൻ, കരാളൻ, ഉദഗ്രൻ, മഹാഹനു, ദുർമുഖൻ, ദുർധരൻ എന്നീ അസുരന്മാരെ വധിച്ചു. ഒടുവിൽ മഹിഷാസുരൻ പോത്തിന്റെ രൂപത്തിൽ വന്ന് ദേവകളെ തകർത്തു. ദേവി അവനെ കയറുകൊണ്ട് കെട്ടി. അവൻ സിംഹം, മനുഷ്യൻ, ആന എന്നീ രൂപങ്ങൾ മാറി മാറി എടുത്തു. അവസാനം വീണ്ടും മഹിഷരൂപം എടുത്തു. ദേവി അവനെ വധിച്ചു. നാലാം അധ്യായം ദേവ

ന്മാരുടെ സ്തുതിയാണ്. ദേവി പ്രസന്നയായി ദേവന്മാരെ അനുഗ്രഹിച്ചു.

ഉത്തമചരിതത്തിൽ അസുരന്മാരായ ശുംഭ-നിശുംഭന്മാരെപ്പറ്റി പ്രതിപാദിക്കുന്നു. ശുംഭനും നിശുംഭനും പതിനായിരം വർഷം ബ്രഹ്മാവിനെ തപസ്സു ചെയ്ത് പ്രസാദിപ്പിച്ച് വരം നേടി. അഹങ്കാരം കൂടി അവർ മൂന്നു ലോകവും കീഴടക്കി. ദേവന്മാർ വേഷം മാറി ഭൂമിയിൽ അലഞ്ഞു. അവർ ഹിമാലയത്തിൽ ചെന്ന് ദുർഗ്ഗാ ഭഗവതിയെ സ്തുതിച്ചു. പാർവതി ഗംഗയിലേക്ക് കുളിക്കാൻ പോകും വഴി അവിടെ വന്നു. ദേവിയുടെ ശരീരകോശത്തിൽ നിന്നും കൗശികി എന്ന ദേവി പുറത്തുവന്നു. (കാളികാ, കൃഷ്ണാ, അംബിക എന്നും ദേവിക്ക് പേരുകൾ ഉണ്ട്).

ശുംഭ നിശുംഭന്മാരുടെ ഭൃത്യന്മാരായ ചണ്ഡമുണ്ഡന്മാർ ദേവിയുടെ സൗന്ദര്യത്തെ വർണ്ണിച്ചു. ഇതുകേട്ട് ശുംഭ നിശുംഭന്മാർ ദൂതനെ അയച്ച് ദേവിയോട് പ്രണയാഭ്യർത്ഥന നടത്തി. ദേവിയോട് യുദ്ധം ചെയ്ത് ദേവിയെ തോൽപ്പിച്ച് വിവാഹം ചെയ്തുകൊള്ളുവാൻ ദേവി പറഞ്ഞു. യുദ്ധത്തിന് ധൂമ്രലോചനനെ സൈന്യത്തോടൊപ്പം അയച്ചു. അവരെയും ദേവി വധിച്ചു. രക്തബീജാസുരന്റെ രക്തം വീണിടത്തുനിന്നെല്ലാം ആയിരക്കണക്കിന് രക്തബീജാസുരന്മാർ ഉണ്ടായി. കാളി അവരുടെ രക്തം കുടിച്ചു. ചണ്ഡിക രക്തബീജാസുരനെ വധിച്ചു.

ശുംഭനും നിശുംഭനും യുദ്ധത്തിനിറങ്ങി. എല്ലാ ദേവകളും അവരവരുടെ ശക്തികൾ ദേവിയിലേക്കയച്ചു. ബ്രഹ്മാണി, മാഹേശ്വരി, കൗമാരി, വൈഷ്ണവി, വാരാഹി, നരസിംഹി, ഐന്ദ്രി എന്നിവർ യുദ്ധത്തിന് ഇറങ്ങി. യുദ്ധത്തിൽ നിശുംഭൻ ബോധം കെട്ട് നിലംപതിച്ചു. വീണ്ടും രണ്ടുപേരും പകയോടെ പരാക്രമം കാട്ടി. നിശുംഭനെ ദേവി കുന്തം കൊണ്ട് കുത്തിമലർത്തി. മറ്റുള്ളവരുടെ ശക്തി കൊണ്ടല്ലേ നീ അഹങ്കരിക്കുന്നത് എന്ന് ശുംഭൻ ദേവിയോട് ചോദിച്ചു. എല്ലാ ശക്തികളെയും തന്റെ ഉള്ളിലേക്ക് ആവാഹിച്ച് ഭഗവതി ഒറ്റയ്ക്ക് യുദ്ധം ചെയ്തു. ആ യുദ്ധം ആയിരം വർഷം നീണ്ടുനിന്നു. ചണ്ഡികാദേവി ശുംഭനെ നെഞ്ചു പിളർത്തി കൊന്നു. അസുരന്മാരെക്കൊണ്ടുള്ള ഉപദ്രവം ഇല്ലാതായി. ലോകം സ്വസ്ഥമായി. ദേവന്മാരുടെ സ്തുതിയാണ് ദേവീഭാഗവതത്തിലെ പതിനൊന്നാം അധ്യായം.

ദേവീചരിതം വായിക്കുകയും കേൾക്കുകയും ചെയ്താലുള്ള ഫലശ്രുതിയാണ് 12-13 അധ്യായങ്ങൾ. ദേവീമാഹാത്മ്യം നിത്യവും പാരായണം ചെയ്യാൻ സാധിക്കാത്തവർ പതിനൊന്നാം അധ്യായം - നാരായണീസ്തുതി വായിക്കുന്നത് വളരെ നല്ലതാണ്. അതിനും സാധിക്കാത്തവർ സർവമംഗള മാംഗല്യേ... എന്ന ശ്ലോകം ചൊല്ലുവാൻ ശ്രമിക്കുക.

ദേവീമാഹാത്മ്യപാരായണത്തിലൂടെ എല്ലാവർക്കും ദേവിയുടെ അനുഗ്രഹം ലഭിക്കുമാറാകട്ടെ.

അമ്മേ ശരണം... ദേവീ ശരണം... ലക്ഷ്മീ ശരണം... ഭദ്രേ ശരണം. ●

## പുസ്തക പ്രകാശനം




**ഡോ.** സുജയയുടെ "ചിലപ്പോൾ ചില നിശ്ശബ്ദതകൾ പറയുന്നത്" എന്ന ചെറുകഥാസമാഹാരം ലൈബ്രറി കൌൺസിലിന്റെ ആഭിമുഖ്യത്തിൽ 14-10-2024നു വൈകുന്നേരം പാലക്കാട് പ്രസന്നലക്ഷ്മി ഓഡിറ്റോറിയത്തിൽ വെച്ചു നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു.

ഇതിനു മുമ്പ് 2020ൽ "ഓരോരുത്തർക്ക് ഓരോരോ ന്യായങ്ങൾ" എന്ന ചെറുകഥാ സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചെറുകാട്ട് പിഷാരത്ത് ഗോപാല പിഷാരോടിയുടെയും തൊണ്ടിയന്നൂർ പിഷാരത്ത് ചന്ദ്രിക പിഷാരസ്യാരുടെയും മകളാണ് ഡോ. സുജയ.

ഡോ. സുജയക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ഭക്തി

# ശ്രീ കുറുമാമ്പറ്റ അഞ്ചുമൂർത്തി സ്തോത്രം

(സ്വയംഭൂവായ സുബ്രഹ്മണ്യസ്വാമിയുടെ 3000 ത്തോളം വർഷം പഴക്കമുള്ള സ്തോത്രം)



**സമ്പാ: രാമകൃഷ്ണപിഷാരോടി**

**സം**സാരത്തിനെയകറ്റീടുന്ന വലുതാം
ദിവ്യൗഷധം നമ്മളിൽ
കംസാരി പ്രണയം വളർത്തിയ
മഹാദേവൻ സുതൻമാരൊടും
ഉൽസുംഗത്തിലെഴുന്ന
പർവ്വതസുതക്കബ്ജാക്ഷസൽക്കീർ-
ത്തിയെ സംസാരിച്ചു കൊടുത്തുകൊണ്ടിഹ
കുറാംപറ്റേ തിളങ്ങുന്നിതായ്
ആദ്യം നിൻ ചരണം നമിച്ചതിനുമേൽ
സ്കന്ദാദ്യരേ കൈതൊഴാം
ചോദ്യം വിട്ടുഭവത്തിൽ നിന്നിടിയനെ
കേറ്റീടണേ ശങ്കരാ
ഉദ്യന്നു പുരചാരു രത്ന മുരളി
പിഞ്ചാഞ്ചുത ശ്രീലസൽ
സദ്യുദ്രാസവിഷക്ത നന്ദജ
പാദാംബുജത്തിലേക്കാദ്യനായ്
കാരുണ്യത്തൊടു പഞ്ചമൂർത്തികൾ
കുറാംപറ്റേ തിളങ്ങുന്നിതായ്
പേരുണ്ടായതിലദ്രജാതനയനാം
സ്കന്ദൻ സ്വയം വന്നതാം
ആരും ഹൃത്തിതിലൊന്നറിഞ്ഞവനെഴും
പാദാബ്ജമത്ത്യാദരം
ചേരും വണ്ണമിടക്കിടക്കിടവിടെ
വന്നൊക്കും വിധം പാർക്കണം
എന്നാൽ വെൺമണി തോട്ടമെന്നി
വരൊടും ഗോവിന്ദനന്നാഖ്യയാൽ
മിന്നും കൃഷ്ണപദാബ്ജ സേവക
നെഴുത്തച്ഛൻ നിമിത്തം പരം
ഇന്നാണിത്തിരുമേനിതൻ കഴലിണ
പൂവൊന്നു കാൺമാനുമായ്
കന്നൽ കറൊളിയാം മുകുന്ദനെ മുദാ
വാഴ്ത്താനുമിങ്ങൊത്തതും
എല്ലാ തെറ്റുകളും ക്ഷമിച്ചഗജതൻ
ഉണ്ണിക്കിടവാവേ ഭവാൻ
എല്ലായ്പ്പോഴുമിവന്റെ നാവിലരുളി
ട്ടാടാനപേക്ഷിപ്പു ഞാൻ
അല്ലായ്കിൽ പരനല്ലെനിക്കുമജനിൽ
പ്രേമം വളർത്തീടുവാനില്ലാതാകുമൊരിടം
കടുത്തകദനം താനാമിതെൻ സദ്ഗുരോ!!
പാഴായ്തീരൊല ജൻമമെന്നു കരളിൽ
പ്രാർത്ഥിച്ചു ദിക്ഷിച്ചൊരാൾ
മേഴത്തോളവിടുത്തെ നല്ല ചരണം
കുമ്പിട്ടുപോകും വിധൗ
താഴാതുള്ളൊരു പാട്ടി പാണനിവരെ
കല്ലായ് പ്രതിഷ്ഠിച്ചതാം
പാഴല്ല ചരിതം ഭവാന്റെ നിലയേ
ചൊല്ലുന്നു കില്ലെന്നിയേ
അമ്പാടിതെരുവിൽ
കിഴിഞ്ഞു വിലസും
പൊൻ കിങ്ങിണി ചാർത്തുമായ്
കമ്പം വിട്ടു കളിച്ച കണ്ണനെയിവൻ
കാമിപ്പു കാൺമാൻ സദാ
നിൻ പറ്റെന്നികയില്ല മറ്റുശരണം
തത്താദൃശ പ്രേമമാം
സമ്പത്തെന്നിഹ പാർക്കിലൊന്നമഗജ
സാമ്രാജ സർവ്വസ്വമേ.

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| (1) | അനിത രവി പിഷാരോടി, മുംബൈ | - | 15,000 |
| (2) | സി.പി. ഉണ്ണികൃഷ്ണ പിഷരോടി, ഉല്ലാസ്. ചേവായൂർ കോഴിക്കോട് | - | 10,000 |
| (3) | കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

കഥ

# ജീവിത സായാഹ്നത്തിലെ പുതിയ ഒരേട്



ഐശ്വര്യ യു., നെല്ലുവായ്

**ഈ** ജീവിതത്തിൽ ഞാൻ തനിച്ചായിട്ട് മൂന്ന് വർഷമായി. എത്ര നാളാണ് ഈ ഒറ്റപ്പെടലിന്റെ കൂടെ യാത്ര ചെയ്യേണ്ടത്. എനിക്ക് ഒരു പുതുജീവിതം ഇനി ഇല്ല എന്നറിയാം. എന്നാലും ഒരു കൂട്ട് ഉള്ളിന്റെ ഉള്ളിൽ ഞാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ....

അംബികയുടെ ചിന്തകളെ തടസ്സപ്പെടുത്തിക്കൊണ്ട് കോളിങ്ങ് ബെൽ അടിച്ചു. അവൾ വാതിൽ തുറന്നപ്പോൾ ആകെ അമ്പരന്നുപോയി. അത് കോളേജിലെ പ്രിയ സുഹൃത്തായ ലക്ഷ്മി ആണ്. നീയെന്താ ഇവിടെ... എങ്ങനെ ഈ വീട് കണ്ടുപിടിച്ചു. അംബിക ചോദിച്ചു. ആദ്യം ഒരു അതിഥിയെ വീട്ടിലേക്ക് ക്ഷണിക്ക്. ലക്ഷ്മി കളിയാക്കി. അയ്യോ ഞാൻ മറന്നു അകത്തോട്ട് വരൂ. അംബിക ലക്ഷ്മിയെ അകത്തോട്ട് കൂട്ടിക്കൊണ്ട് പോയി, അവർ തമ്മിൽ കുശലാന്വേഷണം നടത്തി. അമ്മു ഞാൻ വന്നത് ഒരു പ്രധാനപ്പെട്ട കാര്യം പറയാനാണ്. നീ റീയൂണിയന് വരണം. ഇനിയും നീ മാറിനിൽക്കരുത് പ്ലീസ്... ലക്ഷ്മീ... അംബിക പറയാൻ തുടങ്ങിയപ്പോൾ ലക്ഷ്മി പറഞ്ഞു. നീ ഒന്നും പറയണ്ട. വന്നേ പറ്റൂ. ഇതാ കാർഡ്... നീ വരണം... വന്നേ പറ്റൂ.

അന്ന് രാത്രി അംബികയുടെ മനസ്സ് കോളേജ് ദിനങ്ങളിലേക്ക് തിരിഞ്ഞോടി. തന്റെ പഠനമികവും രാജീവിനേയും അവൾ ഓർത്തു. തന്റെ പ്രണയം അറിഞ്ഞ് വീട്ടുകാർ പഠനം നിർത്തിയതും വിവാഹം കഴിപ്പിച്ചയച്ചതും ആയ ആ കയ്പ്പേറിയ ഓർമ്മയിലൂടെ ഒരു വട്ടംകൂടി അവൾ യാത്ര ചെയ്തു. ഓർമ്മകളിൽ വീണ്ടും രാജീവ് നിറയുകയാണ്.

"ഇപ്പോൾ മുടിയെല്ലാം നരച്ചിട്ടുണ്ടാവും. എന്നാലും ആ ചിരിയിൽ വലിയ മാറ്റം ഉണ്ടാവില്ല. മീശയും താടിയും വളർന്നിട്ടുണ്ടാവുമോ?"

രാജീവ് അവളെ വിട്ടുപോയില്ല. നേരം പുലർന്നത് പോലും അംബിക അറിഞ്ഞില്ല. കുറേ ദിവസത്തെ ചിന്തകൾക്കൊടുവിൽ അവൾ റീയൂണിയന് പോകുവാൻ തീരുമാനിച്ചു. ആ ദിവസം അംബികയ്ക്ക് പതിവിലും കൂടുതൽ ഉത്സാഹമായിരുന്നു. കണ്ണാടിയിൽ ഏറേ നേരം നോക്കി നിന്നു. തനിക്ക് തന്റെ യൗവനം തിരിച്ചു കിട്ടിയ ഒരു സുഖം. അങ്ങനെ കോളേജ് ക്യാമ്പസിലേക്ക് അവൾ നടന്നു കയറി. ഇതുവരെ തോന്നാത്ത ഒരു അനുഭൂതിയിലൂടെയാണ് അവൾ ആ നിമിഷം കടന്നുപോയത്. തന്റെ ഒറ്റപ്പെടലിനു നടുവിലും ഒരു ചെറുമഴ പോലെ ആ കോളേജ് റീയൂണിയൻ പെയ്തിറങ്ങി. അവൾ പഴയ കൂട്ടുകാരെ കണ്ടപ്പോൾ ഒരു നിമിഷം അവൾ അവളെ തന്നെ മറന്നു. അവളുടെ നരയും വാർദ്ധക്യം എന്ന നിരാശയും കാറ്റിൽ പറന്നുപോയി. അന്ന് അവൾ എല്ലാവരോടും സംസാരിച്ചു. എന്നിരുന്നാലും ആ കണ്ണുകൾ തിരഞ്ഞത് രാജീവിനെ ആണ്. പെട്ടെന്നാണ് പുറകിൽ നിന്നൊരു മധുരമേറിയ സ്വരമവളെത്തേടിയെത്തിയത്. അമ്മൂ.... അംബികയുടെ ഹൃദയം ഒരു നിമിഷം നിന്നുപോയി. അർത്ഥമില്ലാത്തൊരു ജീവിതമായിരുന്നു ഇത്രയും കാലവും താൻ ജീവിച്ചു തീർത്തത്. എന്നാൽ ഇന്ന് ഈ നിമിഷത്തിനായാണ് താൻ ജീവിച്ചത് എന്ന് അംബികയ്ക്ക് തോന്നിപ്പോയി. അവൾ തിരിഞ്ഞ് നോക്കി. രാജീവ്... അവൾ പതിയെ പറഞ്ഞു. അതേ സുഗന്ധം. ഒരു ഇളം നീല ഷർട്ടും കസവ് മുണ്ടും. തലമുടി അവിടവിടെയായി നരച്ചിട്ടുണ്ട്. അല്ലാതെ വേറെ മാറ്റമൊന്നുമില്ല. രാജീവ്... അവൾ ഒന്ന് കൂടെ വിളിച്ചു. "അമ്മൂ നിനക്ക് ഒരു മാറ്റവും ഇല്ല." രാജീവ് ചെറുപുഞ്ചിരിയോടെ പറഞ്ഞു. അതു കേട്ടതും അവൾ ചിരിച്ചു. "നിനക്കും വലിയ മാറ്റമൊന്നും ഇല്ല നര അല്ലാതെ." അവൾ പറഞ്ഞു. അവർ അന്ന് ഒരുപാട് സംസാരിച്ചു. "അമ്മൂ എനിക്ക് നിന്നോടൊരു കാര്യം പറയാൻ ഉണ്ട്. ഇനിയെങ്കിലും നമുക്കൊന്നിച്ച് ജീവിച്ചുകൂടെ. ഈ ഒറ്റപ്പെടലിന് ഒരു അവസാനം വരുത്തിക്കൂടെ." അംബിക നിശബ്ദയായി. അവൾ ഒന്നും പറയാതെ നടന്നകന്നു. അന്ന് രാത്രി അംബിക ഒരുപാട് കരഞ്ഞു. പിറ്റേന്ന് രാവിലെ അവളുടെ കോളിംഗ് ബെൽ അടിച്ചു. രാജീവ് ആകുമോ

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | മാ | ശിര | മ | | |
| | | ശി | ച | | |
| ഗു | മ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | ല |
| ചബു | മാ | | | | |
| കു | ല | കുഗു ഭൃ | രബു സ | | |
| | | | ഭൃസ | | |

Proposals are invited from parents of Pisharody girls for a Pisharody boy (B.Tech Graduate), aged 29 years, currently employed as an Electric Engineer in a private concern in South Kerala. Interested parents may please contact:

**Mob: 9495196906 / 8547066015**

1171 തുലാം 22നു, 1995 നവംബർ 8 നു ബുധവാരെ IST 9 മണി 50 മിനിട്ട് AM ഉദയാൽ പരം 8 നാഴിക 42 വിനാഴികക്ക് കാർത്തിക നക്ഷത്രം ദ്വിതീയ പാദം ധനു ലഗ്നം പുരുഷ ജനനം. ശിഷ്ടദശ: 3-10-24-0 രവിദശ.

Proposals are invited from parents of well educated girls from Pisharody / Ambalavasis for a Pisharody boy, aged 32 years, height 168 cm, PhD in Physics from IISER and now pursuing post doctoral in Japan. Interested parents mav contact:

**Mob: 9495422775 / 9447527194**

Horoscope is not compulsory.

എന്നവൾ ഭയന്നു. എന്നാൽ വാതിൽ തുറന്നപ്പോൾ അത് മിന്നുവാണ്. പ്രിയ, അംബികയുടെ ഒരേ ഒരു മകൾ. നീയെന്താ ഒന്നും പറയാതെ വന്നേ മിന്നു. അംബിക സംശയത്തോടെ ചോദിച്ചു. എന്താ എനിക്ക് വന്നൂടെ. അവൾ ചോദിച്ചു. അന്ന് അവർ ഒരുപാട് സംസാരിച്ചു. "അമ്മേ... രാഹുൽ മരിച്ചിട്ട് 2 വർഷം തികയാറായി. ഞാൻ ഈ ഒറ്റപ്പെടലിൽ മടുത്തു. ഇനിയും ഞാൻ ഇങ്ങനെ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. എന്റെ ഓഫീസിൽ ഒരു ആൾ ഉണ്ട്. ജീവൻ. ഞാൻ അയാളെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുണ്ട്." അംബിക ഞെട്ടി. "നീയെന്താ ഈ പറയുന്നത് മിന്നു. ആളുകൾ എന്ത് വിചാരിക്കും." "അമ്മേ.. ഇനിയും എത്രകാലം അമ്മ ഇങ്ങനെ ജീവിക്കും. കുറേകാലം വീട്ടുകാർക്ക് വേണ്ടി. പിന്നെ അച്ഛനുവേണ്ടി. ഇപ്പോൾ നാട്ടുകാർക്ക് വേണ്ടി. ഇനിയും എത്രകാലം ഇങ്ങനെ. അമ്മ അല്ല ഞാൻ. ഞാൻ എനിക്കായാണ് ജീവിക്കുന്നത്. അമ്മ എതിർക്കരുത്. അമ്മ ഒന്ന് ചിന്തിച്ച് നോക്കൂ. അമ്മ അമ്മയ്ക്ക് വേണ്ടി ജീവിച്ചിട്ടുണ്ടോ? ഈ ഒറ്റപ്പെടൽ അമ്മയെ തളർത്തുന്നില്ലേ. അമ്മ ഇനിയെങ്കിലും അമ്മക്ക് വേണ്ടി ജീവിക്കൂ." പ്രിയ പറഞ്ഞു. അന്ന് രാത്രി അംബിക ഒരുപാട് ചിന്തിച്ചു. ഞാൻ യഥാർത്ഥത്തിൽ ആർക്കുവേണ്ടിയാണ് ജീവിച്ചത്. ഇനിയെങ്കിലും എനിക്ക്, എനിക്കുവേണ്ടി ജീവിക്കണം. നാളെത്തന്നെ രാജീവിന്റെ കാര്യം പറയണം. അംബിക മനസ്സിൽ തീരുമാനിച്ചു. പിറ്റേന്ന് പ്രിയ അംബികയുടെ അടുത്തുചെന്നു. അമ്മേ ഞാൻ ഇന്ന് ജീവനോട് വരാൻ പറഞ്ഞിട്ടുണ്ട്. അമ്മ വേണം സ്വീകരിക്കാൻ. പെട്ടെന്ന് കോളിംഗ് ബെൽ അടിച്ചു. അത് ജീവൻ ആണ്. അമ്മ പോയി വാതിൽ തുറക്കൂ. "മോളേ ഈ കല്ല്യാണത്തിന് എനിക്ക് സമ്മതാണ്." അംബിക പറഞ്ഞു. "പിന്നെ..." പ്രിയ തടഞ്ഞു. അമ്മ ജീവനെ കണ്ടും ഇത് പറയണം. പോയി വാതിൽ തുറക്കൂ. അംബിക വാതിൽ തുറന്നു. അംബിക അമ്പരന്നുപോയി. താൻ സ്വപ്നത്തിലോ എന്ന് പോലും അവൾക്ക് തോന്നി. രാജീവ് അതാ തന്റെ മുന്നിൽ. "എന്താ അമ്മേ അതിഥിയെ അകത്തേക്ക് ക്ഷണിക്കാത്തെ." അവൾ അമ്മയുടെ കയ്യിൽ പിടിച്ചു. ഇനിയെങ്കിലും അമ്മ അമ്മയ്ക്ക് വേണ്ടി ജീവിക്കൂ. ജീവിതത്തെ സ്നേഹിച്ചു ജീവിക്കൂ..."

അന്ന് അംബികയുടെ മിഴികൾ നിറഞ്ഞു. സങ്കടത്താലല്ല, സന്തോഷത്താൽ.

യാത്ര ഭാഗം 5

# രജ്പുത്താന




**മുരളി ആനായത്ത്**
ഫോൺ: 9495708403


**കർണ്ണിമാതാ ക്ഷേത്രം:** പിന്നെ ഞങ്ങൾ മൻസാപൂർണ്ണ കർണ്ണിമാതാ ക്ഷേത്രത്തിലേയ്ക്കാണ് പോയത്. കുന്നിൻമുകളിലുള്ള അമ്പലത്തിലേയ്ക്ക് ചുറ്റിവളഞ്ഞ് നടന്നുകയറാനുള്ള വഴിയുമുണ്ട് റോപ് വേയുമുണ്ട്. ഞങ്ങൾ റോപ് വേ വഴി കയറാൻ തീരുമാനിച്ചു. സന്ദീപും ദാസേട്ടനും മുൻപേ പോയി എല്ലാവർക്കുമുള്ള ടിക്കറ്റ് എടുത്തു. ഒരു പെട്ടിയിൽ ആറു പേർക്ക് കയറാം ഞങ്ങൾ സന്ദീപും ചേർന്ന് 18 പേരായിരുന്നു. ഞാൻ സന്ദീപിന്റെ കൂടെത്തന്നെ ഒരു പെട്ടിയിൽ കയറി. കയറുംമുമ്പ് സന്ദീപ് കണ്ണടച്ച് കർണ്ണിമാതയോട് പ്രാർത്ഥിയ്ക്കുന്നത് കണ്ടു. യഥാർത്ഥ കർണ്ണിമാതാ ക്ഷേത്രം ബിക്കാനീറിലെ ദേശ്നോക്കിലാണത്രെ. ഈ ക്ഷേത്രം റാണാ കരൺസിംഗിന്റെ കാലത്ത് (1620-1628) നിർമ്മിയ്ക്കപ്പെട്ടതാണ്. ഒരുപാടുകാലം ഈ ക്ഷേത്രം അടഞ്ഞു കിടപ്പായിരുന്നു. പിന്നീട് 1997ൽ പുനർനിർമ്മാണ പ്രക്രിയകളൊക്കെ ആരംഭിച്ച് അതേവർഷം തന്നെ സന്ദർശകർക്കും, ഭക്തർക്കുമായി തുറന്നു കൊടുക്കുകയും ചെയ്തു. അഞ്ചു നിമിഷം കൊണ്ട് ഞങ്ങൾ കയറിയ പെട്ടി മുകളിലെത്തി. പുറകെപ്പുറകെ മറ്റു രണ്ടു പെട്ടികളുമെത്തി. മുകളിൽനിന്നുള്ള കാഴ്ച വാക്കുകളിൽ വിവരിയ്ക്കാനാവാത്തതാണ്. പിഛോലാതടാകവും, അതിലെ വെണ്ണക്കൽ കൊട്ടാരങ്ങളും സായാഹ്നസൂര്യന്റെ രശ്മികളേറ്റ് തിളങ്ങിക്കാണുന്നു. സിറ്റിപാലസിന്റെ മേൽത്തട്ട് ഇവിടെനിന്ന് കാണുമ്പോൾ നങ്കൂരമിട്ടു നില്ക്കുന്ന ഒരു കപ്പലിന്റെ ഡക്ക് പോലെ തോന്നുന്നു. ഞങ്ങൾക്ക് ദേവീദർശനത്തിനുശേഷം പുരോഹിതൻ പ്രസാദം തന്നു. അവിടെ ഒരിടത്ത് ഒരു കൂട്ടിൽ കുറച്ചെലികളെ സൂക്ഷിച്ചിട്ടുണ്ട്. അവയ്ക്കു തിന്നാൻ കൊടുക്കുന്നതും ഒരു വഴിപാടാണ്. കർണ്ണിമാതാ ദേവിയുടെ മക്കളാണ് ഈ എലികൾ എന്നാണ് സങ്കല്പം. ഈ എലികളെ ദേശ്നോക്കിൽ നിന്നുകൊണ്ടുവന്നതാണത്രെ. കൂടുതൽ കാര്യങ്ങൾ നിങ്ങൾക്ക് ദേശ്നോക്കിലുള്ള ക്ഷേത്രത്തിൽ പോവുമ്പോൾ അറിയാൻകഴിയും എന്ന് സന്ദീപ് പറഞ്ഞു. ഞങ്ങൾ താഴെയിറങ്ങാനുള്ള തയ്യാറെടുപ്പായി. കേബിൾകാർ വരുന്നതിനനുസരിച്ച് ഞങ്ങൾ ഓരോരുത്തരും കയറി താഴേയ്ക്ക് പോന്നു. എല്ലാവരും താഴെയെത്തിയപ്പോഴും സന്ദീപ് കണ്ണടച്ച് കർണ്ണിമാതയ്ക്ക് നന്ദി പറയുന്നത് കണ്ടു. സമയം അഞ്ചര കഴിഞ്ഞിരുന്നു. ഇന്നത്തെ പരിപാടിയിൽ ഇനിയും ബാക്കിയുള്ളത്, വിന്റേജ് കാർ കലക്ഷൻ, അക്വേറിയം, ലോക കലാമണ്ഡൽ ഇവയിലേയ്ക്കുള്ള സന്ദർശനങ്ങളാണ്. പിന്നെ കാലത്ത് നീട്ടിവെച്ച പിഛോലാ തടാകത്തിലെ ബോട്ടുയാത്ര. അക്വേറിയവും, വിന്റേജ് കാർ കലക്ഷനും കാണേണ്ട എന്ന് ഗ്രൂപ്പ് അംഗങ്ങൾ ഐകകണ്ഠ്യേന തീരുമാനിച്ചു. ബസ് ലോക കലാമണ്ഡലത്തിനു മുന്നിലെത്തി. അവിടത്തെ ആകർഷണം ഒരു മണിക്കൂർ നീണ്ട ഒരു പ്രദർശനമാണ്. പാതിനേരം പാവക്കൂത്തും പാതിനേരം രാജസ്ഥാനി നാടോടി നൃത്തവുമാണത്രെ. ഇനിയത്തെ ഷോ ഏഴുമണി മുതൽ എട്ടുമണിവരെയുള്ളതാണ്. ലോകകലാമണ്ഡലം ബോട്ടുയാത്ര കഴിഞ്ഞ് തീരുമാനിയ്ക്കാം എന്നുറപ്പിച്ച് എല്ലാവരും ബോട്ടുയാത്രയ്ക്ക് തയ്യാറായി. നാല്പത്തിരണ്ട് ഡിഗ്രി പകൽച്ചൂടിൽ വിശ്രമമില്ലാത്ത നടത്തവും, കയറ്റിറക്കങ്ങളും, അലച്ചിലും എല്ലാവരേയും തളർത്തിയിരിയ്ക്കുന്നുവെന്ന് തോന്നി. എല്ലാവരും ബോട്ടിങ്ങ്ന് മുമ്പ് ഒരോ ചായ കുടിയ്ക്കാൻ താല്പര്യം പ്രകടിപ്പിച്ചു. ഓരോരുത്തരും ചായയോ കാപ്പിയോ കുടിയ്ക്കുമ്പോൾ ഞാനൊരു നാരങ്ങവെള്ളം കുടിച്ചു. സന്ദീപിനെ ടിക്കറ്റെടുക്കാനേർപ്പാടാക്കിയിരുന്നു. ഞങ്ങളെല്ലാവർക്കും ഒരേബോട്ടിൽ തന്നെ കയറാനായി. ഞങ്ങളെ കൂടാതെ ചിലരുമുണ്ടായിരുന്നു ബോട്ടിൽ. എന്തായാലും പിഛോലാ താടാകത്തിലൂടെയുള്ള നൗകായാത്ര തുടങ്ങി. ഉദയ്പൂരിലെ തടാകങ്ങളിൽ ഏറ്റവും വലിയത് പി



ഷോലാ തടാകം തന്നെയാണ്. ഇതിന്റെ ശരാശരി ആഴം 14 അടിയും, കൂടിയ ആഴം 30 അടിയുമാണത്രെ. ഏഴ് ചതുരശ്ര കിലോമീറ്ററോളം വിസ്താരമുള്ള ഈ തടാകത്തിൽ നാലു ചെറിയ ദ്വീപുകളുണ്ട്.

**ജഗ് മന്ദിർ (ലേക്ക് ഗാർഡൻ പാലസ്):** തടാകത്തിന്റെ തെക്കുഭാഗത്തുള്ള ചെറിയ ദ്വീപിലെ കൊട്ടാരമാണിത്. 1551ൽ റാണാ അമർസിങ്ങ്ന്റെ കാലത്താണ് ഇതിന്റെ നിർമ്മിതി ആരംഭിച്ചത് എന്നു പറയപ്പെടുന്നു. പിന്നീട് വന്ന റാണാ കരൺസിങ് ഇതിന്റെ പണി തുടർന്നു. അതിനും ശേഷം വന്ന ജഗത്സിംഗ് ഒന്നാമന്റെ കാലത്ത് (1628–1652) ആണത്രെ ഇതിന്റെ പണി പൂർത്തിയായത്. അതുകൊണ്ട് അദ്ദേഹത്തിന്റെ പേരിൽ – ഇത് ജഗ് മന്ദിർ എന്നറിയപ്പെട്ടു വരുന്നു. ഇതെല്ലാം രാജാക്കന്മാരുടെ വേനൽക്കാല വസതികളായിരുന്നു.

**ജഗ് നിവാസ് (ലേക്ക് പാലസ്):** ഏറെക്കുറെ തടാകത്തിന്റെ നടുവിലായി ഉള്ള ചെറിയ ദ്വീപിൽ 1754ൽ റാണാ ജഗത് സിംഗ് രണ്ടാമന്റെ ഭരണ കാലത്ത് നിർമ്മിയ്ക്കപ്പെട്ടതെന്നു പറയുന്ന വെണ്ണക്കൽക്കൊട്ടാരവും അതീവ ഹൃദ്യമായ കാഴ്ചയാണ്.

സായിപ്പ് 'സിപ്പായി ലഹള' എന്നു പുച്ഛിച്ച, 1857ലെ നമ്മുടെ ഒന്നാം സ്വാതന്ത്ര്യ സമര കാലത്ത് അഭയാർത്ഥികളായ കുറച്ചു മദാമ്മമാരെയും കുട്ടികളെയും റാണാ സ്വരൂപ് സിംഗ് ഈകൊട്ടാരത്തിൽ അഭയം നല്കി പാർപ്പിച്ചുവത്രെ. (ജഗ് മന്ദിറിലാണ് താമസിപ്പിച്ചത് എന്നും പറയുന്നുണ്ട്) സമരക്കാർ അവിടെ എത്തിപ്പെടാതിരിക്കാൻ തടാകത്തിലെ എല്ലാ ബോട്ടുകളും അന്ന് അദ്ദേഹം നശിപ്പിച്ചുവത്രെ. അഭയം നല്കിയവരെ രക്ഷിയ്കാനുള്ള രജപുത്രന്റെ വ്യഗ്രത! എന്തായാലും ഇപ്പോൾ ഇത് താജ് ഗ്രൂപ്പിന്റെ 'താജ് ലേക്ക് പാലസ്' എന്ന ആഡംബര ഹോട്ടലാണ്.

**അർസിവിലാസ്:** ഈ മന്ദിരം ജഗ്മന്ദിറിന്റെ പുറകിലായിട്ടാണ് നിർമ്മിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. റാണാ അർസിസിംഗ് സൂര്യാസ്തമയം കാണാൻ വേണ്ടി ഉണ്ടാക്കിയതാണത്രെ ഇത്. ഇപ്പോൾ ഇവിടം ധാരാളം ദേശാടനക്കിളികൾ വരുന്ന ഒരു പക്ഷി സങ്കേതം കൂടിയാണത്രെ.

**മോഹൻ മന്ദിർ:** റാണാ ജഗത് സിംഗ് ഒന്നാമന്റെ കാലത്തെ (1628–1652) ഒരു നിർമ്മിതിയാണത്രെ ഇതും. താരതമ്യേന ചെറിയ ഈ മന്ദിരം അദ്ദേഹത്തിന്റെ മക്കളിൽ ഒരാളായ മോഹൻദാസിന്റെ സ്മരണയ്ക്കായി ഉണ്ടാക്കപ്പെട്ടതാണ് എന്നു പറയപ്പെടുന്നു. രാജാക്കന്മാർ കുടുംബാംഗങ്ങൾ ഒക്കെ, 'ഗൺഗൗർ' ഉത്സവാഘോഷങ്ങൾ വീക്ഷിയ്ക്കുന്നതിന് ഈ മന്ദിരം ഉപയോഗപ്പെടുത്തിയിരുന്നത്രെ. ശിവപാർവതിമാരെ വ്രതശുദ്ധിയോടെ, ഉപവാസപൂർവ്വം, ഭക്തിശ്രദ്ധാപുരസ്സരം സുമംഗലികളായ സ്ത്രീകളും, വിവാഹിതരായിട്ടില്ലാത്ത പെൺകുട്ടികളും പൂജിയ്ക്കുന്ന ഒരുത്സവമാണിത്. വസന്തത്തിലെ ആദ്യദിനമാണ് ഈ ഉത്സവം എന്നാണ് സന്ദീപ് പറഞ്ഞത്. എനിയ്ക്ക് നമ്മുടെ നാട്ടിലെ തിരുവാതിര ഓർമ്മ വന്നു. വ്യത്യസ്ത പേരുകളിലും, സമ്പ്രദായത്തിലും ഒക്കെയായി ഒരേപോലെയുള്ള ഉത്സവാഘോഷങ്ങൾ നമ്മുടെ നാടൊട്ടുക്കുണ്ട് എന്നൂഹിയ്ക്കാമെന്നു തോന്നുന്നു. ഇതിനടുത്തുള്ള ഗൺഗൗർ ഘട്ട് പിഷോല തടാകത്തിലെ പ്രധാനപ്പെട്ട ഒരു തീർത്ഥസ്ഥാനമാണെന്നും അവിടെയാണ് ഈ ഉത്സവത്തോടനുബന്ധിച്ചുള്ള വിഗ്രഹ നിമഞ്ജനങ്ങൾ നടത്തുന്നത് എന്നും അദ്ദേഹം പറഞ്ഞു.

ഏകദേശം ഇരുപത്തഞ്ച് മുപ്പത് മിനുറ്റ് കൊണ്ട് ഞങ്ങളെയുംകൊണ്ട് കറങ്ങിയ ബോട്ട് തിരിച്ചണഞ്ഞു. പ്രതീക്ഷിച്ചപോലെ സൂര്യാസ്തമയം ഞങ്ങൾക്ക് തടാകത്തിൽനിന്ന് കാണുവാനായില്ല. അസ്തമയത്തിന് ഇനിയും പത്തിരുപതുമിനിറ്റ് കഴിയണം. ഞങ്ങൾ ബോട്ടിൽ നിന്നിറങ്ങി. എല്ലാവരും സാമാന്യം ക്ഷീണിച്ചിരുന്നു. നാളെ കാലത്ത് മൗണ്ട്ആബുവിലേയ്ക്ക് 170 കിലോമീറ്ററോളം ബസ്സിലിരിയ്ക്കണം. ആ അവസ്ഥയിൽ ആർക്കും കലാമണ്ഡലത്തിൽ വലിയ താല്പര്യമില്ലായിരുന്നു. ഒടുവിൽ അതും വേണ്ടെന്നു വെച്ച് മടങ്ങാൻ തീരുമാനിച്ചു. ഞാൻ ഗൈഡിന്റെ മൊബൈൽ നമ്പർ വാങ്ങാൻ മറന്നില്ല! ഞങ്ങൾ ഏഴരയോടെ ഹോട്ടലിൽ തിരിച്ചെത്തി. സന്ദീപ് എന്ന ഗൈഡ് ഞങ്ങളുടെ മുന്നോട്ടുള്ള യാത്രയ്ക്ക് മംഗളം നേർന്ന് യാത്രാമൊഴിയോതി എല്ലാവർക്കും ശുഭരാത്രി പറഞ്ഞ് തന്റെ സ്കൂട്ടർ എടുത്ത് പാഞ്ഞു പോയി. എല്ലാവരും റൂമിൽ പോയി കുളിച്ച് എട്ടരയ്ക്ക് ഡിന്നറിനായി വന്നു. അതുകഴിഞ്ഞ്, മണിയേട്ടൻ, ശിവജിയേട്ടൻ, വാമേട്ടൻ, മാത്യുവേട്ടൻ, രാമുവേട്ടൻ, കമലം, രശ്മി, പിന്നെ ഞാനും അല്പദൂരം ടൗണിലേയ്ക്ക് നടന്നു. (അത്താഴം കഴിഞ്ഞാൽ പത്തടി നടക്കണം, മുത്താഴം കഴിഞ്ഞാൽ ഇത്തിരി കിടക്കണം, എന്നാണല്ലോ പ്രമാണം!) റോഡരികിൽ നിർത്തിയിട്ട കൈവണ്ടികളിൽ കിടന്നുറങ്ങുന്ന കുട്ടികളെയൊന്നും കണ്ടില്ല. ഇന്നു ഞങ്ങൾ നേരത്തെയാണ്, അതു കൊണ്ടാവാം. ഞങ്ങൾ തിരിച്ചു നടന്നു. ഹോട്ടലിൽ എത്തി. എല്ലാവരും അന്യോന്യം ശുഭരാത്രി ആശംസിച്ച് അവരവരുടെ മുറികളിലേയ്ക്ക് കയറി. ഞങ്ങൾ ഇരുവരും ഏറെ വൈകാതെ കിടന്നു. അതിവേഗം ഉറക്കത്തിലേയ്ക്ക് വീണു. കൂട്ടുകാരൊക്കെയും വേഗം ഉറങ്ങിക്കാണും.

മൗണ്ട് ആബു കാഴ്ചകകളിലേക്ക് അടുത്ത ലക്കത്തിൽ...

സമ്പാ: അരവിന്ദാക്ഷൻ സേലം
ഫോൺ: 6374162276

# 1931 മെയ് മാസം 24നു തൃശ്ശിവപേരൂരിൽ നടന്ന സമസ്ത കേരള പിഷാരോടി സമാജത്തിന്റെ പ്രഥമ സമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ നിന്ന്

കഴിഞ്ഞ ലക്കം തുടർച്ച.....

## എഴുത്തുകൾ

സമാജത്തിൽ സംഗതിവശാൽ പങ്കുകൊള്ളുവാൻ സാധിക്കാതെ വന്നവർ സമാജപ്രവർക്കന്മാർക്കയച്ച കത്തുകളിൽ ചിലവ താഴെ കൊടുക്കുന്നു:-

കൊച്ചി മഹാരാജാവിന്റെ സർവ്വാധികാര്യക്കാർ ശ്രീമാൻ കാട്ടൂർ നാരായണ പിഷാരടി അവർകൾ (ബി.എ; ബി.എൽ) തൃപ്പൂണിത്തുറ കുന്നിൻമേൽ കോവിലകത്തുനിന്നു ഇപ്രകാരം എഴുതിയിരിക്കുന്നു:-

ശ്രീ.

ഈ മാസം 11-ാം തിയ്യതി കൂടുവാൻ നിശ്ചയിച്ചിട്ടുള്ള വൈഷ്ണവസമാജം സഭയിൽ സന്നിഹിതനായിരിപ്പാൻ സാധിക്കാത്തതിൽ വളരെ വ്യസനിക്കുന്നു. ദേഹസുഖമില്ലായ്കയാലും ഒഴിച്ചുകൂടാത്തവയായ മറ്റു കാരണങ്ങളാലും വരുവാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. സഭയുടെ സകല ഗുണങ്ങൾക്കും പിഷാരടി സമാജത്തിന്റെ ഭാവി ശ്രേയസ്സിന്നും ദൈവത്തെ പ്രാർത്ഥിച്ചുകൊള്ളുകയും ഈ കാര്യത്തിൽ എന്നാലാകുന്നതു ചെയ്‌വാൻ ഞാൻ എല്ലായ്പോഴും സന്നദ്ധനായിരിക്കുന്നുണ്ടെന്നു അറിയിച്ചുകൊള്ളുകയും ചെയ്യുന്നു.

എന്ന്,
കാട്ടൂർ നാരായണപിഷാരടി.

---

കണ്ണൂർ നെടുങ്ങാടി ബാങ്ക് ഏജന്റ് ശ്രീമാൻ ചെറുകര ഭരതനുണ്ണി പിഷാരടി അവർകൾ അയച്ച കമ്പിയുടെ സാരം:

"ക്ഷണക്കത്ത് വളരെ വൈകീട്ടാണ് കിട്ടിയത്. പിഷാരടി സമാജത്തിൽ സന്നിഹിതനാകുവാൻ സാധിക്കാതെ വന്നതിൽ പരിതപിക്കുന്നു. സമ്മേളനത്തിന്നു സർവ്വാഭ്യുദയവും കാംക്ഷിച്ചുകൊള്ളുന്നു."

ഭരതനുണ്ണി.

---

കോട്ടക്കൽ നിന്നു ശ്രീമാൻ പി.വി. കൃഷ്ണവാരിയർ അവർകൾ:-

സമാജത്തിന്നുള്ള ക്ഷണപത്രം അയച്ചതു സന്തോഷപൂർവ്വം സ്വീകരിച്ചിരിക്കുന്നു. ദേഹത്തിന്നും മനസ്സിന്നു പ്രത്യേകിച്ചും കലശലായ അസ്വാസ്ഥ്യം ബാധിച്ചിരിക്കുന്ന ഇന്നത്തെ നിലയിൽ എനിക്കവിടെ വരുവാൻ സാധിക്കാത്തതിൽ അത്യന്തം വ്യസനമുണ്ട്. വിശേഷിച്ചു കണ്ണിനും സുഖക്കേടുള്ളതിനാൽ പുറത്തിറങ്ങാൻ നിവൃത്തിയില്ല. അതുകൊണ്ട് ഈ ഘട്ടത്തിൽ ഞാൻ ഹാജരില്ലാത്തതിൽ പരിഭവിക്കാതിരിപ്പാനപേക്ഷിക്കുന്നു.

അങ്ങയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിന്നു സർവ്വമംഗളങ്ങളും സിദ്ധിക്കുമെന്നാണെന്റെ ദൃഢമായ വിശ്വാസം.

എന്ന്, സ്നേഹിതൻ,
പി.വി. കൃഷ്ണവാരിയർ.

---

ആറ്റുങ്ങൾ ആവണീശ്വരത്ത് പിഷാരത്ത് ശിവരാമപിഷാരടി അവർകൾ:-

31-9-105-ൽ അയച്ച എഴുത്ത് കിട്ടി. ചില അസൗകര്യങ്ങൾകൊണ്ട് ഈ സംഘത്തിനു വരുന്നതിന്നു നിവൃത്തിയില്ല. ഇവിടെ വേറെയും പല ഭവനങ്ങൾ ഉണ്ട്. മേൽ നടപടികൾ അറിയിച്ചാൽ ഞങ്ങൾ വേണ്ടതരത്തിൽ പ്രവർത്തിക്കുന്നതാണ്. അതിനാൽ ഞങ്ങൾ വന്നതായി വിചാരിച്ചു മേലും നടക്കുന്നതും നടത്തേണ്ടതുമായ സംഗതികൾക്കു അപ്പോഴപ്പോൾ അറിവു തരണമെന്നപേക്ഷ.

ആര്യവൈദ്യൻ എൻ.പി. കൃഷ്ണപിഷാരടി അവർകൾ കോട്ടക്കൽ:-

മാന്യരെ,

ശ്രീമാൻ പഴയന്നൂർ രാമപിഷാരടി അവർകളുടെയും മറ്റും ശ്രമത്തിൽ തൊണ്ണങ്ങാമത്ത് പിഷാരത്തുവെച്ച് ഒരു വൈഷ്ണവസമാജം കൂടിയതായി മാതൃഭൂമിയിൽ വായിച്ചു. എന്റെ നാട്ടിൽ നിന്നു (പട്ടാമ്പി, ഷൊർണൂർ) ചില സ്നേഹിതന്മാർ എന്നോടു ഇതിനെപ്പറ്റി എഴുതിച്ചോദിക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ചെടത്തോളം അവർക്കും എനിക്കും യാതൊരറിവുമുണ്ടായിരുന്നില്ല.

ഇന്നലെ പി.വി. കൃഷ്ണവാരിയരവർകൾ (കൌമുദി എഡിറ്റർ) പറഞ്ഞപ്പോഴാണ് എനിക്കു സംഗതികൾ മനസ്സിലായത്. സ്വന്തം നിലക്കു എന്നോടു ഇതിൽ വേണ്ടപ്പെട്ടതു ചെയ്യണമെന്നു കൃഷ്ണവാരിയർ പറയുകയും ചെയ്തു.

അവിടെ കൂടിയ യോഗത്തിന്റെ പ്രൊസീഡിംഗ്സ് അയച്ചുതരുവാനപേക്ഷ. മേടത്തിൽ ഒരു മഹാ യോഗം കൂടുവാൻ പോകുന്നുണ്ടെന്നും വാരിയർ പറഞ്ഞു. ആ അവസരത്തിലേക്കു കഴിയുന്ന സ്നേഹിതന്മാരോടുകൂടി അവിടെ വന്നു ഇയ്യുള്ളവരുടെ എത്രയും എളിയ സഹായവും ചെയ്തു കൃതാർത്ഥരാവാൻ ഞങ്ങൾക്കു താല്പര്യമുണ്ട്. ബ്രി. മലബാറിൽ പിഷാരൊടിമാരുടെ ശോചനീയാവസ്ഥ എഴുതിയാലും പറഞ്ഞാലും വിചാരിച്ചാലുംകൂടി അവസാനിക്കാത്തതാണ്. അതിൽ ഞങ്ങൾക്കും അതിയായ ഉൽക്കണ്ഠയുണ്ടെന്നു മാത്രമെ ഇപ്പോൾ അറിയിക്കേണ്ടതുള്ളു. എല്ലാം കൊണ്ടും എളിയതായ ഈ സമുദായത്തിന്നു അവിഭക്തമായ ഒരു ഘടന ഉണ്ടായിക്കാണുവാൻ നിങ്ങളാൽ ചില മാന്യന്മാർ ശ്രമിക്കുന്നുണ്ടെങ്കിൽ ഒരു അണ്ണാന്റെ കുഞ്ഞിക്കയ്യെന്ന നിലക്കു ഞങ്ങളെക്കൂടി സ്വീകരിപ്പാനപേക്ഷ.

സൗകര്യം കിട്ടുന്നപക്ഷം കൺട്രോളർ പിഷാരടി അവർകളോടു എന്റെ ഹാർദ്ദമായ വന്ദനം പറയുവാനപേക്ഷ. ശേഷം നിങ്ങളുടെ നിർദ്ദേശമനുസരിച്ചു ചെയ്തുകൊള്ളാം.

എന്ന്,

എൻ.പി. കൃഷ്ണപിഷാരടി.

**(അവസാനിച്ചു)**




**23-ാം ശ്രാദ്ധദിനം**

**(08-11-2024)**

**കെ.പി. രാമൻ**

**(Retd. Dy. Sales Manager,**
**Indian Oil Corporation Ltd., Cochin-16)**

**Sreyas, 37/3614, Ponoth Road**
**Kaloor, Ernakulam-682017**

**സ്നേഹസ്മരണകളോടെ.... കുടുംബാംഗങ്ങൾ**

***With best compliments from***

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# PP&TDT വാർഷിക പൊതുയോഗ റിപ്പോർട്ട് 2024



വാർഷിക യോഗത്തിന്റെ ചിത്രങ്ങൾ കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക

**പി**ഷാരോടി പിൽഗ്രിമേജ് & ടൂറിസം ഡെവലപ്മെന്റ് ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം 06-10-2024ന് 10AMനു ഗുരുവായൂർ പിഷാരോടി സമാജം ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്നു.

കുമാരി ദേവിക ഹരികൃഷണന്റെ പ്രാർത്ഥനയോടെ യോഗം സമാരംഭിച്ചു. തുടർന്ന് നാളിതുവരെ നമ്മെ വിട്ടുപോയ മുഴുവൻ അംഗങ്ങൾക്കും കൂടാതെ വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും അനുശോചനം രേഖപ്പെടുത്തി.

യോഗത്തിൽ എത്തിച്ചേർന്ന വിശിഷ്ട വ്യക്തികളെയും ട്രസ്റ്റ് മെബർമാരെയും സെക്രട്ടറി സ്വാഗതം ചെയ്തു.

തുടർന്ന് പ്രസിഡന്റ് ശ്രീ. ഹരികൃഷ്ണപിഷാരോടി, മുൻ പ്രസിഡന്റ് ശ്രീരാമചന്ദ്ര പിഷാരോടി മറ്റ് വിശിഷ്ടവ്യക്തികൾ എന്നിവർ ചേർന്ന് നിലവിളക്ക് കൊളുത്തി യോഗം ഉദ്ഘാടനം ചെയ്തു. പ്രാർത്ഥന ഗീതം അവതരിപ്പിച്ച ദേവിക ഹരികൃഷ്ണനു പ്രസിഡന്റ് ശ്രീ. ഹരികൃഷ്ണപിഷാരോടി ഉപഹാരം നൽകി ആശീർവദിച്ചു. തുടർന്ന് പ്രസിഡന്റ് അദ്ധ്യക്ഷ ഭാഷണത്തിൽ ഗസ്റ്റ് ഹൗസിന്റെ ഘട്ടം ഘട്ടമായുള്ള പുരോഗതിയെ കുറിച്ച് വിശദമായി പ്രതിപാദിച്ചു.

മുൻ വാർഷിക പൊതുയോഗ മിനിറ്റ്സ് സെക്രട്ടറി അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. സെക്രട്ടറി 2023-2024 കാലയളവിലെ പ്രവർത്തനറിപ്പോർട്ടും, ഖജാൻജി 2023-2024 ലെ വരവു ചിലവു കണക്കുകളും (മുൻ പ്രതിനിധി സഭയിൽ വായിച്ച് അംഗീകാരം നേടിയത്) അവതരിപ്പിച്ചതും യോഗം അംഗീകരിച്ചു.

സമാജം ജനറൽ സെക്രട്ടറി ശ്രീ. ഗോപകുമാർ, മുൻ പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി, ഇന്റേണൽ ഓഡിറ്റർ ശ്രീ. എം.പി. ഹരിദാസ്, മുൻ പ്രസിഡണ്ടും ജന. സെക്രട്ടറിയുമായിരുന്ന ശ്രീ. കെ.പി. ബാലകൃഷ്ണൻ, മുൻ ജന. സെക്രട്ടറി ശ്രീ കെ.പി. ഹരികൃഷ്ണൻ, മുൻ PP&TDT സെക്രട്ടറി ശ്രീ. വി.പി. രാധാകൃഷ്ണൻ, ശ്രീ. കെ. രാമചന്ദ്ര പിഷാരോടി, കോങ്ങാട്, ശ്രീ. പ്രഭാകര പിഷാരോടി, കോങ്ങാട്, ശ്രീ. സി.പി. രാമചന്ദ്രൻ, കൊടകര, തുളസീദളം മാനേജർ ശ്രീ. രഘുനന്ദനൻ, തുളസീദളം എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ, PE & WS വൈസ് പ്രസിഡന്റ് ശ്രീ. വി. പി. മധു, PP & TDT ജോ. സെക്രട്ടറി ശ്രീ. മോഹനൻ പിഷാരോടി തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്ററായി ശ്രീ. എം.പി. ഹരിദാസിനേയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായി ശ്രീ. മോഹൻദാസ് അസോസിയേറ്റ്സ് തൃശൂരിനേയും യോഗം അംഗീകരിച്ചു.

എറണാംകുളം ശാഖയിൽ നിന്നുള്ള ശ്രീ. ബാലചന്ദ്രൻ ഗസ്റ്റ് ഹൗസിൽ നിന്നും ശാഖകൾക്ക് 5 AC റൂമുകൾ സൗജന്യമായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് യോഗത്തിൽ ഒരു വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. ആയത് അടുത്ത എക്സിക്യൂട്ടീവ് യോഗത്തിൽ പരിഗണിച്ച് മറുപടി നൽകാമെന്ന് സെക്രട്ടറി അദ്ദേഹത്തെ അറിയിച്ചു.

പിന്നീട് ഗസ്റ്റ് ഹൗസ് മനേജർ ശ്രീ. രാമചന്ദ്രൻ, ജീവനക്കാരായ ബാലചന്ദ്രൻ, ദിവാകരൻ, സുമതി, ശ്രീജില, നിവേദിത എന്നിവരെ സദസ്സിന് പരിചയപ്പെടുത്തി, തുടർന്ന് വാർഷികയോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും വൈസ് പ്രസിഡന്റ് ശ്രീ. വേണുഗോപാൽ നന്ദി രേഖപ്പെടുത്തിയതോടെ യോഗം സമംഗളം പര്യവസാനിച്ചു ●

# ശാഖാവാർത്തകൾ

## തിരുവനന്തപുരം

ശാഖയുടെ വാർഷികം-ഓണാഘോഷം ഒക്ടോബർ രണ്ടിന് തിരുവനന്തപുരം ഹോട്ടലിലെ മന്നം ഹാളിൽ കുടുംബസംഗമമായി വയനാട് ജില്ലയിലെ വിനാശകരമായ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ കുറച്ച് നടത്തി.

രാവിലെ 8 മണിക്ക് ശ്രീമതി സുമംഗല ഗോപിനാഥ്, ശ്രീമതി ഹേമ എൻ.എസ്, ശ്രീ. എം.പി. ഹരിദാസ്, ശ്രീ. അനൂപ് പി.പി., ശ്രീമതി രമാദേവി, ശ്രീമതി അംബിക എസ്, ശ്രീ. പി.ജി. ഗോപിനാഥ് എന്നിവർ ചേർന്ന് പൂക്കളം രൂപകല്പന ചെയ്തതോടെ ചടങ്ങുകൾ ആരംഭിച്ചു. ചടങ്ങുകൾക്ക് തുടക്കം കുറിച്ച് ശ്രീ. എം.പി. ഹരിദാസ്, ശ്രീമതി ശ്രീദേവി പിഷാരസ്യാർ, ശ്രീ. ജഗദീഷ് പിഷാരടി, ശ്രീ. അനൂപ്, ശ്രീ. എം. ദേവദാസൻ എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചു. മാളവികയും മയൂഖയും പ്രാർത്ഥന ചൊല്ലി. ശ്രീമതി ഹേമ എൻ.എസ്, ശ്രീമതി അംബിക എസ്, ശ്രീമതി സത്യഭാമ, ശ്രീമതി കലാദേവി പി.പി., ശ്രീമതി രമാദേവി, ശ്രീമതി പൗർണമി, ശ്രീമതി ആനന്ദവല്ലി, ശ്രീമതി ഗായത്രി ഗിരീഷ് എന്നിവർ ചേർന്ന് തിരുവാതിരകളി അവതരിപ്പിച്ചു.

ശ്രീ. പി.പി. മുരളീധരൻ അംഗങ്ങളെ സ്വാഗതം ചെയ്തു, ജഗദീഷ് പിഷാരടി അദ്ധ്യക്ഷ പ്രസംഗവും ശ്രീ. എം. ദേവദാസൻ വാർഷിക റിപ്പോർട്ടും വായിച്ചു. ശ്രീ. അനൂപ് പി.പി. വരവ് ചെലവ് വാർഷിക കണക്ക് അവതരിപ്പിച്ചു. യോഗം അവ അംഗീകരിച്ചു. ശാഖ നൽകുന്ന വിദ്യാഭ്യാസ അവാർഡുകൾ ഗായത്രി ഗിരീഷ് (HS), ആദിത്യ കൃഷ്ണൻ യു.എസ്. (HS), ദർശന ഹരീഷ് (HS), നവ്യകൃഷ്ണ ബി.ആർ. (B.Com) എന്നീ വിദ്യാർത്ഥികൾക്ക് നൽകി.

മുതിർന്ന അംഗങ്ങളെ ആദരിക്കുന്ന സമ്പ്രദായത്തിന്റെ തുടർച്ചയായി ശ്രീമതി പത്മാവതി പിഷാരസ്യാരെയും ശ്രീമതി ശ്രീദേവി പിഷാരസ്യാരെയും അവരുടെ 80-ാം ജന്മദിനത്തിൽ ആദരിച്ചു. ശ്രീ. ഗോപിനാഥ് പി.ജി., ശ്രീ. എം.പി. ഹരിദാസ് എന്നിവർ ഷാളും ഉപഹാരവും നൽകി.

അടുത്ത രണ്ട് വർഷത്തേക്ക് നിലവിലുള്ള ഭാരവാഹികളെ നിലനിർത്താൻ ശാഖാ അംഗങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചു. രണ്ടാം രക്ഷാധികാരിയായി ശ്രീമതി പദ്മാവതി പിഷാരസ്യാരെ ഉൾപ്പെടുത്തി.

ഭാരവാഹികൾ:

രക്ഷാധികാരി - 1. ശ്രീദേവി പിഷാരസ്യാർ 2. രക്ഷാധികാരി ശ്രീമതി പത്മാവതി പിഷാരസ്യാർ. പ്രസിഡന്റ് - ജെ.സി. പിഷാരടി, വൈസ് പ്രസിഡന്റ് പി.പി. മുരളീധരൻ, സെക്രട്ടറി - എം. ദേവദാസൻ, ജോ.സെക്രട്ടറി - രഘുനാഥൻ സി.ജി., ട്രഷറർ - പി.പി.അനൂപ്.

എക്സിക്യൂട്ടീവ് അംഗങ്ങൾ: കെ.ജി. രാധാകൃഷ്ണൻ, ഉണ്ണികൃഷ്ണൻ എൻ., അംബിക സേതുമാധവൻ, സത്യഭാമ, ശ്രീകാന്ത് ആർ.എസ്, രമാദേവി പിഷാരസ്യാർ, ഋഷികേശ പിഷാരടി, ഹേമ എൻ.എസ്, രമാദേവി, എം.എൻ. പിഷാരടി.

തുടർന്ന് സാംസ്കാരിക പരിപാടികൾ ആരംഭിച്ചു. വിവിധ ഇനങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ താഴെ പറയുന്നവരാണ്.

കീബോർഡ് ഹർഷിത വിഷ്ണു, സംസ്കൃത ഗാനം സംവൃത, ഡ്യുയറ്റ് ഫിലിം സോങ് മയൂഖയും മാളവികയും, ഭക്തിഗാനം ഹേമ എൻ.എസ്, അക്ഷരശ്ലോകവും കവിതയും : പാരായണം - പത്മാവതി പിഷാരസ്യാർ, ശ്ലോകം സത്യഭാമ, ശാസ്ത്രീയ നൃത്തം പൗർണ്ണമി നാരായണൻ, ചലച്ചിത്ര ഗാന നൃത്തം ഗായത്രി ഗിരീഷ്, ഭക്തിഗാനങ്ങൾ (സോളോ) ശ്രീകാന്ത് ആർ.എസ്, സുധീന്ദ്രൻ, ചലച്ചിത്രഗാന ഡ്യുയറ്റ് ഹേമ എൻ.എസ്. സുധീന്ദ്രകുമാർ.

ഉച്ചയ്ക്ക് 2ന് സദ്യയ്ക്ക് ശേഷം താഴെ പറയുന്ന പരിപാടികളോടെ സാംസ്കാരിക പരിപാടികൾ തുടർന്നു.

ശ്രീ. പി.ജി. ഗോപിനാഥിന്റെ മാജിക് ഷോ, സ്പൂൺ വിത്ത് ലെമൺ റേസ് (കുട്ടികൾ മാളവിക, പ്രണവ്, സംവൃത, മയൂഖ, സ്ത്രീകൾ ശ്രീമതി ആശ, ശ്രീമതി ഗായത്രി ഗിരീഷ്, ശ്രീമതി പൗർണമി നാരായണൻ, ശ്രീമതി സത്യഭാമ). നീഡിൽ ത്രെഡിംഗ് (സംവൃത, മാളവിക, പ്രണവ്, മയൂഖ), സുന്ദരിക്ക് പൊട്ടുതൊടൽ (കുട്ടികൾ മാളവിക, മയൂഖ, പ്രണവ്, സംവൃത), (പുരുഷന്മാർ ശ്രീ. സുധീന്ദ്രകുമാർ, ശ്രീ. പി.പി. അനൂപ്, ശ്രീ. സത്യാനന്ദൻ, ശ്രീ. പി.ജി. ഗോപിനാഥ്), മ്യൂസിക്കൽ ചെയർ (സംവൃത, മാളവിക, പ്രണവ്, മയൂഖ).

പരിപാടികളുടെ അവസാന ഇനം ക്വിസ് മാസ്റ്റർ ശ്രീ. എം.പി. ഹരിദാസിന്റെ പൊതുവിജ്ഞാന ക്വിസ് ആയിരുന്നു.

ദിനാചരണ പരിപാടികളുടെ സമാപനമായി ശ്രീ. ജഗദീഷ് പിഷാരടി നന്ദി പറഞ്ഞു.

ചിത്രങ്ങൾക്ക് QR കോഡ് സ്കാൻ ചെയ്യുക

## പട്ടാമ്പി

ശാഖയുടെ 28-ാമത് വാർഷികം, കുടുംബ സംഗമം, അവാർഡ് ദാനം, പ്രതിമാസയോഗം, ഓണാഘോഷം (പ്രതീകാത്മകം) എന്നിവ സംയുക്തമായി വാടാനാംകുറുശ്ശി ശാഖാമന്ദിരത്തിൽ വെച്ച് 12-10-2024നു 9AM നു മഹിളാവിംഗ് കൺവീനർ ശ്രീമതി വിജയലക്ഷ്മി പതാക ഉയർത്തി ആരംഭിച്ചു. രജിസ്ട്രേഷന് ശേഷം ഹാളിൽ മാലകെട്ട് പ്രദർശനം നടന്നു. 10AM നു വാർഷികയോഗം കുമാരി നീരജയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. കേന്ദ്ര ട്രഷറർ ശ്രീ. ആർ. ശ്രീധരൻ ദീപം തെളിയിച്ചു. സെക്രട്ടറി ഏവർക്കും വിശദമായി സ്വാഗതം ആശംസിച്ചു. ശ്രീമതി എൻ.പി. വിജയലക്ഷ്മി, ശ്രീമതി വി.പി. നിർമ്മല എന്നിവരുടെ നേതൃത്വത്തിൽ ആദ്യ മൂന്ന് ദശകം നാരായണീയം പാരായണം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ ശാഖാ പ്രസിഡണ്ട് ശ്രീ. ടി.പി. ഗോപാലകൃഷ്ണൻ വന്ന എല്ലാവരെയും അഭിനന്ദിക്കുകയും ജീവിതത്തിൽ അവശ്യം ജപിക്കേണ്ട മന്ത്രങ്ങളെപ്പറ്റി പറയുകയും ചെയ്തു. കഴിഞ്ഞ വാർഷികത്തിന് ശേഷം ഇതുവരെ നമ്മെ വിട്ടുപിരിഞ്ഞ സമുദായാംഗങ്ങൾക്കും വ്യക്തിത്വങ്ങൾക്കും, വയനാട് ദുരന്തത്തിൽ മരിച്ചവർക്കും, വിശിഷ്യാ തൃക്കോവിൽ പിഷാരത്ത് ശേഖര പിഷാരോടിക്കും അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ വാർഷികം മുതൽ വിവിധ അവാർഡുകൾ, സമ്മാനങ്ങൾ എന്നിവ ലഭിച്ച സമുദായാംഗങ്ങളേയും മറ്റു വിശിഷ്ട വ്യക്തികളേയും കൂടാതെ അവാർഡിനർഹമായ ശാഖയിലെ കുട്ടികളേയും അനുമോദിച്ചു. എല്ലാവരും ചേർന്ന് ശ്രീ. വി.എം. ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് കേന്ദ്ര ട്രഷറർ ശ്രീ. ആർ. ശ്രീധരൻ ശാഖയെ അഭിനന്ദിച്ച് സംസാരിക്കുകയും ഇനി ചെയ്യേണ്ട കാര്യങ്ങൾ പറയുകയും ചെയ്തു. പ്രഥമ തുളസീദളപുരസ്കാര സമർപ്പണം കേമമായി എന്നും അറിയിച്ചു കൊണ്ട് വാർഷികം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. അഡ്വ. എച്ച്. നാരായണൻ - ഞാങ്ങാട്ടിരി, ശ്രീ.എ.പി. രാജേഷ് - ത്രിവേണി, പട്ടാമ്പി, ഡോ. ടി.പി. നളിനി - ഷൊർണൂർ എന്നിവർ ലൈഫ് മെംബർഷിപ്പ് അപേക്ഷകൾ നേരിട്ട് നല്കിയത് ട്രഷറർ സ്വീകരിച്ചു. 01-12-2023 മുതൽ 31-03-24 വരെയുള്ള റിപ്പോർട്ട് സെക്രട്ടറി വായിച്ചു. കണക്ക് ട്രഷറർ ശ്രീമതി ജ്യോതി രവി അവതരിപ്പിച്ചു. ചർച്ചക്ക് ശേഷം രണ്ടും പാസ്സാക്കി.

തുടർന്ന് തൃത്താല ഉള്ളനൂർ അമ്പലത്തിൽ കഴകം ചെയ്യുന്ന ശ്രീമതി പ്രിയ പീതാംബരനെ ശ്രീമതി എൻ.പി. ബിന്ദു പരിചയപ്പെടുത്തി. ശാഖയുടെ പൊന്നാട അണിയിച്ചാദരിച്ചു. ശ്രീമതി എൻ.പി. വിജയലക്ഷ്മി ശാഖയുടെ ഉപഹാരം നല്കി. ശ്രീമതി പ്രിയ മറുപടി പറഞ്ഞു. യുവസിനിമാനടൻ ശ്രീ. കെ.പി. ഹരികൃഷ്ണനെ ശ്രീ. ടി.ജി. രവീന്ദ്രൻ പരിചയപ്പെടുത്തി. ശ്രീ. ഹരികൃഷ്ണൻ ഷാരുവിനെ ശാഖാ പ്രസിഡണ്ട് പൊന്നാട അണിയിച്ചു. ശാഖയുടെ ഉപഹാരം കേന്ദ്ര ട്രഷറർ ശ്രീ. ആർ. ശ്രീധരൻ നല്കി അനുമോദിച്ചു. ഹരികൃഷ്ണൻ ഷാരു വിശദമായ മറുപടിയും നന്ദിയും പറഞ്ഞു. തുടർന്ന് മാസ്റ്റർ അശ്വിൻ കെ.പി. വല്ലപ്പുഴ, കുമാരി പവിത്ര എൻ. ഞാങ്ങാട്ടിരി എന്നീ കുട്ടികൾക്ക് ദർശന പട്ടാമ്പി നല്കുന്ന ശാഖയുടെ പ്ലസ് ടു അവാർഡുകൾ നല്കി അനുമോദിച്ചു. അമ്പാടി പിഷാരം പഠന പ്രോത്സാഹന നിധി ദിയ ഉള്ളനൂർ തൃത്താലക്ക് ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ, ശ്രീമതി നിർമ്മല എന്നിവർ ചേർന്ന് നല്കി. അവാർഡ് കൈപ്പറ്റിയ കുട്ടികൾ മറുമൊഴി പറഞ്ഞു. മഹിളാവിംഗ് ഈ വർഷത്തെ ചികിത്സാസഹായ നിധി ശ്രീ. ടി.പി. മുരളീധരൻ മരുതൂരിന് ശ്രീമതി എൻ.പി. വിജയലക്ഷ്മി നല്കി. ശാഖാമന്ദിര റിപ്പോർട്ട് ശ്രീ. എ.പി. രാമകൃഷ്ണൻ അവതരിപ്പിച്ചു. ക്ഷേമനിധിയെപ്പറ്റി പറഞ്ഞു. ബാക്കി നിധിക്ക് ക്രമം ഉണ്ടാക്കി. മഹിളാവിംഗിനെപ്പറ്റി ശ്രീമതി എൻ.പി. വിജയലക്ഷ്മി സംസാരിച്ചു. ശാഖാമന്ദിരത്തിലെ ജീവനക്കാർക്ക് ശ്രീ. ദിനേശനും ശ്രീമതി പുഷ്പക്കും അമ്പാടി പിഷാരം ശ്രീ. ഉണ്ണികൃഷ്ണൻ, ശ്രീമതി നിർമ്മല എന്നിവർ ചേർന്ന് ഓണപ്പുടവ നല്കി. എല്ലാ സമ്മാനങ്ങളും സ്പോൺസർ ചെയ്ത കേരളസാരീസ് ഡോട്ട് കോമിന് സെക്രട്ടറി നന്ദി പറഞ്ഞു. മുരളി മാന്നനൂർ കേന്ദ്രകാര്യങ്ങൾ വിശദീകരിച്ചു. ശ്രീ. എം.പി. ചന്ദ്രശേഖരൻ, ശ്രീ. വി.എം. ഉണ്ണികൃഷ്ണൻ, ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നു.

മഹിളാവിംഗിന്റെ ആഭിമുഖ്യത്തിൽ നടന്ന കലാപരിപാടികളിൽ കുമാരിമാർ അദ്വിക, വൈഷ്ണവി, ദിയ എന്നിവർ നൃത്തം അവതരിപ്പിച്ചു. കുമാരി നിരഞ്ജന പ്രസംഗം അവതരിപ്പിച്ചു. ആദർ

ശ്, പവിത്ര, നീരജ, നിഖിൽ മുരളീധരൻ, ദേവ് അരുൺ, ശ്രീ. ടി.പി. ഗോപാലകൃഷ്ണൻ, ശ്രീമതി ബിന്ദു എന്നിവർ ഗാനം ആലപിച്ചു. ശ്രീ. എം.പി. മുരളീധരൻ ഏവർക്കും സമ്മാനം നല്കി.

ജോയിന്റ് സെക്രട്ടറി ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ ഏവർക്കും വിശദമായി നന്ദി രേഖപ്പെടുത്തി. എല്ലാവരും ചേർന്ന് ദേശീയഗാനം ആലപിച്ചു. യോഗം 1:10 PM ന് അവസാനിച്ചു.

ചിത്രങ്ങൾക്ക്
QR കോഡ്
സ്കാൻ ചെയ്യുക

## എറണാകുളം

ശാഖയുടെ 2024 ഒക്ടോബർ മാസ യോഗം 13-10-2024 ഞായറാഴ്ച 3 PMന് മുക്കോട്ടിൽ കിഴക്കേ പിഷാരത് ശ്രീ. എം.ഡി. വേണുഗോപാലിന്റെ വസതിയിൽ വെച്ച് പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷതയിൽ നടന്നു. ഗൃഹനാഥ ശ്രീമതി മായ വേണുഗോപാൽ ഭദ്രദീപം കൊളുത്തി. കുമാരി വിസ്മയയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നിര്യാതരായവർക്ക് വേണ്ടി മൗനപ്രാർത്ഥന നടത്തി. ശ്രീ. വൈഷ്ണവ് യോഗത്തിൽ എത്തിച്ചേർന്ന എല്ലാവരെയും സ്വാഗതം ചെയ്തു. സെപ്റ്റംബർ 29ന് നടന്ന കേന്ദ്ര വാർഷികം, വിദ്യാഭ്യാസ അവാർഡ് വിതരണം, തുളസീദളം പുരസ്കാരം, തൃശ്ശൂരിൽ നടന്ന സൗജന്യ മെഡിക്കൽ ക്യാമ്പ്, ഗുരുവായൂർ ഗസ്റ്റ് ഹൌസ് അംഗങ്ങളുടെ പൊതുയോഗം എന്നിവയെക്കുറിച്ച് അംഗങ്ങളെ അറിയിച്ചു. തുളസീദളം നവമുകുളം അവാർഡ് നേടിയ വിഷ്ണുദത്തനെയും കേരള ആരോഗ്യ സർവ്വകലാശാലയിൽ നിന്നും ഡെന്റൽ സർജറിയിൽ ബിരുദം കരസ്ഥമാക്കിയ ശ്രുതി അനിലിനെയും വിദ്യാഭ്യാസ അവാർഡ് കരസ്ഥമാക്കിയവരെയും അഭിനന്ദിച്ചു. സെക്രട്ടറിയുടെ അഭാവത്തിൽ പ്രസിഡണ്ട് സെപ്റ്റംബർ മാസത്തെ റിപ്പോർട്ട് വായിച്ചു പാസാക്കി. ട്രെഷറർ ശ്രീ. എം.ഡി. രാധാകൃഷ്ണൻ ഓണാഘോഷ കണക്കു അവതരിപ്പിച്ചു പാസാക്കി. തുടർന്ന് വർഷത്തിൽ ഗുരുവായൂർ ഗസ്റ്റ് ഹൌസിലെ 5 റൂമുകൾ വീതം ഓരോ ശാഖക്കും ഫ്രീ ആയി ആ ശാഖ നിർദ്ദേശിക്കുന്നവർക്കു നൽകാവുന്നതാണ് എന്നതിനെക്കുറിച്ച ചർച്ച നടന്നു. ശ്രീ. ബാലചന്ദ്രൻ, എം.ഡി. രാധാകൃഷ്ണൻ, രഘു ബാലകൃഷ്ണൻ, സന്തോഷ് മുക്കോട്ടിൽ എന്നിവർ സജീവമായി ചർച്ചയിൽ പങ്കെടുത്തു. ശാഖയുടെ എല്ലാ ആശങ്കകളും കേന്ദ്ര നേതൃത്വത്തെ അറിയിക്കാമെന്ന് പ്രസിഡണ്ട് അഭിപ്രായപ്പെട്ടു. തുടർന്ന് ക്ഷേമനിധി നറുക്കെടുത്തു. ശ്രീ. ബാലചന്ദ്രന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ 2024 ഒക്ടോബർ മാസ കുടുംബ യോഗം 20-10-24നു 3PMനു കാറളം ശ്രീ. കെ.പി. മോഹൻദാസിന്റെ വസതി, THREE BUNGLOWS ൽ വെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി ഗിരിജാ മോഹൻദാസ് ഈശ്വര പ്രാർത്ഥന ചൊല്ലി. കുടുംബനാഥൻ കെ.പി. മോഹൻദാസ് യോഗത്തിനു എത്തിച്ചേർന്ന ഏവരെയും സ്വാഗതം ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും മറ്റുള്ളവർക്കും മൗന പ്രാർത്ഥനയോടെ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ശ്രീമതി മായാ സുന്ദരേശ്വരൻ 29-9-2024ന് നടന്ന തുളസീദളം പ്രഥമ സാഹിത്യ പുരസ്ക്കാര സമർപ്പണ സമ്മേളനം, PE&WS അവാർഡ്, സ്കോളർഷിപ്പ് വിതരണ സമ്മേളനം, കേന്ദ്ര വാർഷികം എന്നിവയെക്കുറിച്ച് വിശദീകരിച്ചു. കഴിഞ്ഞ മാസക്കാലയളവിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും, അവാർഡുകൾക്കും ശാഖയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു. സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച കഴിഞ്ഞ 22-09-2024ന്റെ ശാഖാ വാർഷികത്തിന്റെ മിനിട്ട്സും, ട്രഷറർ കെ.പി. മോഹൻദാസ് അവതരിപ്പിച്ച വാർഷികത്തിന്റെ വരവ്, ചിലവ് കണക്കുകളും യോഗം അംഗീകരിച്ചു.

ശാഖാ ജോ: സെക്രട്ടറി പി. മോഹനൻ 06-10-2024 ന് ഗുരുവായൂരിൽ നടന്ന PP & TDT വാർഷിക പൊതുയോഗത്തിന്റെ വിവരങ്ങൾ പങ്കുവെച്ചു. കുടുംബ യോഗത്തിന് വേണ്ട എല്ലാ വിധ സൗകര്യങ്ങളും ചെയ്ത് തന്ന കുടുംബനാഥൻ കെ.പി. മോഹൻദാസിനും, ശ്രീമതി ഗിരിജമോഹൻദാസിനും, പങ്കെടുത്ത എല്ലാവർക്കും ശ്രീമതി പ്രമീളാ മുകുന്ദൻ നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 5 മണിക്ക് അവസാനിച്ചു.

## ചൊവ്വര

ശാഖയുടെ സെപ്റ്റംബർ മാസത്തെ യോഗം 23-09-2024നു 9.30PMന് വീഡിയോ കോൺഫറൻസിലൂടെ പ്രസിഡണ്ട് ശ്രീ. കെ. വേണുഗോ

പാലിന്റെ അദ്ധ്യക്ഷതയിൽ ഈശ്വര പ്രാർത്ഥന, നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. കഴിഞ്ഞ മാസം നമ്മെ വിട്ടു പിരിഞ്ഞ ശാഖ അംഗം ശ്രീമതി നളിനി പിഷാരസ്യാർ (ആലുവ തോട്ടക്കാട്ടുകര), മറ്റു ശാഖ അംഗങ്ങൾ തുടങ്ങിയവരുടെ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ശ്രീ. വിജയൻ സന്നിഹിതരായ എല്ലാവരെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. ധനസഹായത്തിനുള്ള അപേക്ഷ പരിഗണിച്ചു ഒരംഗത്തിന് ഒരു ലക്ഷം രൂപ തിരിച്ചു അടക്കേണ്ട വായ്പ ആയി കൊടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഗസ്റ്റ് ഹൌസ്, തുളസീദളം എന്നിവയുടെ കാര്യങ്ങളും ചർച്ച ചെയ്തു. ഓണപ്പതിപ്പു നന്നായി തയ്യാറാക്കിയ തുളസീദളം പത്രാധിപസമിതിയെ യോഗം അഭിനന്ദിച്ചു. ശ്രീ. കൃഷ്ണകുമാറിന്റെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

* * * * * * * * * * * * * *

ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 20-10-2024 നു 3.30PMനു മാണിക്കമംഗലം ശ്രീ കെ. വേണുഗോപാലിന്റെ വസതി 'ശ്രീരാഗി'ൽ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി തങ്കമണി വേണുഗോപാലിന്റെ ഈശ്വര പ്രാർത്ഥന, ശ്രീമതിമാർ ശോഭന ശ്രീവത്സൻ ചേർന്നുള്ള നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. ഈയിടെ നമ്മെ വിട്ടു പോയവരുടെ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ശ്രീ. വേണുഗോപാൽ സന്നിഹിതരായ എല്ലാ സ്വജനങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ കേന്ദ്ര വാർഷികം, തുളസീദളം അവാർഡ്, വിദ്യാഭ്യാസ അവാർഡ്, ഗസ്റ്റ് ഹൌസ് പൊതുയോഗം എന്നിവയെ പറ്റി സംസാരിച്ചു. എല്ലാ പരിപാടികളും ഗംഭീരമായി എന്ന് യോഗം അഭിപ്രായപ്പെട്ടു. തുടർന്ന് ആവണംകോട് അനിയൻ ചേട്ടന്റെയും പെരുവാരം രാധാകൃഷ്ണൻ ചേട്ടന്റെയും സ്മരണയിലുള്ള പത്താം ക്ലാസ്സിലെ അവാർഡ് കുമാരി പവിത്ര മനോജിന് പ്രസിഡണ്ട് സമ്മാനിച്ചു. കഴിഞ്ഞ മാസത്തെ റിപ്പോർട്ട്, കണക്കുകൾ എന്നിവ ശ്രീ. വിജയൻ, മധു എന്നിവർ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. കേന്ദ്രത്തിന്റെ ജ്യോതിർഗമയ തുടങ്ങിയ പരിപാടികളെ കുറിച്ച് കേന്ദ്ര പ്രസിഡണ്ട് വിശദമായി സംസാരിച്ചു. പുതിയ ക്ഷേമനിധി അടുത്ത മാസം തുടങ്ങുവാനും തീരുമാനിച്ചു. അടുത്ത മാസത്തെ യോഗം 10-11-2024 ഞായറാഴ്ച 3.30PMനു നെടുവന്നൂർ ശ്രീ. കെ. ഭരതന്റെ വസതി, വൈശാഖത്തിൽ നടത്തുവാൻ തീരുമാനിച്ചു. ശ്രീ. സി. സേതുമാധവന്റെ നന്ദിയോടെ യോഗം സമാപിച്ചു.

## മുംബൈ

ശാഖയുടെ 445-ാമത് ഭരണസമിതിയോഗം വീഡിയോ കോൺഫറൻസിലൂടെ 20-10-2024നു രാവിലെ 10:30 നു പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കൂടി.

ശ്രീ. വി.ആർ. മോഹനന്റെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗം കഴിഞ്ഞമാസകാലയളവിൽ അന്തരിച്ച ശാഖാ അംഗങ്ങളുടെയും മറ്റു സമുദായാംഗങ്ങളുടെയും ചരമത്തിൽ അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി ശ്രീ. മണിപ്രസാദ് അവതരിപ്പിച്ച മുൻ യോഗ മിനുട്ട്സ്, ഖജാൻജി ശ്രീ. വി. പി. മുരളീധരൻ അവതരിപ്പിച്ച കണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു.

കലാവിഭാഗം കൺവീനർ ശ്രീ. വി.പി. ശശിധരൻ ഒക്ടോബർ 15 വരെ ലഭിച്ച എൻട്രികളുടെ കണക്കും വാർഷികത്തിന് വരുന്ന ഏകദേശ സമയവും വിശദീകരിച്ചു. മറ്റു വേണ്ട മുന്നൊരുക്കങ്ങൾ നടത്തുവാൻ കലാവിഭാഗത്തെ ചുമതലപ്പെടുത്തി. ചികിത്സാ സഹായത്തിനായി ശാഖയിൽ നിന്നും ലഭിച്ച ഒരു അപേക്ഷ യോഗം പരിശോധിച്ച് ധനസഹായം നൽകുവാൻ തീരുമാനിച്ചു. ചികിത്സാ സഹായത്തിനായി കേന്ദ്രതലത്തിൽ നിന്നും ലഭിച്ച ഒരു അപേക്ഷയും യോഗം പരിഗണിക്കുകയും ശാഖയിലെ അംഗങ്ങളുടെ കൂടെ സഹകരണത്തോടെ ചെയ്യാവുന്ന സഹായം നൽകുവാനും തീരുമാനിച്ചു. തുടർന്ന് ജോ. സെക്രട്ടറി ശ്രീ. ടി.പി. ശശികുമാറിന്റെ കൃതജ്ഞതയോടെ യോഗം 12 മണിക്ക് പര്യവസാനിച്ചു.

## കൊടകര

ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 20-10-2024 നു 3PMനു പ്രസിഡണ്ട് ഉഷ ശ്രീധരന്റെ കാരൂരിലെ പുതിയ ഭവനത്തിൽ വച്ച് ചേർന്നു. ശ്രീമതി സീതാ നാരായണന്റെ പ്രാർത്ഥനയോടെ യോഗ നടപടികൾക്ക് തുടക്കമായി. ഓണം തുരുത്ത് പിഷാരത്ത് ഇന്ദിര പിഷാരസ്യാർക്കും മറ്റു നിര്യാതരായ സമാജം അംഗങ്ങളുടേയും ആത്മശാന്തിക്കായി മൗനം ആചരിച്ചു.

ഗൃഹനാഥ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് ഉഷ ശ്രീധരൻ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുക

യും കേന്ദ്ര അറിയിപ്പുകൾ പങ്കുവെക്കുകയും ചെയ്തു. കേന്ദ്രത്തിന്റെ തുളസീദളം വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തതും ഗുരുവായൂർ ഗസ്റ്റ് ഹൗസ് മെമ്പർമാരുടെ മീറ്റിംഗിൽ പങ്കെടുത്തതിനെ കുറിച്ചും പ്രസിഡണ്ട് വിശദമായി സംസാരിച്ചു. സെക്രട്ടറി രമ്യാ രാധാകൃഷ്ണൻ അവതരിപ്പിച്ച സെപ്തംബർ മാസത്തെ റിപ്പോർട്ടും ട്രഷറർ എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു. വിവിധ വിഷയങ്ങളിലെ ചർച്ചകളിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. സമാജത്തിന്റെ നേതൃത്വത്തിൽ എല്ലാ കൊല്ലവും നടത്താറുള്ള വിനോദയാത്ര തീർത്ഥയാത്ര നടത്തുന്നതിനെ പറ്റി ചർച്ച ചെയ്തു. ജനുവരി രണ്ടാം ശനിയാഴ്ച പോകാമെന്ന് തീരുമാനിച്ചു. കൊടകര ശാഖയുടെ പ്രസിഡണ്ടായും സെക്രട്ടറിയായും പ്രവർത്തിച്ചിരുന്ന ശ്രീ. വി.പി രാഘവപിഷാരോടിയെ പ്രസിഡണ്ട് പൊന്നാടയണിച്ച് ആദരിച്ചു. ശ്രീ. രാഘവ പിഷാരടി കൊടകര ശാഖയുടെ അഭിവൃദ്ധിക്കായി നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി ശ്രീ. കെ.പി. രവീന്ദ്രൻ സംസാരിക്കുകയും അദ്ദേഹത്തോടൊപ്പം പ്രവർത്തനാനുഭവങ്ങളെപ്പറ്റി വിവരിക്കുകയും ചെയ്തു. രാഘവ പിഷാരടി അനുമോദനത്തിന് നന്ദി പറയുകയും കൊടകര ശാഖയുടെ തുടർ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

ഡോ. എം.പി. രാജൻ നടത്തിയ ക്വിസ് മത്സരത്തിൽ അംഗങ്ങൾ എല്ലാവരും ഉത്സാഹത്തോടെ പങ്കെടുത്തു. അടുത്ത മാസത്തെ യോഗം അഷ്ടമിച്ചിറ അറക്കൽ പിഷാരത്ത് ഭരത പിഷാരോടിയുടെ ഭവനമായ ഐശ്വര്യ ലക്ഷ്മിയിൽ 17-11-2024 ഞായറാഴ്ച 3 PMനു കൂടുവാൻ തീരുമാനിച്ചു.

വി.പി. ജയൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും നന്ദി പറയുകയും യോഗം നടത്താൻ സൗകര്യമൊരുക്കിയ ഉഷ ശ്രീധരനും കുടുംബത്തിനും പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്തു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെഷന് ശേഷം 4.45 നു യോഗം അവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരടിയുടെ അദ്ധ്യക്ഷതയിൽ 24-10-2024നു 2PMനു ശാഖാ മന്ദിരത്തിൽ വെച്ച് നടന്നു. ശ്രീമതി ഉഷാദേവി എം.പി. പ്രാർഥന ചൊല്ലി. ശ്രീമതി ഗീത കെ.പി. പുരാണ പാരായണം ചെയ്തു. ശ്രീ. പി.പി. നാരായണൻകുട്ടി പിഷാരടി യോഗത്തിന് എത്തിച്ചേർന്നവരെ സ്വാഗതം ചെയ്തു സംസാരിച്ചു. തുടർന്ന് മുൻ പ്രസിഡണ്ട് ശ്രീ. കെ.പി. രാമചന്ദ്ര പിഷാരടി ഈയിടെ നമ്മെ വിട്ടുപിരിഞ്ഞ സമുദായ അംഗങ്ങളെ അനുസ്മരിച്ച് സംസാരിച്ചു. ഒന്നാമതായി പല്ലാവൂർ പിഷാരത്ത് ഗോപി പിഷാരടി കോങ്ങാട് ശാഖയുടെ തുടക്കത്തിന് വേണ്ടി പ്രവർത്തിച്ച പ്രമുഖരിൽ ഒരാളായിരുന്നു എന്ന് നന്ദിയോടെ ഓർമിച്ചു. പുഞ്ചപ്പാടം വടക്കെപ്പാട്ട് പുത്തഷാരത്തെ സത്യഭാമ പിഷാരസ്യാർ, കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് ശാന്ത പിഷാരസ്സ്യാർ, കൊടുക്കുന്നു പിഷാരത്ത് ശേഖര പിഷാരടി, കഥകളി ആചാര്യൻ നരിപ്പറ്റ നാരായണൻ നമ്പൂതിരി എന്നിവരേയും അനുസ്മരിച്ചു, അവർക്കായി ഒരു മിനിറ്റ് മൗനം ആചരിച്ചു.

ഈയിടെ ജന്മശതാബ്ദി ആഘോഷിച്ച പെരുവനം തെക്കേ പിഷാരത്ത് അച്യുത പിഷാരടിയെ അനുമോദിക്കുകയും ചെയ്തു. കോങ്ങാട് ശാഖയുടെ പ്രതിനിധി ആയി ശ്രീമതി കെ.പി. ഗീത പങ്കെടുത്ത കാര്യം എല്ലാവരെയും അറിയിച്ചു.

അദ്ധ്യക്ഷൻ ശ്രീ. കെ.പി. പ്രഭാകര പിഷാരടിയുടെ ഉപക്രമ പ്രസംഗത്തിൽ സെപ്റ്റംബർ 22 ഞായറാഴ്ച നടത്തിയ സമാജത്തിന്റെ വർഷികവും ഓണാഘോഷവും വലിയ വിജയമായിരുന്നു എന്നും അതിന് നേതൃത്വം കൊടുത്ത ശ്രീ. കെ.പി. രാമചന്ദ്ര പിഷാരടി, ശ്രീ. എം.പി. ഹരിദാസൻ, ശ്രീകെ പി അനിൽ കൃഷ്ണൻ എന്നിവരുടെ അർപ്പണ ബോധത്തെ പ്രകീർത്തിച്ച് സംസാരിച്ചു. പേരെടുത്ത് പറയാത്ത മറ്റ് അംഗങ്ങളുടെയും നിസ്വാർത്ഥ സേവനം തുടർന്നും ഉണ്ടാവണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത്തവണത്തെ വാർഷികത്തിന് വരവിൽ കവിഞ്ഞ ചെലവ് ഉണ്ടായെന്നും അതെല്ലാം ഒഴിച്ചു കൂടാൻ പറ്റാത്തത് ആയിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീമതി കെ.പി. ഗീത റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. കെ.പി. ചന്ദ്രശേഖരൻ വാർഷികത്തിന്റെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും അംഗങ്ങൾ അംഗീകരിച്ചു. ശ്രീ. ആർ. സുരേഷ്കുമാറിന്റെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## തൃശൂർ

ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 20 ഞായറാഴ്ച്ച രാവിലെ ശ്രീമതി ഉഷ ചന്ദ്രന്റെ ഭവനം, ചെമ്പൂക്കാവ് ഉഷസ്സിൽ വെച്ച് പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി ഉഷ ചന്ദ്രന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു.

ഇക്കഴിഞ്ഞ രണ്ട് മാസക്കാലയളവിൽ ഈ ലോകം വിട്ടുപോയ എല്ലാ സമുദായാംഗങ്ങളുടെ വിയോഗത്തിൽ മൗന പ്രാർത്ഥന നടത്തി. ശ്രീ. ജി.പി. നാരായണൻകുട്ടി, ശ്രീമതി എ.പി. സരസ്വതി എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം അഞ്ചാം ദശകം എല്ലാവരും ചേർന്ന് ചൊല്ലി. ശ്രീമതി ഗീത ഗോപി സ്വാഗതമാശംസിച്ചു. സെക്രട്ടറി ശ്രീ. എ. പി. ജയദേവൻ റിപ്പോർട്ടും ശ്രീ. ആർ.പി. രഘുനന്ദനൻ കണക്കും അവതരിപ്പിച്ചത് കയ്യടികളോടെ പാസ്സാക്കി. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ ഓണാഘോഷം വളരെ ഗംഭീരമായി ആഘോഷിക്കാൻ നമുക്ക് കഴിഞ്ഞുവെന്നും അതിന് പിന്നിൽ പ്രവർത്തിച്ചവരെ പ്രത്യേകം അഭിനന്ദിക്കുന്നുവെന്നും അതിന് ശേഷം വളർക്കാവ് ക്ഷേത്ര ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന മെഡിക്കൽ ക്യാമ്പും വിജയമായിയെന്നും അറിയിച്ചു. സെപ്റ്റംബർ 29ന് നടന്ന തുളസീദള സാഹിത്യ പുരസ്ക്കാരവിതരണം, വിദ്യാഭ്യാസ പുരസ്ക്കാരവിതരണം, 3 വിഭാഗങ്ങളുടെയും പൊതുയോഗങ്ങൾ എന്നിവയെല്ലാം ശ്രദ്ധേയമായെന്നും അറിയിച്ചു. നമ്മുടെ ശാഖയിൽ സാമ്പത്തികമായി വളരെയേറെ ദുരിതമനുഭവിക്കുന്ന 2 കുടുംബങ്ങൾക്ക് സഹായം ചെയ്യേണ്ടതുണ്ട്. പിരിവ് നന്നായി തന്നെ മുന്നോട്ട് പോകുന്നുണ്ടെന്നും പ്രസിഡണ്ട് യോഗത്തെ അറിയിച്ചു. എത്രയും പെട്ടെന്ന് തന്നെ നമുക്ക് ഒരു സർഗ്ഗോത്സവം നടത്തേണ്ടതിനെ പറ്റിയും ചിന്തിക്കേണ്ടതുണ്ടെന്നും കൂട്ടിച്ചേർത്തു.

ഓണാഘോഷം, മെഡിക്കൽ ക്യാമ്പ് എന്നിവയുടെ വിജയത്തെക്കുറിച്ച് വൈസ് പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയും വിശദമായി സംസാരിച്ചു. ഓണാഘോഷത്തിന് നേതൃത്വം നൽകിയ ശ്രീ. കെ.പി. ഹരികൃഷ്ണൻ, ശ്രീമതി ജ്യോതി ബാബു എന്നിവരെ പ്രത്യേകം അഭിനന്ദിച്ചു. മുളകുന്നത്ത്കാവ് പിഷാരംകാരുടെ ആത്മാർത്ഥ സഹകരണങ്ങൾ ആഘോഷം ഗംഭീരമാക്കാൻ വളരെ സഹായകമായി. സെക്രട്ടറി ശ്രീ. വിനോദ് കൃഷ്ണന്റെയും അഞ്ചേരി മോഹനന്റെയും നേതൃത്വത്തിൽ വളർക്കാവ് ദേവസ്വം ഭാരവാഹികളുടെ സഹകരണത്തോടെ ക്ഷേത്രം ഓഡിറ്റോറിയത്തിൽ നടന്ന മെഡിക്കൽ ക്യാമ്പും നല്ല വിജയമായിരുന്നു. എങ്കിലും മുൻ വർഷങ്ങളെ അപേക്ഷിച്ചു രോഗികൾ കുറവായിരുന്നു. അടുത്ത വർഷം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമ്പോൾ കുറെ കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഓണാഘോഷം കഴിഞ്ഞതോടെ യുവജനങ്ങൾക്ക് ഏറെ താല്പര്യമായിട്ടുണ്ട്. അതിനാൽ അധികം താമസിയാതെ തന്നെ നമുക്ക് ഒരു സർഗ്ഗോത്സവം നടത്താവുന്നതാണ് എന്നും അഭിപ്രായപ്പെട്ടു. ചികിത്സാ സഹായവുമായി ബന്ധപ്പെട്ട് നമ്മൾ ഈയിടെ രണ്ട് പേരുടെ അപേക്ഷകൾ കണക്കിലെടുത്ത് പരമാവധി സഹായം ചെയ്തു എന്നും ഇപ്പോഴും അതു തുടരുന്നു എന്നും ശ്രീ. രാമചന്ദ്ര പിഷാരോടി അറിയിച്ചു. അതിൽ ഒരാൾ ഈ ലോകം വിട്ടുപോയി. മറ്റേയാൾ ഇപ്പോഴും ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്നു. അവരുടെ ചികിത്സയിലേക്ക് സംഭാവന ചെയ്ത ശ്രീമതി സുശീല പിഷാരസ്യാർ (2,000 രൂപ), മുൻ ഐ.എഫ്.എസ്. അംബാസിഡർ (റിട്ട.) ശ്രീ. കെ.പി. ബാലകൃഷ്ണൻ (20,000 രൂപ) എന്നിവരെ നന്ദിയോടെ പരമാർശിച്ചു. ശ്രീ. മോഹന കൃഷ്ണൻ മുഖാന്തിരം ഹോസ്പിറ്റൽ അധികൃതർ 7,000 രൂപ ഇളവ് കൊടുത്തതിന് ശ്രീ. മോഹനകൃഷ്ണനോട് നന്ദി അറിയിച്ചു. ചികിത്സാ സഹായം കൂടാതെ മറ്റു സാമ്പത്തിക സഹായങ്ങൾക്കുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. വല്ലച്ചിറ സ്ഥലത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും അതിൽ നമ്മൾ എടുക്കേണ്ട തീരുമാനത്തെ കുറിച്ചും അദ്ദേഹം ഓർമ്മിപ്പിച്ചു. ഗുരുവായൂർ ഗസ്റ്റ് ഹൌസ് ഇപ്പോൾ ടാക്സ് കൊടുക്കത്ത വിധം ലാഭത്തിൽ ആണ് പോകുന്നതെന്നും അവിടെ ഈയിടെ സംഘടിപ്പിച്ച അംഗങ്ങളുടെ യോഗം ശ്രദ്ധേയമായി എന്നും വന്ന കുടുംബങ്ങൾക്കെല്ലാം സമ്മാനം നൽകി എന്നും അറിയിക്കാൻ സന്തോഷമുണ്ട് എന്നും ശ്രീ. രാമചന്ദ്ര പിഷാരോടി അറിയിച്ചു.

കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ തന്റെ ഭാഷണത്തിൽ സമാജം പ്രവർത്തനങ്ങൾ വളരെ ഗംഭീരമായി തന്നെ മുന്നോട്ട് പോകുന്നു എന്ന് അഭിമാനത്തോടെ തന്നെ പറയാൻ സന്തോഷമുണ്ടെന്ന് അറിയിച്ചു. നമ്മുടെ ചിരകാല അഭിലാഷമായിരുന്ന തുളസീദളം പ്രഥമ സാഹിത്യ പുരസ്ക്കാരം പ്രശസ്ത സാഹിത്യകാരനായ ശ്രീ. സി. രാധാകൃഷ്ണന് സമർപ്പിക്കാൻ കഴിഞ്ഞു എന്നതാണ് അവയിൽ ആദ്യമായി സൂചിപ്പിക്കേണ്ടത്. 136 പേർ അന്ന് പങ്കെടുത്തിരുന്നു. അത് പോലെ തന്നെ വിദ്യാഭ്യാസ പുരസ്ക്കാര വിതരണവും ഒരു ആഘോഷം തന്നെയായി മാറി. ഇതിനെല്ലാം പിറകിൽ നിന്ന് ചന്ദ്രേട്ടൻ നിശബ്ദമായി നൽകിയ വലിയ സഹായവും സഹകരണവുമാണ് ഈ വൻ വിജയത്തിന്റെ പ്രധാന കാരണം എന്ന് പറയാതെ വയ്യ. തൃശൂർ ശാഖയുടെ ഈ വർഷത്തെ ഓണാഘോഷപ്പരിപാടികൾ യുവജനങ്ങളുടെ നിർല്ലോഭമായ സഹകരണങ്ങൾ മൂ

ലം നിത്യ സ്മരണീയമായി. യുവജനങ്ങളുടെ ഈ സഹകരണ കൂട്ടായ്മയെ ബന്ധപ്പെടുത്തിക്കൊണ്ട് തന്നെ അധികം താമസിയാതെ വീണ്ടും ഒരു സർഗ്ഗോത്സവം സംഘടിപ്പിക്കേണ്ടതുണ്ട്. അതിന് തൃശൂർ ശാഖ തന്നെ മുൻകൈ എടുക്കണം. കഴിഞ്ഞ വർഷം വളരെ വിജയകരമായി നടന്ന ജ്യോതിർഗമയ വീണ്ടും ഈ വർഷം നടത്തേണ്ട സമയമായി. വല്ലച്ചിറ ട്രസ്റ്റ് പ്രവർത്തനങ്ങളെ പറ്റിയും ശ്രീ. ഗോപകുമാർ പരമാർശിച്ചു. അവിടത്തെ സ്ഥലം എന്ത് ചെയ്യണമെന്ന് നമ്മൾ എല്ലാവരും ചേർന്നുള്ള ചർച്ചയിൽ തീരുമാനമെടുക്കണം എന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് ശ്രീ. പി. കരുണാകരപിഷാരോടിയെ (ചെന്നൈ) ശ്രീ. എ. രാമചന്ദ്ര പിഷാരോടി സദസ്സിന് പരിചയപ്പെടുത്തി. ചുരുങ്ങിയ വാചകങ്ങളിൽ ശ്രീ. കരുണാകര പിഷാരോടി ശാഖക്ക് നന്ദിയും ആശംസകളും പറഞ്ഞു. യോഗത്തിൽ വെച്ച് പുതുതായി ഉണ്ടാക്കിയ ശാഖ ചികിത്സാ സഹായ ഫണ്ടിലേക്ക് ശ്രീ. കരുണാകര പിഷാരോടി 10,000 രൂപ സംഭാവന നൽകി. കൂടാതെ ശ്രീ. ആർ. ശ്രീധരൻ (5,000), ശ്രീ. ജി.പി. നാരായണൻ കുട്ടി (5,000), ശ്രീ. വിനോദ് കൃഷ്ണൻ (2,000) എന്നിവരും സംഭാവന ചെയ്തു.

ഗുരുവായൂർ ഗസ്റ്റ് ഹൌസ് ട്രഷറർ ശ്രീ. എ. പി. ഗോപി ഗസ്റ്റ് ഹൌസ് പ്രവർത്തനങ്ങൾ വളരെ നന്നായി പോകുന്നുണ്ട് എന്നഭിപ്രായപ്പെട്ടു.

സെപ്റ്റംബർ 29ന് തൃശൂർ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ വെച്ച് നടന്ന തുളസീദളം സാഹിത്യ പുരസ്ക്കാര വിജയത്തെ പറ്റിയും അതിൽ ചന്ദ്രേട്ടൻ ചെയ്തു തന്ന വലിയ സഹായത്തെ പറ്റിയും തുളസീദളം പത്രാധിപർ ശ്രീ. ഗോപൻ പഴുവിൽ നന്ദിയോടെ സ്മരിച്ചു. ശ്രീ. രവികുമാർ പിഷാരോടിയുടെ നന്ദിയോടെ യോഗം 1 മണിക്ക് അവസാനിച്ചു. അടുത്ത യോഗം നവംബർ 17 ഞായറാഴ്ച്ച ഉച്ച തിരിഞ്ഞ് 3.30 ന് ജനറൽ സെക്രട്ടറി ശ്രീ. കെ. പി. ഗോപകുമാറിന്റെ തൃശൂർ കാനാട്ടുകര പിഷാരം ഭവനത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

അഡ്രസ്സ്:- കെ.പി. ഗോപകുമാർ, പിഷാരം, 23/274 പന്തളത്ത് ലൈൻ, കാനാട്ടുകര, തൃശൂർ. ഫോൺ: 0487-2385983, 9447085983.

* * * * * * * * * * * * * * *

20-10-2024 ന് നടന്ന തൃശൂർ ശാഖ യോഗത്തിൽ വിട്ടുപോയ ചില പ്രധാന വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതിലേക്കായി 24-10-2024 ന് പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി ചേർന്ന അടിയന്തിര യോഗത്തിൽ മൗന പ്രാർത്ഥനക്ക് ശേഷം വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി ഏവർക്കും സ്വാഗതം പറഞ്ഞു. ഒരു സമുദായത്തിന്റെ പേരിലും കേരള സംഗീത നാടക അക്കാദമിയിൽ സംഘടനകൾ രെജിസ്റ്റർ ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാൽ സ്വതന്ത്രമായ ഒരു കലാ സാംസ്കാരിക സമിതിയെപ്പറ്റി നാം ചിന്തിക്കേണ്ടതുണ്ട്, വർഷങ്ങളായി കഴക പ്രവർത്തി മാത്രം എടുത്ത് ഉപജീവനം നടത്തുന്ന അംഗങ്ങളെ ആദരിക്കൽ, വിവാഹ ജീവിതത്തിൽ 50 വർഷം പൂർത്തിയായ ദമ്പതികളെ ആദരിക്കൽ തുടങ്ങിയവ ചർച്ച ചെയ്യേണ്ടതുണ്ടെന്ന് അറിയിച്ചു.

ആത്മ ഫൗണ്ടേഷനും സരോജ മൾട്ടി സ്പെഷ്യലിറ്റി ഹോസ്പിറ്റലും സംയുക്തമായി Family Harmony in Life എന്ന പേരിൽ സവർണ്ണ സമുദായത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഗുരുതരമായ ദാമ്പത്യ പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനായി ഡിസംബർ 25 ന് ദമ്പതികളെ പങ്കെടുപ്പിച്ചു കൊണ്ട് വിദഗ്ദരായ കൗൺസിലേഴ്സിന്റെ ക്ലാസ്സോടുകൂടി ഒരു സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടെന്നും യോഗക്ഷേമസഭ, ബ്രാഹ്മണ സഭ തുടങ്ങി വിവിധ സംഘടനകൾ ഇതിനകം ചേർന്ന് കഴിഞ്ഞിട്ടുണ്ടെന്നും അതിൽ ചേരുന്നത് വളരെ നല്ലതാണ് എന്നും അറിയിച്ചു. പരമാവധി പത്ത് ദമ്പതികൾക്ക് മാത്രമാണ് അവസരം ലഭിക്കുന്നതെന്നും അറിയിച്ചു.

തുടർന്ന് ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. ചർച്ചയിൽ സർവ്വശ്രീ കെ.പി. ഹരികൃഷ്ണൻ, കെ.പി. ഗോപകുമാർ, ആർ.പി. രഘുനന്ദനൻ, സി.പി. അച്യുതൻ, എ.പി. ജയദേവൻ, കലാനിലയം അനിൽകുമാർ, വിനോദ് കൃഷ്ണൻ, ഗോപൻ പഴുവിൽ എന്നിവർ പങ്കെടുത്തു.

തുടർച്ചയായി 25 വർഷം കഴക പ്രവർത്തി മാത്രം ചെയ്ത് ഉപജീവനം കഴിക്കുന്ന അംഗങ്ങളെ ആദരിക്കാൻ തീരുമാനമെടുത്തു. വിവാഹ ജീവിതത്തിൽ 50 വർഷത്തിനും അതിനു മേലെയും പൂർത്തിയാക്കിയ ദമ്പതികളെ ആദരിക്കാൻ തീരുമാനിച്ചു. Family Harmony in Life എന്ന സെമിനാറിൽ ശാഖയിൽ നിന്നും 5 ദമ്പതികളെ പങ്കെടുപ്പിക്കാൻ തീരുമാനമായി. സ്വതന്ത്ര അമേച്ചർ കലാസമിതി രൂപീകരണം കൂടുതൽ വിവരങ്ങൾക്കും ചർച്ചകൾക്കും ശേഷം പിന്നീട് നടത്താമെന്ന് തീരുമാനിച്ചു. ശ്രീ. ആർ.പി. രഘുനന്ദനന്റെ നന്ദിയോടെ യോഗം സമാപിച്ചു. ●

# ആദരാഞ്ജലികൾ

## ഇന്ദിര പിഷാരസ്യാർ

ഏറ്റുമാനൂർ ഓണംതുരുത്ത് ഓയ്ക്കമഠം പിഷാരത്ത് ഇന്ദിര പിഷാരസ്യാർ (88 – ശ്രീനിലയം, അളഗപ്പ നഗർ) 04-10-2024നു നിത്യതയായി. ഭർത്താവ്: മാപ്രാണം പുത്തൻ പിഷാരത്ത് പരേതനായ രാമൻകുട്ടി പിഷാരോടി. മക്കൾ: ഡോ. അജയകുമാർ, ഡോ. അനിത. മരുമക്കൾ: സന്ധ്യ കെ., ബാബുരാജ് കെ.എൻ.

## കെ.പി. ഹരിദാസ്

വല്ലപ്പുഴ കിഴീട്ടിൽ പിഷാരത്ത് ഹരിദാസ് (82) 09-10-2024നു മുംബൈ ബേലാപ്പൂരിൽ നിര്യാതനായി. ഭാര്യ; പ്രസന്ന ഹരിദാസ്. മക്കൾ: പ്രിയ, പ്രീത. മരുമക്കൾ: വിജയ് മണ്ഡലിയ, രാജൻ പിഷാരോടി.

## ടി.പി. ശേഖര പിഷാരോടി

തൃക്കോവിൽ പിഷാരത്ത് ശേഖര പിഷാരോടി (80 – മുൻ വടക്കാഞ്ചേരി ശാഖാ രക്ഷാധികാരിയും, പ്രസിഡണ്ടും) 12-10-2024 നു നിര്യാതനായി. ഭാര്യ: മണ്ണാർക്കാട് ഗോവിന്ദ പുരത്ത് പിഷാരത്ത് രാധാലക്ഷ്മി. മക്കൾ: രാജേഷ്, വന്ദന, ഗീത. മരുമക്കൾ: അജിത, പ്രസാദ്, രാജീവ്. സഹോദരങ്ങൾ: ടി.പി. വാസുദേവൻ, നന്ദിനി.

## ശ്രീദേവി പിഷാരസ്യാർ

തിപ്പല്ലൂർ പിഷാരത്ത് ശ്രീദേവി പിഷാരസ്യാർ (94), 12-10-2024നു നിര്യാതയായി. ഭർത്താവ്: പോർക്കുളം പുതുമനശ്ശേരി പിഷാരത്ത് പരേതനായ കൃഷ്ണ പിഷാരോടി. മക്കൾ: രാധ, ഉണ്ണികൃഷ്ണൻ, വേണുഗോപാലൻ. മരുമക്കൾ: കുട്ടി, സുമ.

## ടി.വി. രുഗ്മിണി അമ്മ

ചെറുകുന്ന് നടുവിൽ തെക്കേ വീട് പിഷാരത്ത് ടി.വി. രുഗ്മിണി അമ്മ (91) 15-10-2024നു നിര്യാതയായി. ഭർത്താവ്: കല്ലൂർ വീട്ടിൽ പരേതനായ കൃഷ്ണ പിഷാരോടി. മക്കൾ: ടി.വി. ഹരിദാസൻ, അഡ്വ. ടി.വി. മണിപ്രസാദ് (മുംബൈ ശാഖാ സെക്രട്ടറി), മരുമക്കൾ: കെ.പി. സുധാദേവി, ആശ മണിപ്രസാദ്. സഹോദരങ്ങൾ: പരേതനായ ടി.വി. പത്മനാഭൻ, പരേതയായ ടി.പി. ശ്രീദേവി പിഷാരസ്യാർ, പരേതനായ ടി.പി. പത്മാവതി പിഷാരസ്യാർ, ടി.വി. ബാലകൃഷ്ണൻ, ടി.വി. ഗംഗാധരൻ, ടി.വി. ചന്ദ്രശേഖരൻ, എൻ.വി. കേശവൻ.

## സത്യഭാമ പിഷാരസ്യാർ

പുഞ്ചപ്പാടം വടക്കേപ്പാട്ട് പുത്തൻ പിഷാരത്ത് സത്യഭാമ പിഷാരസ്യാർ (89) 19-10-2024നു നിര്യാതയായി. ഭർത്താവ്: ചിറ്റാരി പിഷാരത്ത് പരേതനായ ഗോപാല പിഷാരോടി. മക്കൾ: രാധ, ഉഷ. മരുമക്കൾ: കാവിൽ പിഷാരത്ത് പരേതനായ രാധാകൃഷ്ണൻ, തൊണ്ടിയന്നൂർ പിഷാരത്ത് നാരായണൻ

## ശാന്ത പിഷാരസ്യാർ

കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് ശാന്ത പിഷാരസ്യാർ (84) 19-10-2024നു തോലനൂർ പിഷാരത്ത് നിത്യതയായി. ഭർത്താവ്: പരേതനായ ശങ്കര അയ്യർ. മകൻ: പ്രശാന്ത്. മരുമകൾ: രജിത.

## ഗോപാല പിഷാരോടി

വടമ വാസുപുരത്ത് പിഷാരത്ത് ഗോപാല പിഷാരോടി (74) 23-10-2024നു നിര്യാതനായി. ഭാര്യ: കൊടുങ്ങ പിഷാരത്ത് ചന്ദ്രിക പിഷാരസ്യാർ. മക്കൾ: വാണി, വീണ.

## ടി.ആർ. ഹരിചന്ദ്രൻ

പഴയന്നൂർ വടക്കൂട്ട് പിഷാരത്ത്, ചിത്രകൂടത്തിൽ ടി.ആർ. ഹരിചന്ദ്രൻ (ഹരിക്കുട്ടി-76) 23-10-2024നു ബാംഗളൂരിൽ നിര്യാതനായി. മക്കൾ: സുജയ്, സുജിത്. മരുമക്കൾ: സുചിത, സരിത.

## രമാദേവി

പരക്കാട്ട് പിഷാരത്ത് രമാദേവി (61) 30-10-2024നു നിര്യാതയായി. ഭർത്താവ്: തിപ്പല്ലൂർ പിഷാരത്ത് മുകുന്ദൻ. സഹോദരങ്ങൾ: രാമൻകുട്ടി, രുഗ്മിണി ദേവേശൻ, ദേവി രാമൻ, സരസ്വതി രാധാകൃഷ്ണൻ.

## ദേവകി പിഷാരസ്യാർ കെ.പി.

കൂറ്റനാട് കാലടി പിഷാരത്ത് ദേവകി പിഷാരസ്യാർ (അമ്മു-83) 31-10-2024നു ബംഗളൂരുവിൽ നിര്യാതയായി. ഭർത്താവ്: കിഴീട്ടിൽ പിഷാരത്ത് പരേതനായ ഭരതപിഷാരോടി. മക്കൾ; ഇന്ദിര, നളിനി, പരേതനായ ഗോപിനാഥൻ.

# ആദരാഞ്ജലികൾ



## ടി.വി. രുഗ്മിണി പിഷാരസ്യാർ (91)

**നടുവിൽ തെക്കേ വീട് പിഷാരം, ചെറുകുന്ന്, കണ്ണൂർ.**

01.08.1933 – 15.10.2024

| | | |
|---|---|---|
| ഭർത്താവ് | : | പരേതനായ കെ.വി. കൃഷ്ണപിഷാരടി |
| മക്കൾ | : | ടി.വി. ഹരിദാസ്, ടി.വി മണിപ്രസാദ്. |
| മരുമക്കൾ | : | കെ.പി. സുധാ ദേവി, ആശ മണിപ്രസാദ് |
| സഹോദരങ്ങൾ | : | ടി.വി. പദ്മനാഭൻ (Late), ടി.പി. ശ്രീദേവി പിഷാരസ്യാർ (Late)<br>ടി.പി. പത്മാവതി പിഷാരസ്യാർ (Late), ടി.വി ബാലകൃഷ്ണ പിഷാരടി,<br>ടി.വി. ഗംഗാധരൻ, ടി.വി. ചന്ദ്രശേഖരൻ, എൻ.വി. കേശവൻ |

THULASEDALAM

RNI Reg: No.36078/1981
Published on 07-11-2024

Posted at RMS, Thrissur

November 2024, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy